2020 മാർച്ച്
21
ശനി
1195 മീനം 8

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ റായ്പുർ
www.metrovaartha.com
12 പേജ് ₹ 7.00
KOZHIKODE

ഗായിക കനിക കപൂറിന് കൊവിഡ്

ന്യൂഡൽഹി: ഗായിക കനിക കപൂറിനെ കൊവിഡ് 19 പോസിറ്റീവ് ആയി ലക്നൗ കിങ് ജോർജ്സ് മെഡിക്കൽ യൂണിവേഴ്സിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവർ പങ്കെടുത്ത ഒട്ടേറെ പരിപാടികളിൽ പങ്കെടുത്തവരെല്ലാം നിരീക്ഷണത്തിലാണിപ്പോൾ.

ലണ്ടനിൽ നിന്ന് തിരിച്ചെത്തിയ കനിക ഈ വിവരം മറച്ചുവച്ചാണ് എല്ലായിടത്തും എത്തിയത്. ലക്നൗവിൽ ഇന്റീരിയർ ഡിസൈനറായ ആദിൽ അഹമ്മദ് സംഘടിപ്പിച്ച ഒരു പാർട്ടിയിൽ കനിക പങ്കെടുത്തപ്പോൾ അവിടെ രാജസ്ഥാൻ മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ വസുന്ധര രാജെസിന്ധ്യയും മകൻ ദുഷ്യന്ത് സിങ് എംപിയും സന്നിഹിതരായിരുന്നു. ഇരുവരും വീട്ടിലെ നിരീക്ഷണത്തിൽ പ്രവേശിച്ചു.

ദുഷ്യന്ത് സിങ് അതിനുശേഷം പാർലമെന്റിന്റെ സെൻട്രൽ ഹാളിലെത്തുകയും രാഷ്ട്രപതി ഭവനിലെ ഒരു ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. എന്നാൽ ദുഷ്യന്തുമായി ആരും ശാരീരിക സ്പർശം നടത്തിയിട്ടില്ലെന്നും ഹസ്തദാനം മാത്രമാണ് എല്ലായിടത്തും ഉണ്ടായതെന്നും പറയുന്നു.

കൊറോണ ബാധിതർ
2,59,174
മരണം
10,546
രോഗം ഭേദമായവർ
89,922
ഇന്ത്യ: രോഗബാധിതർ
249
മരണം
04

12 പേർക്ക് കൂടി കൊറോണ

സംസ്ഥാനത്ത് 44,390 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ മാത്രം 12 പേർക്ക് കൂടി പുതുതായി കോവിഡ് 19 സ്ഥിരീകരിച്ചു. രോഗബാധ ആരംഭിച്ചശേഷം ഇതാദ്യമായാണ് ഇത്രയേറെപ്പേർക്ക് ഒറ്റദിവസം രോഗബാധ സ്ഥിരീകരിക്കുന്നത്. ഇവരിൽ അഞ്ചുപേർ ബ്രിട്ടീഷ് പൗരന്മാരാണ്. ആറുപേർ കാർസർഗോഡ് ജില്ലക്കാർ. ഒരാൾ പാലക്കാട് ജില്ലയിലുള്ളയാൾ.

ഇതോടെ കേരളത്തിൽ ആകെ 40 പേർക്ക് കൊറോണ രോഗബാധയുണ്ടായി. മൂന്നുപേർ തുടക്കത്തിലേ രോഗമുക്തി നേടിയിരുന്നു. 37 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. മൂന്നാറിൽ നിന്നു നെടുമ്പാശേരി വിമാനത്താവളത്തിലേക്ക് ഒളിച്ചുകടക്കാൻ ശ്രമിക്കവെ പിടിക്കപ്പെട്ട 17 അംഗ ബ്രിട്ടീഷ് ടൂറിസ്റ്റ് സംഘത്തിലുള്ള അഞ്ചുപേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. ഇവരിലൊരാൾക്കു നേരത്തേ രോഗം സ്ഥിരീകരിച്ചിരുന്നു.

പാലക്കാട് ജില്ലയിലുള്ളയാൾ വിദേശത്തുനിന്നെത്തി എറണാകുളം കളമശേരി മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിലായിരുന്നു. കാസർഗോഡ് സ്വദേശിയായ പ്രവാസി കരിപ്പൂരിൽ വിമാനമിറങ്ങിയശേഷം സർക്കാർ നിർദേശങ്ങളൊന്നും പാലിക്കാത്തതാണ് ആറു പേർക്കു രോഗം പകരുന്ന നിലയിലേക്കു സ്ഥിതി വഷളാക്കിയത്. കരിപ്പൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെല്ലാം പൊതുജനങ്ങളുമായി ഇടപഴകി. പൊതുപരിപാടികൾ, ഫുട്ബോൾ മത്സരം എന്നിവയിൽ പങ്കെടുത്തു. ക്ലബ്ബിലെത്തി, വീട്ടിൽ ചടങ്ങ് സംഘടിപ്പിച്ചു, വിവാഹങ്ങളിൽ പങ്കെടുത്തു. ഇയാളുമായി സമ്പർക്കത്തിലേർപ്പെട്ട എംഎൽഎമാരായ എൻ.എ. നെല്ലിക്കുന്ന്, എം.സി. ഖമറുദ്ദീൻ എന്നിവർ നിരീക്ഷണത്തിലാണിപ്പോൾ.

വിവിധ ജില്ലകളിലായി 44,390 പേർ നിരീക്ഷണത്തിലാണ്- 44,165 പേർ വീടുകളിലും 225 പേർ ആശുപത്രികളിലും. 56 പേരെ ഇന്നലെ ആശുപത്രികളിലും 13,632 പേരെ വീടുകളിലും നിരീക്ഷണത്തിലാക്കി. 5,570 പേരെ ഇന്നലെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി.

സംസ്ഥാനത്തെ 22 സ്വകാര്യ മെഡിക്കൽ കോളെജുകളിലെ 4,400 സിംഗിൾ റൂമുകൾ കൊറോണ കെയർ സെന്ററുകളാക്കാൻ സമ്മതിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വഴിയില്ല, നിയന്ത്രണമല്ലാതെ...
ഇന്നലെ വൈകിട്ട് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് ദർബാർ ഹാളിനു പുറത്ത് വാർത്താസമ്മേളന വേദിയിലേക്ക് ഓഫിസിൽ നിന്നും നടന്നെത്തുന്ന മുഖ്യമന്ത്രി പിണറായി വിജയൻ. റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ സമീപം. - കെ.ബി. ജയചന്ദ്രൻ

ജനതാ കർഫ്യൂ സംസ്ഥാനത്തും, ബസും മെട്രോയും ഓടില്ല

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച നാളത്തെ ജനതാ കർഫ്യൂ സംസ്ഥാന സർക്കാർ പൂർണമായും ഏറ്റെടുത്തു നടപ്പാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കെഎസ്ആർടിസി, കൊച്ചി മെട്രോ എന്നിവ ഓടില്ല. കൊറോണ പ്രതിരോധം സംബന്ധിച്ച കേന്ദ്രനിർദേശങ്ങൾ എല്ലാവരും പാലിക്കണം. ഈ ദിവസം വീട്ടുകാരെല്ലാം കൂടിച്ചേർന്ന് അവരുടെ വീടുകളുടെ പരിസരം വൃത്തിയാക്കണമെന്നു മുഖ്യമന്ത്രി അഭ്യർഥിച്ചു.

പ്രധാനമന്ത്രിയുടെ വീഡിയൊ കോൺഫറൻസിൽ മുഖ്യമന്ത്രി ഇതാദ്യമായി ഇന്നലെ പങ്കെടുത്തു. തൊഴിലുറപ്പ് ദിവസങ്ങൾ നൂറിൽ നിന്ന് 150 ആയി വർധിപ്പിക്കണമെന്നും കൂലിയിൽ 50 രൂപയുടെയെങ്കിലും വർധന വരുത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാനത്തിനുള്ള വായ്പാ പരിധി ഉയർത്തണം, കൂടുതൽ കൊവിഡ് 19 വൈറസ് പരിശോധനാ ലബോറട്ടറികൾക്ക് അനുവാദം വേണം- മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

മരുന്നുവിതരണക്കാരുമായും കച്ചവടക്കാരുമായി ചർച്ച ചെയ്യണമെന്ന പ്രധാനമന്ത്രിയുടെ നിർദേശം സ്വീകരിക്കുമെന്നും പിണറായി പറഞ്ഞു.

ഒരുമിച്ച് ഏറ്റെടുക്കാം ഈ വെല്ലുവിളി

ചൈനയിലെ വുഹാൻ നഗരത്തിൽ നിന്നു പടർന്ന കൊറോണ വൈറസ് ഇന്ന് ലോകത്തിലെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും കൊടിയ വിപത്തായി മാറിക്കഴിഞ്ഞു. ഈ മഹാമാരി ഉയർത്തുന്ന വെല്ലുവിളിക്കു മുന്നിൽ ലോകത്തിലെ മഹാശക്തികൾ ഒന്നൊന്നായി നിസഹായതയോടെ മുട്ടുമടക്കുന്ന കാഴ്ച ദയനീയമാണ്. പ്രഭവസ്ഥാനമായ ചൈനയിൽ രോഗം അടങ്ങിയിട്ടുണ്ടെങ്കിലും മറ്റു പല രാജ്യങ്ങളിലും, പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ, മരണസംഖ്യയും രോഗവ്യാപനവും കുതിക്കുകയാണ്.

ഇന്ത്യയിൽ കൊവിഡ്-19 രൂക്ഷമായ നിലയിലേക്ക് ഇതുവരെ എത്തിയിട്ടില്ല എന്നത് ആശ്വാസകരമാണ്. എന്നാൽ അതു രോഗത്തെ നിസാരവത്കരിക്കുന്നതിനു കാരണമാകരുത്. കൊവിഡ് രോഗബാധയുള്ള രാജ്യങ്ങളിൽ നിന്നെത്തിയ രോഗികളെയാണ് ആദ്യഘട്ടത്തിൽ കണ്ടത്. ആദ്യം ചൈനയിൽ നിന്നു മടങ്ങിവന്ന വിദ്യാർഥികൾ. പിന്നീട് ഇറാനിൽ നിന്നും ഇറ്റലിയുൾപ്പെടെയുള്ള രാജങ്ങളിൽ നിന്നു രോഗവുമായി എത്തിയവർ. ഇവരിൽ നിന്നു രോഗം പകർന്നു കിട്ടിയ ബന്ധുക്കളാണ് ഇപ്പോൾ ആശുപത്രികളിലും വീടുകളിലും നിരീക്ഷണത്തിൽ കഴിയുന്നത്.

ജനങ്ങളിൽ പകുതിയും ഗ്രാമാന്തരീക്ഷത്തിൽ വസിക്കുന്ന ഇന്ത്യ ഭയക്കുന്നത് രോഗം സ്വദേശം വിട്ട് ഒരു അന്യദേശത്തും പോയിട്ടില്ലാത്തവർക്കു വരുന്നതിനെയാണ്. അങ്ങനെയുണ്ടായാൽ രോഗം ആരിൽനിന്ന് ആരിലേക്കെല്ലാം പകരാം എന്നതിനെ കുറിച്ചുപോലും ധാരണയില്ലാതാവുകയും രോഗത്തെ പ്രതിരോധിക്കാൻ കഴിയാതെ വരികയും ചെയ്യും. നമുക്കാർക്കും രോഗം വരില്ലെന്ന അമിതവിശ്വാസം നമ്മെ അപകടത്തിലാക്കാതിരിക്കുന്നതിന് കൃത്യമായ മുന്നൊരുക്കങ്ങൾ ആവശ്യമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുഖ്യമന്ത്രി പിണറായി വിജയനും മറ്റും ഇതിനു നൽകുന്ന നിർദേശങ്ങൾ വലിയൊരു വിപത്തിൽ നിന്നു സമൂഹത്തെ രക്ഷിക്കുന്നതിനുള്ളതാണ്.

അതു മനസിലാക്കി രോഗം പടരാനുള്ള ചെറിയ സാധ്യത തന്നെ ഇല്ലാതാക്കുകയെന്നതാണ് പൗരന്മാരെന്ന നിലയിൽ നമ്മുടെ കടമ.

കൊവിഡിൽ നിന്നു സ്വയം രക്ഷിക്കുക മാത്രമല്ല, ചുറ്റുമുള്ളവരെക്കൂടി രക്ഷപ്പെടുത്താനും സാധിക്കണം. അത് നാടിനെത്തന്നെ രക്ഷിക്കും. ലോകത്തിനു മാതൃകയാവുകയും ചെയ്യും. നാം ഓരോരുത്തരും ചെയ്യുന്ന ചെറിയ കാര്യങ്ങൾക്കു പോലും വലിയ മാറ്റങ്ങൾ കൊണ്ടുവരാനാകും. ചികിത്സയും മരുന്നും ഇനിയും കണ്ടെത്തിയിട്ടില്ലാത്തതിനാൽ രോഗബാധ വരാതെയും പടരാതെയും സൂക്ഷിക്കുക എന്നതാണു പ്രധാനം. ആൾക്കൂട്ടങ്ങളും ആഘോഷങ്ങളും ഒഴിവാക്കിയതായി പ്രഖ്യാപനം നടത്തിയതുകൊണ്ടു കാര്യമില്ല, അതു പാലിക്കുക കൂടി ചെയ്താൽ മാത്രമേ രോഗാണുവിന്റെ വ്യാപനച്ചങ്ങല തകർക്കാൻ സാധിക്കൂ. അതിന് തത്കാലത്തേക്കെങ്കിലും ആൾക്കൂട്ടങ്ങളിൽ ചേരാതിരിക്കുകയും വീടുകളിൽ നിന്നു കഴിവതും പുറത്തിറങ്ങാതിരിക്കുകയും വേണം.

ക്ഷമയോടെ, നിശ്ചയ ദാർഢ്യത്തോടെ ഈ രോഗത്തെ തോൽപ്പിക്കുന്നതിനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ജനതാ കർഫ്യൂവിന് ആഹ്വാനം ചെയ്തിരിക്കുന്നത്. ഇത് ഒരു പരീക്ഷയും പരീക്ഷണവുമാണ്. രാവിലെ ഏഴു മണി മുതൽ രാത്രി ഒൻപതു മണി വരെയുള്ള നിർണായക സമയം, രോഗത്തിനു കീഴടങ്ങുന്നതിനു പകരം അതിൽ നിന്നു മുക്തി നേടുന്ന ജനതയെന്ന് സ്വയം വിളംബരം ചെയ്യാനുള്ള സന്ദർഭമാണ്. മാനവികതയുടെ വിജയഭേരി മുഴക്കുവാൻ ജനതയ്ക്കു ലഭിച്ച അവസരം. അതു ധീരമായി, ക്ഷമയോടെ, ഏകമനസ്സോടെ ഉപയോഗിക്കണം. നിപ്പ വൈറസ് ബാധയെ ചെറുക്കുന്നതിനിടയിൽ ജീവൻ വെടിഞ്ഞ ലിനി എന്ന നഴ്സ് മലയാളിയുടെ മുന്നിലുണ്ട്. അവരെപ്പോലെ നിസ്വാർഥമതികളും ത്യാഗസന്നദ്ധരുമായ ആയിരങ്ങൾക്കുള്ള നന്ദി കൂടിയാകട്ടെ, നാളെ മുഴങ്ങുന്ന കൈയടി.

ആരോഗ്യത്തോടെയിരിക്കുക.,

ശ്രീകാന്ത് ഭാസി, ചെയർമാൻ

ഒടുവിൽ തൂക്കുകയർ

നിർഭയ കേസിലെ നാലു പ്രതികളെയും ഇന്നലെ പുലർച്ചെ അഞ്ചരയ്ക്ക് തിഹാർ ജയിലിൽ തൂക്കിലേറ്റി

ന്യൂഡൽഹി: നിയമക്കുരുക്കുകൾ സൃഷ്ടിച്ചു ശിക്ഷ ഒഴിവാക്കാൻ ഇന്നലെ പുലർച്ചെ വരെയും നടത്തിയ ശ്രമങ്ങൾക്കൊടുവിൽ നിർഭയ കേസ് പ്രതികൾക്കു തൂക്കുകയർ. രാജ്യത്തെ നടുക്കിയ ബലാത്സംഗ, കൊലപാതകക്കേസിലെ പ്രതികളായ മുകേഷ് കുമാർ സിങ് (32), പവൻ ഗുപ്ത (25), വിനയ് ശർമ (26), അക്ഷയ് കുമാർ സിങ് (31) എന്നിവരെ ഇന്നലെ പുലർച്ചെ അഞ്ചരയ്ക്ക് തിഹാർ ജയിലിൽ തൂക്കിലേറ്റി. ദീൻ ദയാൽ ആശുപത്രിയിൽ പോസ്റ്റ് മോർട്ടത്തിനു ശേഷം വിട്ടുകൊടുത്ത മൃതദേഹങ്ങൾ ബന്ധുക്കൾ ഏറ്റുവാങ്ങി.

അക്ഷയ് കുമാർ സിങ്ങിന്റെ മൃതദേഹം ജന്മനാടായ ബിഹാറിലെ ഔറംഗാബാദ് ഗ്രാമത്തിലാണു സംസ്കരിക്കുക. മുകേഷിന്റെ മൃതദേഹം രാജസ്ഥാനിലേക്കു കൊണ്ടുപോയി. പവന്റെയും വിനയ് ശർമയുടെയും മൃതദേഹങ്ങൾ ഡൽഹി ആർകെ പുരത്തെ രവിദാസ് ക്യാംപ് കോളനിയിലേക്കു കൊണ്ടുപോയി. മൃതദേഹങ്ങൾ കൊണ്ടുപോകുന്നതു കണക്കിലെടുത്തു വൻ സുരക്ഷാ സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ട്.

തിഹാർ ജയിലിന്റെ ചരിത്രത്തിലാദ്യമായി നാലു പേരുടെ ശിക്ഷ ഒന്നിച്ചു നടപ്പാക്കിയപ്പോൾ ആരാച്ചാർ പവൻ ജല്ലാദാണ് ദൗത്യം നിർവഹിച്ചത്. ശിക്ഷ നടപ്പാക്കിയതു സ്ഥിരീകരിച്ചതോടെ ഡൽഹിയിൽ വനിതാ സംഘടനകളുൾപ്പെടെ ആഹ്ലാദപ്രകടനവും മധുര പലഹാര വിതരണവും നടത്തി. മകൾക്കു നീതി ലഭിച്ചെന്ന് നിർഭയയുടെ അച്ഛൻ ബദരിനാഥും അമ്മ ആശാ ദേവിയും പ്രതികരിച്ചു.

പ്രതികളുടെ വധശിക്ഷാ വിവരമറിഞ്ഞ നിർഭയയുടെ അച്ഛനമ്മമാരായ ബദരീനാഥ് സിങ്, ആശാദേവി എന്നിവർ.

രാത്രിയിലും ഹർജി പരിഗണിച്ച് ഹൈക്കോടതിയും സുപ്രീം കോടതിയും

അവസാന രാത്രിയും നാടകീയ നീക്കങ്ങളിലൂടെ ശിക്ഷ വൈകിക്കാൻ പ്രതികൾ നടത്തിയ ശ്രമം പരാജയപ്പെട്ടതോടെയായിരുന്നു ജനുവരി 20 മുതൽ മൂന്നു തവണ മാറ്റിവച്ച ശിക്ഷ നടപ്പായത്. മരണവോറന്റ് സ്റ്റേ ചെയ്യണമെന്ന ആവശ്യപ്പെട്ട് പ്രതികൾ വ്യാഴാഴ്ച രാത്രിയും ഹൈക്കോടതിയെ സമീപിച്ചിരുന്നു. രാത്രി പന്ത്രണ്ടു മണിയോടെ ഇതു തള്ളി.

എന്നാൽ, പുലർച്ചെ 2.15ന് പവൻ ഗുപ്തയുടെ അഭിഭാഷകൻ പുതിയ ഹർജിയുമായി സുപ്രീം കോടതിയെ സമീപിച്ചു. കുറ്റകൃത്യം നടക്കുമ്പോൾ ഇയാൾക്കു പ്രായപൂർത്തിയായിട്ടില്ല, ജയിലിൽ ഇയാൾ മർദനത്തിനിരയായി, ചികിത്സ കിട്ടിയില്ല, നിർഭയയെ കൊല്ലാൻ ഇയാൾക്ക് ഉദ്ദേശ്യമുണ്ടായിരുന്നില്ല, ദയാ ഹർജി തള്ളിയത് സ്റ്റേ ചെയ്യണം തുടങ്ങിയവയായിരുന്നു ആവശ്യം. ഇവയെല്ലാം വിചാരണക്കോടതികൾ പരിശോധിച്ചു തള്ളിയതാണെന്ന് പുലർച്ചെ രണ്ടരയ്ക്കു ജസ്റ്റിസ് ഭാനുമതിയുടെ അധ്യക്ഷതയിൽ ചേർന്ന അസാധാരണ സിറ്റിങ്ങിൽ സുപ്രീം കോടതി വ്യക്തമാക്കി. 3.15നാണു കോടതി അന്തിമ തീർപ്പ് കൽപ്പിച്ചത്. ഇതോടെ, ജയിലിൽ ശിക്ഷയ്ക്കു തയാറെടുപ്പു തുടങ്ങി.

അതിനിടെ, പവന്റെയും അക്ഷയ് കുമാറിന്റെയും ബന്ധുക്കൾ അവസാനമായി 10 മിനിറ്റ് കാണാൻ അനുവദിക്കണമെന്ന് അഭ്യർഥിച്ചു. കോടതിയിൽ നിന്നു പുറത്തേക്കു നടക്കുകയായിരുന്ന ജഡ്ജിമാർ ഇതു സാധ്യമാകുമോ എന്നു ചോദിച്ചെങ്കിലും ജയിൽ ചട്ടം അനുവദിക്കുന്നില്ലെന്നായിരുന്നു സോളിസിറ്റർ ജനറൽ തുഷാർ മേത്തയുടെ മറുപടി. ഇതിനു പിന്നാലെ ജയിലിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ശിക്ഷ നടപ്പാക്കുകയായിരുന്നു.

2012 ഡിസംബർ 16നാണ് ദക്ഷിണഡൽഹിയിൽ ഓടുന്ന ബസിൽ പാരാമെഡിക്കൽ വിദ്യാർഥിനി ക്രൂരമായ ബലാത്സംഗത്തിനിരയായത്. തുടർന്ന് പെൺകുട്ടിയെയും ഒപ്പമുണ്ടായിരുന്ന ആൺസുഹൃത്തിനെയും മർദിച്ച് അവശരാക്കി ബസിൽ നിന്നു വലിച്ചെറിഞ്ഞു. രണ്ടാഴ്ച തീവ്രപരിചരണ വിഭാഗത്തിൽ കഴിഞ്ഞ പെൺകുട്ടി സിംഗപ്പൂരിലെ ആശുപത്രിയിൽ മരിച്ചു. ആറു പ്രതികളാണു കേസിലുണ്ടായിരുന്നത്. പ്രായപൂർത്തിയാകാത്ത പ്രതി മൂന്നു വർഷത്തെ ജുവനൈൽ ഹോം വാസത്തിനുശേഷം പുറത്തിറങ്ങി. ആറാം പ്രതി രാം സിങ് ജയിലിൽ ആത്മഹത്യ ചെയ്തു.

വിശ്വാസ വോട്ട് തേടാതെ കമൽ നാഥ് രാജിവച്ചു

മധ്യപ്രദേശിൽ പുതിയ സർക്കാരിന് ബിജെപി

ഭോപ്പാൽ: സുപ്രീം കോടതി ഇന്നു നിശ്ചയിച്ച നിയമസഭയിലെ വിശ്വാസ വോട്ടെടുപ്പിനു കാത്തുനിൽക്കാതെ മധ്യപ്രദേശിലെ കോൺഗ്രസ് സർക്കാർ രാജിവച്ചു. 22 വിമത എംഎൽഎമാരുടെയും രാജി സ്പീക്കർ എൻ.പി. പ്രജാപതി അംഗീകരിച്ചതോടെ സർക്കാരിനു ഭൂരിപക്ഷമില്ലെന്ന് ഉറപ്പായി. തന്റെ സർക്കാർ രാജിവയ്ക്കുകയാണെന്ന് വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ച മുഖ്യമന്ത്രി കമൽ നാഥ് പിന്നീട് രാജ്ഭവനിലെത്തി രാജിക്കത്തു സമർപ്പിക്കുകയായിരുന്നു.

പുതിയ സർക്കാരിനു ബിജെപി കൂടിയാലോചനകൾ തുടങ്ങിയിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാനു തന്നെയാണു കൂടുതൽ സാധ്യതയെന്നു വിലയിരുത്തപ്പെടുന്നു. കമൽ നാഥ് സർക്കാരിനെ പിന്തുണച്ചിരുന്ന സ്വതന്ത്രരും എസ്പി, ബിഎസ്പി അംഗങ്ങളും പുതിയ സർക്കാരിനും പിന്തുണ അറിയിച്ചിട്ടുണ്ട്.

കോൺഗ്രസ് നേതാവ് ജ്യോതിരാദിത്യ സിന്ധ്യ കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്നതോടെ ഉടലെടുത്ത രാഷ്ട്രീയ പ്രതിസന്ധിയാണ് 15 മാസം മാത്രം പ്രായമുള്ള സർക്കാരിന്റെ പതനത്തിൽ കലാശിച്ചത്. സിന്ധ്യയ്ക്കൊപ്പം പോയ വിമത എംഎഎമാരുടെ രാജി പിൻവലിപ്പിച്ച് ഒപ്പം നിർത്താനുള്ള കോൺഗ്രസിന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. ഹരിയാനയിലും ബംഗളൂരുവിലും ഡൽഹിയിലുമായി അരങ്ങേറിയ രാഷ്ട്രീയ നാടകങ്ങൾ സുപ്രീം കോടതിയുടെ വിശ്വാസം തേടാനുള്ള ഉത്തരവോടെ അവസാന രംഗത്തിലെത്തി.

നാൽപ്പതു വർഷം നീണ്ട പൊതുജീവിതത്തിൽ ശുദ്ധമായ രാഷ്ട്രീയം മാത്രമാണു താൻ കാഴ്ചവച്ചിട്ടുള്ളതെന്നും കഴിഞ്ഞ രണ്ടാഴ്ച അരങ്ങേറിയത് ജനാധിപത്യ മൂല്യങ്ങൾ തകർത്ത അധ്യായമാണെന്നും രാജിക്കത്തിൽ കമൽ നാഥ് ചൂണ്ടിക്കാട്ടി.

ബിജെപിയുടെ ഗൂഢാലോചനയ്ക്ക് ജനങ്ങൾ മാപ്പു നൽകില്ലെന്ന് വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. കോൺഗ്രസ് എംഎൽഎമാരെ രാജിവയ്പ്പിക്കാൻ ബിജെപി കോടികൾ ഒഴുക്കിയെന്നും കമൽ നാഥ്. അതേസമയം, മധ്യപ്രദേശിലെ ജനങ്ങളുടെ വിജയമാണ് കമൽ നാഥ് സർക്കാരിന്റെ രാജിയെന്നായിരുന്നു ജ്യോതിരാദിത്യ സിന്ധ്യയുടെ പ്രതികരണം.

വിമതരുടെ രാജി സ്വീകരിച്ചതോടെ ഫലത്തിൽ 206 അംഗങ്ങൾ മാത്രമുള്ള മധ്യപ്രദേശ് നിയമസഭയിൽ ഭൂരിപക്ഷത്തിനു വേണ്ടത് 104 പേരാണ്. കോൺഗ്രസിനിപ്പോഴുള്ളത് 92 എംഎൽഎമാർ മാത്രം. ബിജെപിക്ക് 106 പേരുണ്ട്.

സ്വർണം

ഗ്രാം	- 3,775
പവൻ	- 30,200

മെട്രോ മാഡം

ബിജെപി ജനാധിപത്യ മൂല്യങ്ങളെ കൊന്നു: കമൽ നാഥ്

കോൺഗ്രസ് ഗ്രൂപ്പു കളിച്ച് വളർത്തുകയായിരുന്നു...!

www.facebook.com/metrovaarthaofficial

മാസ്ക്, സാനിറ്റൈസർ കരിഞ്ചന്ത : മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു

മഞ്ചേരി: മാസ്ക്, സാനിറ്റൈസർ എന്നിവയുടെ വിലയിൽ കൃത്രിമം നടത്തിയതിനു ജില്ല അളവ് തൂക്ക വിഭാഗം മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു. മഞ്ചേരി, തിരുരങ്ങാടി എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിലാണ് അധിക വില ഈടാക്കിയതിനും വിലവിവരങ്ങൾ രേഖപ്പെടുത്താത്തതിനും കേസ്സെടുത്തത്. മഞ്ചേരിയിൽ രണ്ടും തിരൂരങ്ങാടിയിൽ ഒരു കേസുമാണ് എടുത്തത്. വിപണിയിൽ മാസ്കിനു കൃത്രിമ ക്ഷാമം ഉണ്ടാക്കുകയും അധിക വില ഈടാക്കുകയും ചെയ്യുന്നെന്ന പരാതിയിലാണ് സ്ക്വാഡ് പരിശോധന നടത്തിയത്. നിരക്കിൽ കൂടുതൽ ഈടാക്കിയാൽ പരാതി നൽകാമെന്ന് ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ വി. ആർ സുധീർ രാജ് പറഞ്ഞു.

സീനിയർ ഇൻസ്പെക്ടർ സുജാസ് മണി, ഇൻസ്പെക്ടർമാരായ കരീം, പ്രഭിത്ത്, ഇൻസ്പെക്ടർ അസിസ്റ്റന്റ് സുദേവൻ, മനോജ് പരിശോധനക്ക് നേതൃത്വം നൽകി.

തുണിക്കടകൾ പൂട്ടി

തലശേരി : വാങ്ങാൻ ആളില്ല - കച്ചവടവുമില്ല - ദിവസ വാടക താങ്ങാനാവുന്നുമില്ല - നഗരത്തിലെ എട്ടു തുണിക്കടകൾ ഇന്നലെ മുതൽ അടച്ചു പൂട്ടി. പഴയ ബസ് സ്റ്റാന്റ് ജൂബിലി ഷോപ്പിങ് കോംപ്ലക്സിലെ തുണി കടകളാണ് അടച്ചിട്ടത് . രോഗഭീതി കാരണം ജനങ്ങൾ പുറത്തിറങ്ങാതായതോടെ കച്ചവടം കുറഞ്ഞു. കൂടാതെ വിവാഹങ്ങൾ മാറ്റിവെച്ചതും ആഘോഷങ്ങൾ കുറഞ്ഞതും മേഖലയെ ഇരുട്ടിലാക്കി. സാമ്പത്തിക മാന്ദ്യം കാരണം പൊതുവെ കച്ചവടം കുറഞ്ഞിരിക്കുമ്പോഴാണ് കോവിഡ് വില്ലനായെത്തിയത്. ഭീമമായ നഷ്ടം സഹിച്ചാണത്രേ ഇത്രയും ദിവസം തുറന്ന് വച്ചത്. ദിവസം 1000 മുതൽ 1500 വരെ മേൽ വാടക നൽകിയാണ് കച്ചവടം ചെയ്യുന്നത് . കടമുറികളുടെ വാടക കച്ചവടം കുറഞ്ഞതോടെ വാടക കൊടുക്കാനോ ജീവനക്കാർക്ക് കൂലി കൊടുക്കാനോ കഴിയാത്ത അവസ്ഥയാണെന്ന് വ്യാപാരികൾ പറയുന്നു. ഇതേ തുടർന്നാണ് അടച്ചിടാൻ നിർബന്ധിതമായതെന്നാണ് ഉടമകൾ പറയുന്നു. ഭീമമായ തുക ലോണെടുത്ത് കച്ചവടം തുടങ്ങിയവരാകട്ടെ തിരിച്ചടവിന് വഴിയില്ലാതെ ഉഴലുകയാണ്.

പീഡനം, മാനഭംഗം, വധഭീഷണി: ജാമ്യം തള്ളി

മഞ്ചേരി: പ്ലസ് ടു വിദ്യാർഥിനിയായിരിക്കെ തന്നെ ലൈംഗിക പീഡനത്തിന് വിധേയയാക്കിയെന്ന യുവതിയുടെ പരാതിയിൽ അറസ്റ്റിലായി റിമാന്റിൽ കഴിയുന്ന യുവാവിന്റെ ജാമ്യാപേക്ഷ മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി തള്ളി. വാണിയമ്പലം വാടക ക്വാർട്ടേഴ്സിൽ നെച്ചിക്കാട്ടിൽ നിവാർ (43)ന്റെ ജാമ്യാപേക്ഷയാണ് ജഡ്ജി സുരേഷ് ബാബു തള്ളിയത്. പട്ടികജാതി വിഭാഗത്തിൽപെട്ട 23കാരിയാണ് പ്രതി തന്നെ പ്രായപൂർത്തിയാകുന്നതിന് മുമ്പ് പലതവണ പീഡിപ്പിച്ചതായി പരാതി നൽകിയത്. 2014ൽ വണ്ടൂരിൽ വെച്ചാണ് കേസിന്നാസ്പദമായ സംഭവം. ഇക്കഴിഞ്ഞ ഫെബ്രുവരി 11ന് വൈകീട്ട് നാലു മണിക്ക് എടവണ്ണ ജാമിയ കവാടത്തിനു സമീപം ബൈക്കിൽ കയറാൻ ആവശ്യപ്പെട്ട പ്രതി യുവതി നിരസിച്ചതോടെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയായിരുന്നു. ഫെബ്രുവരി 13ന് എടവണ്ണ പൊലീസാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പ്രാർത്ഥനക്കിടെ പീഡനം: പാസ്റ്റർക്ക് ജാമ്യമില്ല

മഞ്ചേരി: പനി ബാധിതക്ക് രോഗശമനത്തിനായി പ്രാർത്ഥന നടത്തുന്നതിനിടെ മാനഹാനി വരുത്തിയെന്ന കേസിൽ തിരൂർ സബ് ജയിലിൽ റിമാന്റിൽ കഴിയുന്ന പാസ്റ്ററുടെ ജാമ്യാപേക്ഷ മഞ്ചേരി ജില്ലാ സെഷൻസ് കോടതി തള്ളി. കുറ്റിപ്പുറം പെന്തക്കോസ്ത് പള്ളിയിലെ പാസ്റ്ററായ ഒല്ലൂർ കാവിലേത്ത് ലാൽ യോഹന്നാൻ (53)ന്റെ ജാമ്യാപേക്ഷയാണ് തള്ളിയത്. ഇക്കഴിഞ്ഞ അഞ്ചിന് വൈകീട്ട് അഞ്ചര മണിക്കാണ് കേസിന്നാസ്പദമായ സംഭവം. പനി ബാധിതയായ പത്തൊമ്പതുകാരിയെ വീട്ടിലെത്തി പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നുവെന്ന വ്യാജേന മാനഭംഗപ്പെടുത്തിയെന്നാണ് കേസ്.

വീട്ടമ്മക്ക് മാനഹാനി: യുവാവിന് മുൻകൂർ ജാമ്യമില്ല

മഞ്ചേരി : വീട്ടിൽ അതിക്രമിച്ച് കയറി വീട്ടമ്മക്ക് മാനഹാനി വരുത്തിയെന്ന കേസിൽ ഒളിവിൽ കഴിയുന്ന യുവാവിന്റെ മുൻകൂർ ജാമ്യാപേക്ഷ മഞ്ചേരി ജില്ലാ സെഷൻസ് കോടതി തള്ളി. കിടങ്ങഴി പാലയക്കോടൻ നബീൽ (30)ന്റെ ജാമ്യാപേക്ഷയാണ് തള്ളിയത്. 2019 ജൂൺ ഒന്നിന് വൈകീട്ട് നാലര മണിക്കാണ് സംഭവം.

കൊറോണ പ്രതിരോധമാനദണ്ഡങ്ങൾ സർക്കാർ കാറ്റിൽ പറത്തി: ടി. സിദ്ദിഖ്

കോഴിക്കോട്: മദ്യഷോപ്പുകൾ അടച്ചിടാതെ ലോകാരോഗ്യ സംഘടനയുടെയും കേന്ദ്രസർക്കാരിന്റെയും കൊറോണ പ്രതിരോധമാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ കാറ്റിൽ പറത്തിയിരിക്കുകയാണെന്ന് കെപിസിസി വൈസ് പ്രസിഡന്റ് അഡ്വ ടി. സിദ്ദിഖ്. ഒരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ 200ലധികം ആളുകൾ ക്യൂ നിൽക്കുന്ന ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടാതെ നിയമസഭ വരെ പിരിച്ചുവിട്ടത് എന്തിനെന്ന് മുഖ്യമന്ത്രി മറുപടി പറയണമെന്നും സിദ്ദിഖ് ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് എത്ര പേർക്ക് കൊറോണ വന്നാലും ഒരാൾ പോലും മദ്യമില്ലാതെ വിഷമിക്കരുതെന്നാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. കൊറോണ പശ്ചാത്തലത്തിൽ മദ്യഷോപ്പുകളിൽ പുതിയ കൗണ്ടറുകൾ ആരംഭിക്കുമെന്ന് പറഞ്ഞ് എക്സൈസ് വകുപ്പ്മന്ത്രി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്.പുതിയ കൗണ്ടറുകൾ ആരംഭിക്കാൻ വേണ്ട സൗകര്യങ്ങളോ ,സംവിധാനങ്ങളോ നിലവിലില്ല. ക്യൂ നിയന്ത്രിക്കാൻ സുരക്ഷ ജീവനക്കാരെ നിയമിക്കാനുള്ള നടപടികളും പ്രയോഗികമല്ല.മദ്യഷോപ്പുകളിലെ ജീവനക്കാർക്കും ക്യൂ നിൽക്കുന്നവർക്കും മാസ്ക്കും മറ്റു പ്രതിരോധമാർഗങ്ങൾ പോലും സർക്കാർ ഒരുക്കിയിട്ടില്ല.നിയമസഭയും,സ്കൂളുകളും കോളേജുകളും ,ക്ഷേത്രോൽസവങ്ങളും പള്ളി ജുമാനമസ്ക്കാരങ്ങളും മാറ്റിവെയ്ക്കാൻ ആഹ്വനം ചെയ്യുന്ന സർക്കാർ ബിവറേജ് ഔട്ട്ലെറ്റുകൾ പൂട്ടാതെ മഹാദുരന്തത്തെ ക്ഷണിച്ചു വരുത്തുകയാണ്. കൊറോണ ഭീതിയുടെ സാഹചര്യത്തിൽ ലോകാരോഗ്യസംഘടനയുടെ നിർദ്ദേശം പാലിച്ച് സംസ്ഥാനത്തെ ബിവറേജ് ഔട്ട്ലെറ്റുകളും കൺസ്യൂമർ ഫെഡിന്റെ മദ്യഷോപ്പുകളും ഉടൻ അടച്ചുപൂട്ടാൻ സർക്കാർ തയ്യാറാകണമെന്നും സിദ്ദിഖ് ആവിശ്യപ്പെട്ടു.

കെറോണസാഹചര്യത്തിലും കള്ള് ഷാപ്പ് ലേലം നടത്താനുള്ള സർക്കാർ നടപടിക്കെതിരെ സമരം ചെയ്ത യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പൊലീസ് ക്രൂരമായി നേരിട്ടത് പ്രതിഷേധാർഹമാണ്.കൊറോണ പ്രതിരോധ ചട്ടങ്ങൾ പാലിക്കാതെയാണ് പൊലീസ് സംഭവസ്ഥലത്ത് എത്തിയത്.ഇത്തരം സാഹചര്യത്തിൽ കൊറോണ പ്രോട്ടോകോൾ പൊലീസിനും ബാധകമാക്കണമെന്നും സിദ്ദിഖ് ആവശ്യപ്പെട്ടു. ഡി സി സിയിൽ നടന്ന വാർത്താസമ്മേളനത്തിൽ കെപിസിസി ജനറൽ സെക്രട്ടറി അഡ്വ കെ പ്രവീൺകുമാർ,മുൻ ഡി സി സി പ്രസിഡന്റ് കെ സി അബു, ഡി സി സി ജനറൽ സെക്രട്ടറി രമേശ് നമ്പിയത്ത്,ഒ രാജീവ് മാസ്റ്റർ, ടി കെ സുലൈമാൻ എന്നിവർ പങ്കെടുത്തു.

മർകസ് കോംപ്ലക്സ് മസ്ജിദിൽ ഇന്നലെ നടന്ന ജുമുഅ നമസ്കാരത്തിന് മാസ്ക് ധരിച്ചെത്തിയ വിശ്വാസികൾ.

പ്രതിരോധ പ്രവർത്തന ചുമതലയുള്ള ജീവനക്കാർക്ക് അവധി ബാധകമല്ല

മലപ്പുറം: കൊറോണ മുൻകരുതൽ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിച്ച അവധി പ്രതിരോധ പ്രവർത്തന ചുമതലയുള്ള ജീവനക്കാർക്ക് ബാധകമല്ലെന്ന് ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. വൈറസ് വ്യാപനം തടയൽ, ചികിത്സ സൗകര്യങ്ങൾ ഒരുക്കൽ, രോഗികൾക്കും നിരീക്ഷണത്തിലുള്ളവർക്കും ആവശ്യമായ സേവനങ്ങൾ നൽകുന്നവർ, കുടിവെള്ള വിതരണം, വാർത്താ വിതരണം, അടിയന്തര സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവർ, മറ്റ് അത്യാവശ്യ സേവനങ്ങൾ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് താൽക്കാലിക തൊഴിൽ ക്രമീകരണം ബാധകമാവില്ലെന്നും ജില്ലാ കലക്റ്റർ വ്യക്തമാക്കി.

കസർഗോഡ് സ്വദേശിയുമായി സമ്പർക്കം പുലർത്തിയവർ വിവരം അറിയിക്കണം

മലപ്പുറം: കൊറോണ സ്ഥിരീകരിച്ച കാസർകോട് സ്വദേശിയുമായി സമ്പർക്കത്തിലേർപ്പെട്ടവരും ഒരുമിച്ചു യാത്ര ചെയ്തവരും ജില്ലാതല കൺട്രോൾ സെല്ലിൽ വിവരം അറിയിക്കണം. ഈ മാസം 11 ന് ദുബായിൽ നിന്ന് രാവിലെ കരിപ്പൂർ വിമാനത്താവളത്തിലെത്തിയ ഐ.എക്സ് 344 എയർ ഇന്ത്യ വിമാനത്തിലാണ് കാസർകോട് സ്വദേശി എത്തിയത്. തുടർന്ന് കോഴിക്കോട് തങ്ങി ഈ മാസം 12 ന് മാവേലി എക്സ്പ്രസിൽ എസ്. ഒമ്പത് കമ്പാർട്ടുമെന്റിൽ കാസർകോടെത്തി. വിമാനത്തിലും തീവണ്ടിയിലുമായി ഇയാൾക്കൊപ്പമുണ്ടായിരുന്നവർ നേരിട്ട് ആശുപത്രികളിൽ പോവാതെ കൺട്രോൾ സെൽ നമ്പറുകളായ 0483 - 2737858, 2737857, 2733251, 2733252, 2733253 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു.

ട്രാൻസ്ഫോമർ സ്ഥാപിക്കാനുള്ള സ്ഥലത്ത് ഉദ്യോഗസ്ഥർ സന്ദർശിച്ചപ്പോൾ.

ട്രാൻസ്ഫോമർ: ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു

മൂന്നിയൂർ: ട്രാൻസ്ഫോമർ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു. മൂന്നിയൂർ പാറാക്കാവ്,അത്താണിക്കൽ കുറുക്കൻ കുണ്ട്. എന്നി പ്രദേശങ്ങളിലെ സ്ഥിരവൈദ്യുതി മുടക്കവും വോൾട്ടേജ് ക്ഷാമവും ഇല്ലാതാക്കാൻ ഈ പ്രദേശത്തേക്ക് ജില്ല പഞ്ചയത്തിൽ നിന്ന്പസായ ട്രാൻസ്ഫോമർ ട്രഷറി ഫണ്ട് നിയന്ത്രണം കാരണം മുടങ്ങു കയും ചൈയ്ത കാരണം ജനകിയ കമ്മറ്റി രൂപികരിച്ച് നേത്രത്വത്തിൽ ഒപ്പ് ശേഖരണം നടത്തുകയും പ്രദേശിക നേതാക്കളായ സി.പി. കരിം, എം.സി മുജീബ് തുടങ്ങിയവർ വൈദ്യുതിമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം സമർപ്പിക്കുകയും ചൈയതത് പ്രകാരം മന്ത്രിയുടെ സപഷൽ ഓടർ പ്രകാരം ട്രാൻസ്ഫോർഅനുവധിച്ച് നൽകി കൊണ്ട് കെ എസ് ഇ ബി .ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയത് അനുസരിച്ച് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു. ഉദ്ദേഗസ്ഥരായ രാജൻ എ.ഇ, ബിജു അസിസ്റ്റന്റ് എജിനിയർ, വിജയൻ നാട്ടുകരയ കരിം, മുജീബ് ., ഒടുങ്ങാട്ട്നാസർ .മുസ്തഫ പറമ്പിൽ സ്ഥലം കാണിച്ച് കൊടുക്കാൻ എത്തിയിരുന്നു.

ഓവുചാൽ നവീകരണ പ്രവൃത്തി ആരംഭിച്ചു

തലശേരി : ജനറൽ ആശുപത്രിക്ക് മുൻവശത്തുള്ള ഓവുചാലിന്റെ നവീകരണ പ്രവൃത്തി ആരംഭിച്ചു.ഈ ഭാഗത്തെ ഓവുചാൽ അടഞ്ഞ് കിടക്കുന്നത് കാരണം മഴക്കാലത്ത് ഇവിടെ റോഡിൽ മഴവെള്ളം കെട്ടി നിൽക്കുന്നത് പതിവായിരുന്നു അത് ഒഴിവാക്കാനാണ് ഓവുചാൽ നവീകരിക്കുന്നത് . തലശേരി നഗരസഭയാണ് ഓവുചാലിന്റെ നവീകരണ പ്രവൃത്തി നടത്തുന്നത്. ഹോസ്പിറ്റൽ റോഡിൽ കുറുകെ കുഴി എടുത്താണ് ഓവുചാൽ നിർമിക്കുന്നത് .സൗഭാഗ്യ ലൈനിലെ ഓവുചാലിൽ ഒഴിഞ്ഞ പ്ലാസ്റ്റിക്ക് കുപ്പി അടക്കം അലക്ഷ്യമായി നിക്ഷേപിച്ചതിനാൽ ഓവുചാൽ അടഞ്ഞുകിടക്കുകയും മലിന ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിരുന്നു . ഇവ നീക്കം ചെയ്ത് റോഡിന് കുറുകെയുള്ള ഓവുചാൽ വീതി കൂട്ടിയുമാണ് നവീകരണ പ്രവൃത്തി നടത്തുന്നത് നവീകരണ പ്രവൃത്തി നടക്കുന്നതിനാൽ ഹോസ്പിറ്റൽ റോഡ് അടച്ചിട്ടിരിക്കയാണ്. ഓവുചാലിന്റെ നിർമാണം ദ്രുതഗതിയിലാണ് നടക്കുന്നത്. എത്രയും പെട്ടന്ന് പണി പൂർത്തിയാക്കി റോഡ് ഗതാഗതത്തിന് തുറന്നു കൊടുക്കുമെന്ന് നഗരസഭ അധികൃതർ പറഞ്ഞു. 2019-20 വർഷിക പദ്ധതിയിൽ പെടുത്തിയാണ് ഓവുചാൽ നവീകരണ പ്രവൃത്തി നടക്കുന്നത്.

കോഴിക്കോട് ജില്ലയിൽ പുതുതായി 232 പേർകൂടി നിരീക്ഷണത്തിൽ

ആകെ 5798 പേർ

കോഴിക്കോട്: കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിൽ പുതുതായി 232 പേർ ഉൾപ്പെടെ ആകെ 5798 പേർ നിരീക്ഷണത്തിലുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ജയശ്രീ വി. അറിയിച്ചു.

മെഡിക്കൽ കോളേജിൽ അഞ്ച് പേരും ബീച്ച് ആശുപത്രിയിൽ ഒൻപത് പേരും ഉൾപ്പെടെ ആകെ 14 പേർ ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിലുണ്ട്. മെഡിക്കൽ കോളേജിൽ നിന്ന് മൂന്നു പേരെയും ബീച്ച് ആശുപത്രിയിൽ നിന്ന് മൂന്നു പേരെയും ഉൾപ്പെടെ ആറു പേരെ ഡിസ്ചാർജ്ജ് ചെയ്തു. 11 സ്രവ സാംപിൾ പരിശോധനയ്ക്ക് എടുത്ത് അയച്ചിട്ടുണ്ട്. ആകെ 137 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 127 എണ്ണത്തിന്റെ പരിശോധനാ ഫലം ലഭിച്ചു. എല്ലാം നെഗറ്റീവ് ആണ്. ഇനി 10 പേരുടെ പരിശോധനാ ഫലം മാത്രമേ ലഭിക്കാൻ ബാക്കിയുള്ളു.

ആരോഗ്യ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം ഡയറക്ടർ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ വീഡിയോ കോൺഫറൻസിലൂടെ നടത്തിയ ജില്ലാതല അവലോകന യോഗത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇനി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ സൂം വീഡിയോ കോൺഫറൻസിലൂടെ ജില്ലയിലെ സ്വകാര്യ ആശുപത്രികളിലെ അഡ്മിനിസ്ട്രേറ്റർമാരുമായി ചർച്ച നടത്തുകയും കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതലായി ഉണ്ടാവണമെന്ന് തീരുമാനിച്ചു. ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഷീബ മുംതാസ്, ജില്ലാ ശിശു സംരക്ഷണ ഓഫീസർ അനുരാധ, ഡോ. അഖിലേഷ് തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ ഐ.സി.ഡി.എസിലെ നിലവിൽ ലഭ്യമാകുന്ന 30 കൗൺസിലർമാരുടെ സേവനം കൂടാതെ 50 പേരുടെ സേവനം കൂടി ലഭ്യമാക്കി ശൃംഖല വികസിപ്പിക്കാൻ തീരുമാനിച്ചു. 479 പേർക്ക് മാനസിക സംഘർഷം കുറയ്ക്കുന്നതിനായി മെന്റൽ ഹെൽത്ത് ഹെൽപ്പ് ലൈനിലൂടെ മാനസിക പിന്തുണ നൽകി. അതിൽ 20 പേർക്ക് പ്രത്യേക കൗൺസിലിംഗ് നൽകി. ജില്ലയിലെ മാഹി, വടകര, കൊയിലാണ്ടി, ഫറോക്ക് തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിലും അഴിയൂർ, വടകര, കൊയിലാണ്ടി, രാമനാട്ടുകര, ഫറോക്ക്, കടലുണ്ടി, കുറ്റ്യാടി, അടിവാരം, മുക്കം തുടങ്ങിയ ബസ് സ്റ്റാൻഡുകളിലും സജ്ജമാക്കിയ ഹെൽപ് ഡെസ്ക്ക് വഴി 7197 യാത്രക്കാരെ സ്ക്രീനിംഗിന് വിധേയമാക്കി.

സോഷ്യൽ മീഡിയയിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. ജില്ലാ തലത്തിൽ തയ്യാറാക്കിയ പോസ്റ്ററുകളും ബിറ്റ് നോട്ടീസുകളും വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടരുന്നു. ജില്ലയിലെ ബസ് സ്റ്റാൻഡുകളിലും പ്രധാന ബസാറുകളിലും ഓഫീസുകളിലും പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ 'ബ്രെക്ക് ദ ചെയിൻ' - കൈ കഴുകൽ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ ഭക്ഷ്യധാന്യ ദൗർലഭ്യമില്ല

കോഴിക്കോട്: ജില്ലയിൽ ഭക്ഷ്യധാന്യങ്ങൾക്ക് ദൗർലഭ്യമില്ലെന്നും ആവശ്യമായ സ്റ്റോക്ക് ഉള്ളതായും വ്യാപാരികൾ റിപ്പോർട്ട് നൽകിയതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, വിലക്കയറ്റം എന്നിവ തടയുന്നതിന്റെ ഭാഗമായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസർ, നോർത്ത്, സൗത്ത് സിറ്റി റേഷനിങ് ഓഫീസർമാർ എന്നിവരുൾപ്പെട്ട സ്ക്വാഡ് കോഴിക്കോട് നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും വിവിധ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി. പരിശോധനകൾ അടുത്ത ദിവസങ്ങളിലും തുടരും.

ബ്രേക്ക് ദ ചെയിൻ ക്യാംപയിൻ

തേഞ്ഞിപ്പലം: കൊറോണ വൈറസ് വ്യാപനം തടയുന്നതിനുള്ള ബ്രേക്ക് ദ ചെയിൻ ക്യാംപയിന്റെ ഭാഗമായി വാർഡ് യൂത്ത്കോൺഗ്രസ് കമ്മിറ്റി പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഹാൻഡ് വാഷ് കിയോസ്കും ഹാൻഡ് സാനിറ്റൈസറും സ്ഥാപിച്ചു. ഡോ: ഷാജി അറക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഹെൽത്ത് ഇൻസ്പെക്റ്റർ വി.പി.ദിനേശ്,യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി പി.നിധീഷ്, എ.സുബീഷ് ടി.റഫീഖ് പള്ളിക്കൽ,കെ.റോഹിൻ കുമാർ,ടി.രാഹുൽ നേതൃത്വം നൽകി.

പ്രതിരോധ പ്രവർത്തനങ്ങളിൽ മാതൃകയായി പൊലീസ് സേന

മലപ്പുറം: കൊറോണ രോഗ വ്യാപനം തടയുന്നതിൽ മലപ്പുറം ജില്ലയിൽ പൊലീസിന്റെ സേവനം മാതൃകയാവുന്നു. ക്രമസമാധാന പാലനത്തിനൊപ്പം മുഴുവൻ സേനാംഗങ്ങളേയും കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ പങ്കാളികളാക്കിയുള്ള പ്രവർത്തനങ്ങളാണ് ജില്ലാ പൊലീസ് മേധാവി യു. അബ്ദുൾ കരീമിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നത്. വീടുകളിൽ നിരീക്ഷണത്തിലുള്ളവർ ജാഗ്രത നിർദ്ദേശങ്ങൾ ലംഘിക്കുന്നതു കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനൊപ്പം രോഗബാധിത രാജ്യങ്ങളിൽ നിന്നെത്തിയവരുടെ വിവരങ്ങളും ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ ജില്ലാതല കൺട്രോൾ സെല്ലിലും പൊലീസ് ആസ്ഥാനത്തും റിപ്പോർട്ടു ചെയ്യുന്നു.

ക്രമസമാധാന പാലനം, കേസന്വേഷണം തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കൊപ്പം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുവൻ സേനാംഗങ്ങളും വ്യാപൃതരാണ്. ഇന്നലെ രാവിലെ പരേഡ് ഒഴിവാക്കി മുഴുവൻ പൊലീസ് സ്റ്റേഷനുകളുടേയും നേതൃത്വത്തിൽ ജില്ലയിലെ ബസ് സ്റ്റാന്റുകളും കാത്തിരിപ്പു കേന്ദ്രങ്ങളും അണു വിമുക്തമാക്കി. മലപ്പുറത്ത് ഡി.പി.ഒ റോഡ് ബസ് സ്റ്റോപ്പിൽ ജില്ലാ പൊലീസ് മേധാവി ശുചീകരണ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 36 പൊലീസ് സ്റ്റേഷനുകൾ, അഞ്ച് ട്രാഫിക് യൂനിറ്റുകൾ, എം.എസ്.പി, എ.ആർ. ക്യാംപുകൾ എന്നിവയുടെ നേതൃത്വത്തിലായിരുന്നു ശുചീകരണം. ഈ മാസം 19ന് മുഴുവൻ പൊലീസ് സ്റ്റേഷൻ പരിധികളിലും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഓട്ടോറിക്ഷകൾ, ടാക്സികൾ, ബസുകൾ തുടങ്ങിയ പൊതു യാത്രാ വാഹനങ്ങളും സേനാംഗങ്ങളുടെ നേതൃത്വത്തിൽ അണുവിമുക്തമാക്കിയിരുന്നു.

ബ്രെയ്ക്ക് ദ ചെയിൻ പരിപാടിയുടെ ഭാഗമായുള്ള ബോധവത്ക്കരണവും പൊലീസ് നടത്തുന്നുണ്ട്. വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനൊപ്പം ഭക്ഷ്യ വസ്തുക്കൾ ആവശ്യമായവർക്ക് ജനമൈത്രി പൊലീസ് ബീറ്റ് ഓഫീസർമാർ എത്തിക്കുകയും ചെയ്യുന്നുണ്ട്. ജാഗ്രത നിർദേശം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികളാണ് പൊലീസ് സ്വീകരിക്കുന്നത്. ജാഗ്രത നിർദേശം ലംഘിക്കൽ, വ്യാജ പ്രചരണങ്ങൾ നടത്തൽ എന്നിവക്കെതിരെ കേസെടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരികയാണെന്നും ജില്ലാ പൊലീസ് മേധാവി വ്യക്തമാക്കി.

CHANGE OF NAME

I, ARAFANASHARIN, D/o Abdurahiman Konoth Valappil residing at Konoth Valappil House, Kololamba P.O, Pookkarathara, Malappuram Dt, Pin 679579, Kerala, India holder of Indian Passport No: L 9088695 do hereby Declare that I have Changed my name as ARFANA SHERIN KONOTH VALAPPIL.

വ്യാജ രേഖ നൽകി വഞ്ചിക്കപ്പെട്ടു

തലശേരി : ജീവിത സമ്പാദ്യത്തിൽ നിന്നും 16 ലക്ഷം മുടക്കി കൊളശേരിയിൽ പഴയ വീടും എട്ട് സെന്റ് സ്ഥലവും വാങ്ങി വഞ്ചിക്കപ്പെട്ട ദമ്പതികൾ നീതി തേടി മുഖ്യമന്ത്രിക്കും സംസ്ഥാന ഡി.ജി.പിക്കും സങ്കട ഹരജി നൽകി. കാവുംഭാഗത്തെ ചീക്കലോട്ട് വീട്ടിൽ പി.അശ്വതിയും (31) ഭർത്താവ് ചെന്നൈ സ്വദേശി കെ.രഞ്ജിത്ത് കുമാറുമാണ് ഹരജിക്കാർ.. തലശേരി സബ് രജിസ്ട്രാർ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന ആധാര രജിസ്ട്രേഷനിലെ കൃത്രിമത്തെ പറ്റി ക്രൈംബ്രാഞ്ച് തലത്തിൽ അന്വേഷണം നടത്തണമെന്ന് ഇരുവരും വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. നഗരത്തിലെ ആധാരം എഴുത്തുകാരൻ പ്രദീപനെ വിശ്വസിച്ചാണ് കൊളശേരിയിലെ സ്ഥലം ശ്രീലതാ സജീവനിൽ നിന്നും വാങ്ങിയത്.

തത്സമയം വീട്ടിൽ താമസിച്ചിരുന്ന ശ്രീലത പുതിയ വീട് പൂർത്തിയാവുന്നതു വരെ അവിടെ താമസിക്കാൻ അനുവദിക്കണമെന്ന് പറഞ്ഞതിനാൽ തൽക്കാലം വിട്ടു നൽകിയിരുന്നു. എന്നാൽ കാലാവധി കഴിഞ്ഞിട്ടും ഇവർ ഒഴിഞ്ഞില്ല. ഇതിനിടയിൽ ജോലി ആവശ്യാർഥം ചെന്നൈയിലായിരുന്ന തന്റെ അറിവോ സമ്മതമോ ഇല്ലാതെ മറ്റൊരാൾ വീട് പൊളിച്ചു വിറ്റു . ഇക്കാര്യം പ്രദീപനോട് പറഞ്ഞപ്പോൾ അത് കാര്യമാക്കാനില്ല,വസ്തു താൻ ഏറ്റെടുത്തോളാം എന്ന് പറഞ്ഞ് മൂന്ന് ലക്ഷം രൂപ അഡ്വാൻസും തന്നു. എന്നാൽ കരാർ പാലിക്കാതെ ഇയാൾ തന്നെ വഞ്ചിച്ചുവെന്നും ബാക്കി പണം ഇതേ വരെ കിട്ടിയില്ലെന്നും അശ്വതി പറയുന്നു.ഇതേ തുടർന്ന് കോടതിയെ സമീപിച്ചു. ഉടൻ കേസെടുത്ത് അന്വേഷിക്കാൻ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി തലശേരി പൊലീസിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും അന്വേഷണം നീതി പൂർവ്വമാവണമെങ്കിൽ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപിക്കണമെന്നാണ് ദമ്പതികളുടെ ആവശ്യം.

MANAPPURAM HOME FINANCE LTD.
മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്
മണപ്പുറം ഹോം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്
സിഐഎൻ: U65923K 12010PIC039179
രജിസ്റ്റേഡ് ഓഫീസ്: IV/470 എ(ഓൾഡ്) ഡബ്ല്യു/638എ(ന്യൂ) മണപ്പുറം ഹൗസ് വലപ്പാട് തൃശൂർ കേരള-680567
കോർപ് ഓഫീസ്- മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്, മൂന്നാം നില, യൂണിറ്റ് നമ്പർ. 301 മുതൽ 315 വരെ, എ വിങ്, 'കനാകിയ വാൾ സ്ട്രീറ്റ്' അന്ധേരി കുർള റോഡ്, അന്ധേരി(ഈസ്റ്റ്) മുംബൈ-400093. ഫോൺ നമ്പർ: 022-66211000, വെബ്സൈറ്റ്: www.manappuramhomefin.com

ജപ്തി നോട്ടീസ് (സ്ഥാവര വസ്തുവിന്റെ)

2002ലെ സെക്യൂരിറ്റൈസേഷൻ. റികൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002 (2002ലെ 54) , 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(12) റൂൾ 9 ചേർത്തു വായിക്കുക. പ്രകാരം അനുവദിച്ചിട്ടുള്ള അധികാരമുപയോഗിച്ച് താഴെപ്പറയുന്ന വായ്പ്പക്കാർ സഹവായ്പ്പക്കാർ എന്നിവരോട് അറുപതു ദിവസത്തിനകം വായ്പാ കുടിശികയും പലിശയും തിരിച്ചടക്കാൻ ആവശ്യപ്പെട്ട് നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃ ഓഫീസർ മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ് (MAHOFIN) ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു. വായ്പ്പക്കാരൻ പണം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ആക്റ്റ് 13(4) റൂൾ 9 ചേർത്തു വായിക്കുക. പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ പരാമർശിച്ചിരിക്കുന്ന വസ്തുവിന്റെ പ്രതീകാത്മക ജപ്തി നടത്തിയതായി വായ്പ്പക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്നു. താഴെ പരാമർശിച്ചിരിക്കുന്ന വസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും പാടില്ലെന്നും അത്തരത്തിലെന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ് നടപടി സ്വീകരിക്കുമെന്നും വായ്പ്പക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്നു.

Sr. No.	വായ്പ്പക്കാരന്റെ /സഹവായ്പ്പക്കാരന്റെ പേര് /ലോൺ അക്കൗണ്ട് നമ്പർ/ ശാഖ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ	ഡിമാൻഡ് നോട്ടീസ് അയച്ച തിയതി, തിരിച്ചടക്കാനുള്ള തുക	ജപ്തിയുടെ തിയതി
1	മഹേഷ് ഒ, മാധവൻ നായർ ഒ/ മലപ്പുറം/ LAN-MO90LALONS000005000251	സർവേ നമ്പർ 81/3-2, നിറമരത്തൂർ പഞ്ചായത്ത്, നിറമരത്തൂർ വില്ലേജ്, മലപ്പുറം, കേരളം, ഇന്ത്യ, പിൻകോഡ്- 676109	05-Dec-19 & Rs. 395984/-	18-03-2020

തിയതി 21-03-2020
സ്ഥലം- മലപ്പുറം
ഒപ്പ്
അംഗീകൃത ഓഫീസർ
മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

തൂണേരിയിൽ കാറും ലോറിയും കൂട്ടിയിടിച്ച് ആറു പേർക്ക് പരുക്ക്

നാദാപുരം: നാദാപുരം - തലശേരി എയർപോർട്ട് റോഡിൽ തൂണേരിയിൽ കാറും,പിക്കപ്പ് ലോറിയും നേർക്ക് നേർ കൂട്ടിയിടിച്ച് 6 പേർക്ക് പരുക്ക്.

നാദാപുരം ഭാഗത്ത് നിന്ന് തലശേരി ഭാഗത്തേക്ക് പോവുകയായിരുന്ന കെ എൽ 7 സി എം 583 പിക്കപ്പ് ലോറിയും, നാദാപുരം ഭാഗത്തേക്ക് വരികയായിരുന്ന കെ എൽ 52 എഫ് 4364 നമ്പർ ആൾട്ടോ കാറുമാണ് അപകടത്തിൽ പെട്ടത്. വെള്ളിയാഴ്ച്ച ഉച്ചക്ക് മൂന്ന് മണിയോടെയാണ് അപകടം.

കാർ യാത്രക്കാരായ എടച്ചേരി സ്വദേശി കുന്നും ചിറക്കൽ ഷിനോജ് (32), ഓർക്കാട്ടേരിയിലെ കല്ലിയോട്ട് താഴെ കുനി മിഥുൻ (24), കുമ്മങ്കോട് വരിക്കോളിയിലെ കിഴക്കേവീട്ടിൽ താഴെ കുനി മിഥുൻ (42) എന്നിവരെ ഗുരുതരമായ പരിക്കുകളോടെ കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിലും കാർത്തികപ്പള്ളി കണ്ടിമീത്തൽ അതുൽ (24), ടിഗിൽ (29) എന്നിവരെ കല്ലാച്ചിയിലെ സ്വകാര്യ ആശുപത്രിയിലും ലോറി ഡ്രൈവർ ഏറണാകുളം പള്ളുരുത്തി സ്വദേശി പുത്തൻ പറമ്പിൽ രാജീവ് കുമാർ (45) നെ നാദാപുരം ഗവ ആശുപത്രിയിലും പ്രവേശിപ്പിച്ചു

ചേലക്കാട് നിന്നെത്തിയ ഫയർഫോഴ്സും, നാട്ടുകാരും ചേർന്നാണ് അപകടത്തിൽ പെട്ടവരെ രക്ഷപ്പെടുത്തിയത്. കാറിന്റെ മുൻഭാഗം പൂർണ്ണമായി തകർന്ന നിലയിലാണ്.വാഹനത്തിൽ നിന്ന് റോഡിൽ പരന്ന ഓയിൻ ഫയർഫോഴ്സ് കഴുകി ശുചീകരിച്ചു.ഇരു വാഹനങ്ങളും റോഡിൽ നിന്ന് നീക്കി നാദാപുരം കൺട്രോൾ റൂം പൊലീസും സ്ഥലത്തെത്തിയിരുന്നു.

തൂണേരി അപകടത്തിൽ തകർന്ന കാറും, പിക്കപ്പ് ലോറിയും

Department of Science and Technology (DST)
DST
സയൻസ് ആർഡ് എൻജിനീയറിങ് റിസർച്ച് ബോർഡ്
ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി
ഭാരത സർക്കാർ
SERB INDIA

കൊവിഡ്-19, അനുബന്ധ റെസ്പിറേറ്ററി വൈറൽ ഇൻഫെക്ഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട ഡിസൈൻഡ് പ്രൊപ്പോസലുകൾ ഐആർഎച്ച്പിഎ (ഇന്റൻസിഫിക്കേഷൻ ഓഫ് റിസർച്ച് ഇൻ ഹൈ പ്രയോറിറ്റി ഏരിയ) പദ്ധതിയിൻ കീഴിൽ എസ്ഇആർബി പ്രത്യേകമായി ക്ഷണിക്കുന്നു. അക്കാഡമിക്, റിസർച്ച് സ്ഥാപനങ്ങളിൽ നിന്ന് അനുയോജ്യമായ പ്രയത്നങ്ങൾ താഴെപ്പറയുന്ന വിഭാഗങ്ങളിലേക്കാണ് ഗവേഷണ നിർദേശങ്ങൾ ക്ഷണിക്കുന്നത്.

* വാലിഡ് വൈറൽ ടാർഗറ്റ്സ്; വിരസിഡൽ കോട്ടിങ്സ് തുടങ്ങിയവയ്ക്കെതിരേ പുതിയതോ റീപർപസ്ഡ് ആയതോ ആയ ആന്റി വൈറലുകൾ.
* സിംപ്റ്റമാറ്റിക്, അസിംപ്റ്റമാറ്റിക് റസ്പിറേറ്ററി വൈറൽ ഇൻഫെക്ഷനുകൾക്ക് താങ്ങാനാവുന്ന ഡയഗ്ണോസ്റ്റിക്സ്.
* റെസ്പിറേറ്ററി വൈറസുകൾക്കെതിരേ ഇൻവെസ്റ്റിഗേഷണൽ വാക്സിനുകൾ.
* റസ്പിറേറ്ററി വൈറൽ ഇൻഫെക്ഷനുകൾക്ക് ഡിസീസ് മാതൃകകളുടെ വികസനം.
* റസ്പിറേറ്ററി വൈറൽ ഇൻഫെക്ഷനുകൾക്ക് ഇമ്യൂൺ റെസ്പോൺസ്, ഇമ്യൂണിറ്റി എന്നിവയിൽ പഠനം.
* കൊവിഡ്, മറ്റ് റെസ്പിറേറ്ററി ഇൻഫെക്ഷനുകൾ എന്നിവയുടെ എപ്പിഡെമിയോളജി.

യോഗ്യത, പിന്തുണയുടെ സ്വഭാവം, തെരഞ്ഞെടുപ്പ്, അപേക്ഷിക്കേണ്ട വിധം, ഓൺലൈനായി നൽകേണ്ടതിന്റെ മാർഗനിർദേശങ്ങൾ, ആവശ്യമായ രേഖകൾ എന്നിവ www.serbonline.in എന്ന വെബ്സൈറ്റിൽ ലഭ്യം.
SERB ഓൺലൈൻ പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയത് 2020 മാർച്ച് 30 (17:00 മണി).
5&5A, Lower Ground Floor, Vasant Square Mall, Sector-B, Poket-5, Vasant Kunj, New Delhi-110070
davp36207/11/003/1920

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 80 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊറോണ വ്യാപനം തടയാൻ ജാഗ്രതയിൽ ജില്ലാ ഭരണകൂടം

കൂടുതൽ മുന്നൊരുക്കങ്ങളുമായി ഗ്രാമപഞ്ചായത്തുകൾ

തൃശൂർ: കൊറോണ രണ്ടാംഘട്ട പ്രതിരോധ പ്രവർത്തത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൂടുതൽ ജാഗ്രതയോടെ ഇടപെടണമെന്ന് പഞ്ചായത്ത് സെക്രട്ടറിമാരോട് ജില്ലാ കലക്റ്റർ എസ് ഷാനവാസ് നിർദ്ദേശിച്ചു.

വാർഡ് തലത്തിൽ കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും കലക്റ്റർ നിർദ്ദേശിച്ചു. രണ്ടാം ഘട്ടത്തിൽ ക്വാറന്റൈനിലുള്ള ആളുകൾ കൂടുതലാവുകയാണെങ്കിൽ ആശുപത്രികൾക്ക് പുറമെ ഓഡിറ്റോറിയങ്ങൾ, സ്കൂളുകൾ, ഒഴിവായി കിടക്കുന്ന വീടുകൾ എന്നിവ സജ്ജമാക്കേണ്ടതാണ്. ഓരോ വാർഡുകളിലും ബാങ്കുകളുടെ സഹകരണത്തോടെ കൈകഴുകാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

ഓരോ ബസ്സ്റ്റോപ്പുകളിലും ബസ്സ്റ്റാന്റുകളിലും ആളുകൾ കൂടുന്നിടങ്ങളിലും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇവ ലഭ്യമാക്കേണ്ടതാണ്.

അന്യസംസ്ഥാന തൊഴിലാളികൾ, ട്രൈബൽ കോളനികൾ,

തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്കെല്ലാം പ്രത്യേക ബോധവൽക്കരണം നടത്തണം.

കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ചേർന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെ ജില്ലാതല യോഗത്തിലാണ് തീരുമാനം. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്റ്റർ പ്രസാദ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ്കടർ ജോയ് ജോൺ, ഡോ. സതീഷ് എന്നിവർ സംസാരിച്ചു.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സെക്രട്ടറിമാരുടെ സംശയങ്ങൾക്ക് ഡോ. സതീഷ് മറുപടി നൽകി.

ഊരുകളിലേയ്ക്കുള്ള പ്രവേശനം കർശനമായി നിയന്ത്രിക്കും

പാലക്കാട് കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ അട്ടപ്പാടിയിലെ ഊരുകളിലേയ്ക്ക് പുറമെ നിന്നുള്ള ആളുകളുടെ പ്രവേശനം കർശനമായി നിയന്ത്രിക്കും.

അട്ടപ്പാടി മേഖലയിലെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അട്ടപ്പാടി നോഡൽ ഓഫീസറും ഒറ്റപ്പാലം സബ്കലക്റ്ററുമായ അർജുൻ പാണ്ഡ്യന്റെ നേതൃത്വത്തിൽ അഗളി മിനി സിവിൽസ്റ്റേഷനിൽ നടന്ന യോഗത്തിലാണ് തീരുമാനം.

പുറത്തുനിന്നുള്ളവർക്ക് പ്രവേശനം നിയന്ത്രിക്കുന്നതോടൊപ്പം ഊരുകളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഗോത്ര ഭാഷകളിൽ കൊറോണ ബോധവത്ക്കരണം നൽകുന്നതിനും യോഗത്തിൽ തീരുമാനമായി.

സിവിൽ സ്റ്റേഷനിൽ പരിശോധന ആരംഭിച്ചു

പാലക്കാട്: കൊറോണ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി പാലക്കാട് സിവിൽ സ്റ്റേഷനിൽ എത്തുന്ന ജീവനക്കാരെയും പൊതുജനങ്ങളെയും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന തുടങ്ങി. കലക്ടറേറ്റിൽ എത്തുന്നവരുടെ ശരീര ഊഷ്മാവ് പരിശോധിച്ചശേഷമാണ് അകത്തേക്ക് കടത്തി വിടുന്നത്. കൂടാതെ പനി, ജലദോഷം, ചുമ ഉൾപ്പെടെയുള്ള ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെടുക, അടുത്ത കാലത്ത് ചെയ്ത യാത്രകൾ തുടങ്ങിയവ വിവരങ്ങൾ ചോദിച്ചറിയുന്നുണ്ട്. നിലവിൽ സിവിൽ സ്റ്റേഷൻ പരിശോധന നടത്തിയ ആർക്കും തന്നെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടില്ല. കരുണ മെഡിക്കൽ കോളെജിലെ നഴ്സിങ് വിദ്യാർഥികളാണ് പരിശോധന നടത്തുന്നത്.

ഗ്ലോബൽ സോഷ്യോ ഇക്കണോമിക്സ് അസോസിയേഷൻ, പുതുക്കാട് പ്ലാസ, കിഴക്കേകോട്ട, തൃശൂരിന്റെ ആഭിമുഖ്യത്തിൽ കൊറോണ വൈറസിനെതിരേയുള്ള ബോധവത്കരണവും 'ബ്രേക്ക് ദ് ചെയിൻ ' ക്യാംപെയ്ൻ ഉദ്ഘാടനവും റിട്ടയേഡ് ഐഎഎസ് ഉദ്യോഗസ്ഥൻ ഗുണവർധനന്റെ നേതൃത്വത്തിൽ നടന്നപ്പോൾ. കൊറോണ വൈറസിനെതിരേ പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അസോസിയേഷൻ ഭാരവാഹി ജോസ് പുതുക്കാടൻ സംസാരിച്ചു.

കള്ള് ഷാപ്പ് ലേലത്തിനെതിരേ യൂത്ത് കോൺഗ്രസ് പ്രതിഷേധം

കോഴിക്കോട്: കൊറോണ വ്യാപനം തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ വിലക്ക് ലംഘിച്ച് ജില്ലയിൽ നടന്ന കള്ള് ഷാപ്പ് ലേലത്തിനെതിരേ പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ് പ്രവർത്തകർ. നൂറുകണക്കിനാളുകളെ പങ്കെടുപ്പിച്ച് കള്ള് ഷാപ്പ് ലേലം നടക്കവെ പ്രകടനവുമായി എത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ജില്ലാ പ്ലാനിംഗ് കമ്മിറ്റി ഹാൾ ഉപരോധിച്ചു. ഹാളിന് പുറത്ത് ലേലം നിർത്തിവെയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിഷേധ മുദ്രാവാക്യമുയർത്തിയ പ്രവർത്തകർ ലേല നടപടികൾ തടസപ്പെടുത്തി. പ്ലാനിംഗ് കമ്മിറ്റി ഹാളിനകത്തേക്ക് കടക്കാനുള്ള പ്രവർത്തകരുടെ ശ്രമത്തെ ചെറുത്ത പോലീസ് പ്രവർത്തകരെ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്തു നീക്കി.യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ഒ ശരണ്യ ഉൾപ്പെടെയുള്ള വനിതാ പ്രവർത്തകരെ വനിതാ പൊലീസിന്റെ അസാനിധ്യത്തിൽ അറസ്റ്റ് ചെയ്ത് നീക്കിയതും പ്രതിഷേധത്തിനിടയാക്കി.കൊറോണ നിയന്ത്രണം നിലനിൽക്കെ സർക്കാർ നേരിട്ട് നടത്തുന്ന കള്ള് ഷാപ്പ് ലേലം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധം നടത്തിയിരുന്നു.

ഉപരോധസമരത്തിന് യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ആർ ഷെഹിൻ, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ എം ധനീഷ് ലാൽ, വിപി ദുൽഖിഫിൽ, എസ് ശരണ്യ, ജില്ലാ ഭാരവാഹികളായ ബവീഷ് ചേളന്നൂർ, നസീം പെരുമണ്ണ, വൈശാഖ് കണ്ണോറ, മുജീബ് പുറായിൽ,എൻ പി ലബീബ്, ഇ കെ ശീതൾരാജ്, ശ്രീയേഷ് ചെലവൂർ, ജവഹർ പൂമംഗലം, കെ എസ് യു ജില്ലാ പ്രസിഡന്റ് വി ടി നിഹാൽ, നിയോജകമണ്ഡലം പ്രസിഡന്റ്മാരായ സിദ്ദിഖ് പരപ്പിൽ, നിമേഷ്, സുജിത്ത് ഒളവണ്ണ, അജയ് ബോസ്, സഹീർ എരഞ്ഞോള, പ്രത്യുഷ് ഒതയോത്ത്, ഷമീർ ഓമശ്ശേരി, ടി എം വരുൺ എന്നിവർ നേതൃത്വം നൽകി.

തൃശൂരിലും പ്രതിഷേധം

തൃശൂർ: ടൗൺ ഹാളിൽ നടന്ന തൃശൂർ ജില്ലയിലെ വിവിധ റേഞ്ചുകളിലേക്കു നടന്ന ഷാപ്പ് ലേലം കൊറോണ ഭീതിയുടെ കാലത്തു ജനങ്ങളെ വെല്ലു വിളിക്കുന്നതിന് തുല്ല്യമെന്നു യൂത്ത് കോൺഗ്രസ്. ടൗൺ ഹാളിലേക്ക് യൂത്ത് കോൺഗ്രസ് പ്രതിഷേധം സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് അഡ്വ ഒ.ജെ ജനീഷ്, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അഡ്വ സി പ്രമോദ്, ശോഭ സുബിൻ, ജില്ലാ വൈസ് പ്രസിഡന്റ് ജെലിന് ജോൺ, കെഎസ്‌യു ജില്ലാ പ്രസിഡന്റ് മിഥുൻ മോഹൻ, ജില്ലാ സെക്രട്ടറിമാരായ ജെറോൺ ജോൺ, അൽജോ പുത്തൂർ, സുധീഷ് ടി ഡി, അഡ്വ ശ്യാം കുമാർ, ജിജോ മോൻ, വൈശാഖ് വേണു ഗോപാൽ ഗണേഷ് ആറ്റൂർ, വിഘ്നേശ് എന്നിവർ അറസ്റ്റ് വരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഭിലാഷ് പ്രഭാകർ, ജോമോൻ കൊള്ളന്നൂർ, അഭിലാഷ് ശ്രീനിവാസൻ, ഹക്കീം ഇക്ബാൽ എന്നിവർ സംബന്ധിച്ചു.

പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായി മെറ്റ്സ് കോളെജ്

മാള : മെറ്റ്സ് എൻജിനീയറിങ് കോളെജും കുരുവിലശ്ശേരി ഗ്രാമീണ വായനശാലയും സംയുക്തമായി ബ്രേക്ക് ദി ചെയിൻ ക്യാംപയിനും, സൗജന്യ ഹാൻഡ് സാനിറ്റൈസറുകളുടെ വിതരണവും നടത്തി. ലോകാരോഗ്യ സംഘടനയുടെ നിർദേശങ്ങൾ പാലിച്ച്കൊണ്ട് മെറ്റ്സ് ബയോടെക്നോളജി ഗവേഷണ ലാബിൽ നിർമിച്ച ഹാൻഡ് സാനിറ്റൈസറുകൾ വലിയപറമ്പ് ജംഗ്ഷനിലുള്ള വഴിയാത്രക്കാർക്കും, കച്ചവടക്കാർക്കും, ഓട്ടോ ഡ്രൈവർമാർക്കും, വിദ്യാർഥികൾക്കും കോളെജ് പ്രിൻസിപ്പൽ ഡോ സുരേഷ് വേണുഗോപാൽ വിതരണം ചെയ്തു.

ചടങ്ങിൽ പഞ്ചായത്ത് മെമ്പർമാരായ ബിന്ദു ബാബു, പി. കെ. രാധാകൃഷ്ണൻ, കോളെജ് അഡ്മിനിസ്ട്രേറ്റർ ടി ജി നാരായണൻ, വായനശാല പ്രസിഡന്റ് പി. കെ. രത്നാകരൻ എന്നിവർ സംസാരിച്ചു.

ഹാൻഡ് വാഷ് ചലഞ്ച്

വടക്കാഞ്ചേരി: യൂത്ത് കോൺഗ്രസ്-കെഎസ്‌യു വടക്കാഞ്ചേരി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ ആഹ്വാനപ്രകാരം വടക്കാഞ്ചേരി കോടതി പരിസരത്ത് ഹാൻഡ് വാഷ് ചലഞ്ച് നടത്തി. കൊറോണയെ തുരത്താൻ വ്യക്തി ശുചിത്വം പാലിക്കുകയാണ് ആകെയുള്ള മാർഗം. യൂത്ത് കോൺഗ്രസ് വടക്കാഞ്ചേരി നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജിജോ തലക്കോടൻ അധ്യക്ഷത നാ യി. പരിപാടിയിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പി എൻ വൈശാഖ് ഉദ്ഘാടനം ചെയ്തു.

മുരിങ്ങൂർ തണൽ കുടുംബശ്രീ യൂണിറ്റിലെ പ്രവർത്തകർ മാസ്കുകൾ നിർമിക്കുന്നു

കൊറോണയെ പ്രതിരോധിക്കുവാൻ

മാസ്കുകളുമായി വനിതാ കൂട്ടായ്മ

ചാലക്കുടി: കൊറോണയെ പ്രതിരോധിക്കുവാൻ മാസ്കുകൾ വനിത കൂട്ടായ്മ. ഹരിത കേരള മിഷനു വേണ്ടിയാണ് മേലൂർ പഞ്ചായത്തിലെ പതിനാറാം വാർഡിൽ പ്രവർത്തിക്കുന്ന മുരിങ്ങൂർ തണൽ കുടുംബശ്രീ യൂണിറ്റാണ് മാസ്കുകൾ തയ്യാറാക്കുന്നത്. ഗുണമേൻമയുള്ള കോട്ടൺ തുണിയിൽ പ്രത്യേക അളവുകളിലാണ് മാസ്കുകൾ തയ്യിക്കുന്നത്. അയ്യായിരത്തോളം മാസ്കുകളാണ് ആദ്യഘട്ടത്തിൽ അടിയന്തിരമായി തയ്യാറാക്കുവാനാണ് ഇവരോട് നിർദ്ദേശിച്ചിരിക്കുന്നത്. ഓരോ ദിവസവും തയ്യിക്കുന്ന മാസ്കുകൾ കൊറിയർ വഴി കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്റ്റർക്ക് തിരുവനന്തപുരത്തേക്ക് അയക്കുകയാണ്.തണൽ കോഡിനേറ്ററും സിഡിഎസ് മെമ്പറുമായ ലത സന്തോഷിന്റെ നേതൃത്വത്തിലാണ് മാസ്കുകൾ തയ്യാറാക്കുന്നത്. സാധരാണ മറ്റു ജോലികൾ ഒഴിവാക്കി പ്രത്യേക സാഹചര്യം കണക്കിലെടുത്ത് രാത്രി എട്ട് മണിവരെ എല്ലാം ഇരുന്ന് തയ്യിച്ചാണ് ഇവർ കൊറോണ പ്രതിരോധ പ്രവർത്തിന് ഏറെ പ്രാധാന്യമുള്ള മാസ്ക്ക് ഒരുക്കുന്നത്.

അണുനാശിനി ഉപയോഗിച്ച് കഴുകി വൃത്തിയാക്കി വീണ്ടും ഉപയോഗിക്കാവുന്ന തരത്തിലുള്ള മാസ്കുകളാണ് ഇവിടെ നിർമിക്കുന്നത്. പുറമെ മാർക്കറ്റിൽ അമിത വില ഈടാക്കി മാസ്കുകൾ വിൽക്കുമ്പോൾ ചുരുങ്ങിയ വിലക്കാണ് ഇവർ കുടുംബശ്രിക്കായി തയ്യിച്ച് കൊടുക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മൂന്ന് ലക്ഷം രൂപ ലോണെടുത്ത് ആറ് പേർ ചേർന്നാണ് മേലൂർ പഞ്ചായത്തിലെ മുരിങ്ങൂർ മണ്ടിക്കുന്നിലുള്ള വായന ശാലയുടെ മുകളിലാണ് തണലെന്ന പേരിൽ തയ്യൽ യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. ഇതിന് പുറമെ ബീവറേജസ് കോർപ്പറേഷൻ വേണ്ടി തുണി സഞ്ചി നിർമിക്കുവാനും ഇവർക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്.പ്രസിഡന്റ് ജീന ജോജോ, സെക്രട്ടറി ജോഷ്മി ലിജു, ജെയ്സി സേവ്യാർ, ഹെൽന ഷിബു, ഷീല ഡേവീസ് എന്നിവർ ചേർന്നാണ് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്.

ആരോഗ്യ & കുടുംബക്ഷേമ മന്ത്രാലയം
ഭാരത സർക്കാർ

Help us to help you

നൊവേൽ കൊറോണവൈറസ് (കൊവിഡ്-19)

വീട്ടിൽ നിരീക്ഷണത്തിലിരിക്കേണ്ടത് എപ്പോഴാണ്?

പ്രത്യേകിച്ച് ലക്ഷണമൊന്നുമില്ലെങ്കിലും താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ:

കൊവിഡ്-19 ബാധിക്കപ്പെട്ട രാജ്യത്ത് കഴിഞ്ഞ 14 ദിവസത്തിനിടെ യാത്ര ചെയ്തിട്ടുണ്ടെങ്കിൽ

കൊവിഡ്-19 ബാധയുമായി ശാരീരിക സമ്പർക്കമോ ശരീരസ്രവ സമ്പർക്കമോ വസ്തുക്കളുമായി സമ്പർക്കമോ ഉണ്ടായിട്ടുണ്ടെങ്കിൽ

കൊവിഡ്-19 സംശയിക്കപ്പെട്ട വ്യക്തിയോടൊപ്പം അതേ വീട്ടിൽ താമസിക്കുകയും ആ വ്യക്തിക്ക് രോഗബാധ സ്ഥിരീകരിക്കുകയും ചെയ്താൽ

14 ദിവസത്തേക്ക് വീട്ടിൽ സ്വയം നിരീക്ഷണത്തിൽ കഴിയുക

നന്നായി വായുസഞ്ചാരമുള്ള സിംഗിൾ റൂമിൽ താമസിക്കുക

ശ്വസനവുമായും കൈകളുമായും ബന്ധപ്പെട്ട് ശുചിത്വം പാലിക്കുക

മറ്റുള്ളവരുമായി ഒരു മീറ്റർ അകലം പാലിക്കുക. പ്രായമുള്ളവർ, ഗർഭിണികൾ, കുട്ടികൾ എന്നിവരിൽ നിന്ന് അകന്നു നിൽക്കുക

താങ്കളൊരു കൊവിഡ്-19 സാധ്യതാ വ്യക്തിയോ ഉറപ്പാക്കിയ വ്യക്തിയോ ആണെങ്കിൽ, ലക്ഷണങ്ങൾ പ്രകടമാകുന്നുവെങ്കിൽ, ഒരു മുഖാവരണം ധരിക്കുക.

വീട്ടിലെ വസ്തുക്കൾ പങ്കുവയ്ക്കുന്നത് ഒഴിവാക്കുക

വീട്ടിൽ സന്ദർശകരെ നിർബന്ധമായും ഒഴിവാക്കുക

davp 17102/13/0026/1920

വീട്ടിലെ നിരീക്ഷണത്തിൽ ചെയ്യേണ്ടതും പാടില്ലാത്തതുമായ കാര്യങ്ങൾ നിങ്ങൾക്കും കുടുംബത്തിനും അറിയാൻ www.mohfw.gov.in

നമുക്കൊന്നിച്ച് പൊരുതാം കൊവിഡ്-19നെതിരേ!

വീട്ടിലെ നിരീക്ഷണത്തിനിടെ സുഖമില്ലായ്മ തോന്നിയാൽ (ചുമ, പനി, ശ്വാസതടസം) ഉടനടി ഹെൽപ്ലൈൻ നമ്പരുകളിൽ വിളിക്കുക.

കൂടുതൽ വിവരങ്ങൾക്ക്:
സംസ്ഥാന ഹെൽപ്ലൈൻ നമ്പരുകളിലോ ഭാരത സർക്കാരിന്റെ ആരോഗ്യ- കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 24x7 ഹെൽപ്ലൈൻ നമ്പരിലോ വിളിക്കുക

1075 (Toll Free) | 011-23978046
Email to: ncov2019@gov.in , ncov2019@gmail.com

mohfw.gov.in @MoHFWIndia @MoHFW_INDIA mohfwindia

ഇത് മുറിച്ചെടുത്ത് നിങ്ങൾക്ക് ഓഫിസുകൾ/പൊതു സ്ഥലങ്ങൾ/വീടുകൾ എന്നിവിടങ്ങളിൽ ഒട്ടിച്ചുവയ്ക്കാവുന്നതാണ്.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 8 റജബ് 25

2020 മാർച്ച് 21 ശനി

കുറ്റവാളികളിൽ ഭയം ഉണർത്തേണ്ട നീതിപാഠം

മാർച്ച് 20. ഇന്ത്യൻ പെൺമക്കളുടെ സൂര്യോദയം. സ്വതന്ത്ര ഭാരതം നേരിട്ട ഏറ്റവും വലിയ ബലാത്സംഗ പീഡന കേസിന്റെ അന്തിമ വിധി നടപ്പാക്കപ്പെട്ടപ്പോൾ തിഹാർ ജയിലിനു പുറത്തു തടിച്ചുകൂടിയ നൂറുകണക്കിന് ആളുകൾ വിളിച്ചുപറഞ്ഞ വാചകം. ആഹ്ലാദ സൂചകമായി അവർ പരസ്പരം മധുരം വിതരണം ചെയ്താണു മടങ്ങിയത്. ഈ സമയത്ത് അങ്ങകലെ ഡൽഹി ദ്വാരകയിലെ അപ്പാർട്ട്മെന്റിനുള്ളിൽ നെടുവീർപ്പോടെ ഒരമ്മയുടെ പ്രാർഥനയും പൂർത്തിയായി- എന്റെ മകളുടെ ആത്മാവിന് ഇനി നിത്യശാന്തി. തിഹാർ ജയിലിനു പുറത്തു തടിച്ചു കൂടിയവരും ദ്വാരകയിൽ കരഞ്ഞു കണ്ണീർ വിറ്റിപ്പോയ ആശാദേവി എന്ന അമ്മയും ഇന്ത്യയുടെ പ്രതീകങ്ങളാണ്. പെൺമക്കളുള്ള എല്ലാ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ബന്ധുക്കളുടെയും നാട്ടുകാരുടെയും പ്രതീകം. കഴിഞ്ഞ ഏഴു വർഷമായി ഇവരെല്ലാം നടത്തിയ നിയമ പോരാട്ടത്തിന്റെ പ്രതിഫലമാണു നിർഭയ കേസിൽ നാലു പ്രതികളെ ഇന്നലെ പുലർച്ചെ കഴുവേറ്റിയത്. ദയയുടെ കണിക പോലും അർഹിക്കാത്തവരെന്ന് അവരുടെ മാതാപിതാക്കളും ഉറ്റവരും പോലും വിധിച്ച കൊടുംകുറ്റവാളികളാണവർ.

പ്രതികളുടെ മനുഷ്യാവകാശങ്ങളെക്കുറിച്ച് വളരെ ചെറിയൊരു ന്യൂനപക്ഷം ആശങ്കാകുലരെങ്കിലും രാജ്യത്തു നിലനിൽക്കുന്ന നീതിന്യായ- നിയമ സംവിധാനങ്ങളുടെ കരുത്തിനാണ് ഇന്നലത്തെ പുലരി സാക്ഷ്യം വഹിച്ചത്. അപൂർവങ്ങളിൽ അത്യപൂർവമായ ഒരു കൊടുംകുറ്റകൃത്യത്തിനുള്ള പരമാവധി ശിക്ഷ നടപ്പാക്കലായി മാത്രമേ ബഹുഭൂരിപക്ഷം ജനങ്ങളും ഇതിനെ കാണൂ. ഒരാളുടെ ജീവനു വില നൽകാത്തവർക്കുള്ള കരുത്തുറ്റ താക്കീതും അവരെ കടന്നാക്രമിക്കുന്നവരെ പേടിപ്പെടുത്തുന്ന മുന്നറിയിപ്പുമാണ് ഈ ശിക്ഷ. നിർഭയ കേസിന്റെ അന്വേഷണവും വിചാരണയും വിധിപ്രസ്താവവും വളരെ വേഗത്തിലാണു പൂർത്തിയായത്. ഈ സംഭവത്തെത്തുടർന്നു നമ്മുടെ പാർലമെന്റിലുണ്ടായ നിയമനിർമാണങ്ങൾക്കുമുണ്ടായിരുന്നു വലിയ വേഗം. എന്നാൽ വിചാരണക്കോടതി പ്രതികൾക്കു വിധിച്ച മരണശിക്ഷ നടപ്പാക്കുന്നത് വല്ലാതെ നീണ്ടു പോയി. ഏഴു വർഷവും മൂന്നു മാസവും മൂന്നു ദിവസവും നീണ്ടു നിന്ന നിയമ പോരാട്ടം, പ്രതികളെ തൂക്കിലേറ്റുന്നതിനു മണിക്കൂറുകൾക്കു മുൻപ്, വ്യാഴാഴ്ച അർധ രാത്രി വരെ നീണ്ടു. പ്രതികളുടെ മനുഷ്യാവകാശങ്ങൾ മാനിച്ച്, വധ ശിക്ഷ സ്റ്റേ ചെയ്യണമെന്ന ആവശ്യവുമായി പ്രതികളുടേതെന്ന പേരിൽ മുതിർന്ന അഭിഭാഷകൻ എ.പി. സിങ് സുപ്രീം കോടതിയിൽ ഹാജരായെങ്കിലും പുതിയ വാദമുഖങ്ങളൊന്നുമില്ലെന്നു പറഞ്ഞു മൂന്നംഗ ബെഞ്ച് തള്ളി. ഈ സമയം, തിഹാർ ജയിലിൽ പ്രതികൾ അവസാനത്തെ ഭക്ഷണവും നിരസിച്ച് കഴുമരത്തിലേക്കു നടക്കാനുള്ള തയാറെടുപ്പിലായിരുന്നു.

പ്രതികളുടെ മനുഷ്യാവകാശങ്ങൾക്കു വേണ്ടി അവസാന നിമിഷം വരെ വാദിച്ച മുതിർന്ന അഭിഭാഷകരായ ഇന്ദിരാ ജയ്സിങ്, റബേക്കാ ജോൺ, എ.പി. സിങ് തുടങ്ങിയവർ നിർഭയ എന്ന ഒരു സാധു പെൺകുട്ടിയുടെ ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച് മറന്നു പോയി. 2012 ഡിസംബർ 19ന് ഡൽഹിയിലെ സഫ്ദർജംഗ് ആശുപത്രിയിലെ മരണക്കിടക്കയിൽ കിടന്നുകൊണ്ട് അവൾ അമ്മയോട് അവസാനമായി കെഞ്ചി, ''അമ്മേ, എനിക്ക് ഇനിയും ജീവിക്കണം.''അവളുടെ ജീവൻ രക്ഷിക്കാൻ ഈ അമ്മയ്ക്കൊപ്പം ഒരു രാജ്യം മുഴുവൻ എല്ലാ ശ്രമവും നടത്തിയെങ്കിലും വിജയിച്ചില്ല. തുടർന്നു തന്റെ മകളുടെ ജീവനെടുത്തവർക്കു പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കണമെന്ന അവരുടെ ദൃഢനിശ്ചയം പോലും പല തവണ വെല്ലുവിളിക്കപ്പെട്ടു. കഴിഞ്ഞ ഡിസംബർ 18ന് പ്രതികളുടെ മരണവോറണ്ട് സ്റ്റേ ചെയ്യപ്പെട്ടപ്പോൾ, അവർ കോടതിക്കു മുന്നിൽ പൊട്ടിത്തെറിച്ചതും അതിനു കോടതി നൽകിയ മറുപടിയും നിയമചരിത്രത്തിലെ വലിയൊരു ഏടായി രേഖപ്പെടുത്തപ്പെട്ടു.

''നിങ്ങൾ എന്തുകൊണ്ട് പ്രതികളുടെ മനുഷ്യാവകാശങ്ങൾക്ക് ഇത്ര പ്രാധാന്യം നൽകുന്നു. എന്തുകൊണ്ട് എന്റെ മനുഷ്യാവകാശങ്ങളെ മാനിക്കുന്നില്ല''എന്നായിരുന്നു ആശാദേവിയുടെ ചോദ്യം. ഡൽഹി അഡിഷണൽ സെഷൻസ് ജഡ്ജി സതീഷ് കുമാർ അറോറയുടെ മറുപടിയും നിയമവൃത്തങ്ങളിൽ വലിയ മതിപ്പുണ്ടാക്കിയിരുന്നു. '' നിങ്ങളോട് എനിക്കു സഹതാപമുണ്ട്. ഇവിടെ ഒരാൾ കൊല്ലപ്പെട്ടിരിക്കുന്നു എന്നതു വാസ്തവമാണ്. എന്നാൽ പ്രതികൾക്കും അവരുടേതായ അവകാശങ്ങളുണ്ട്. ഞങ്ങൾ ഇവിടെ ഇരിക്കുന്നതു നീതി നടപ്പാക്കാനാണ്. പക്ഷേ, നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നു കൊണ്ടു മാത്രം.''

നിയമങ്ങളുടെ ഈ പരിധിക്കെല്ലാം ഉള്ളിൽ നിന്നുകൊണ്ട്, പ്രതികൾക്കു ലഭിക്കാവുന്ന മുഴുവൻ നിയമ സംരക്ഷണങ്ങളും തലനാരിഴ കീറി പരിശോധിച്ച ശേഷം, അവർക്കു നിയമത്തിന്റെ ആനുകൂല്യങ്ങളെല്ലാം നൽകിയ ശേഷമാണു വിധി നടപ്പായത്. അതിന്റെ അർഥം, കൊടുംകുറ്റകൃത്യങ്ങൾക്കു വധശിക്ഷ തന്നെ എന്ന ഇന്ത്യൻ ശിക്ഷാ നിയമം അത്രമേൽ ശക്തമാണ്. അതിൽ ഒരിളവും വേണ്ടെന്നു നമ്മുടെ നിയമ വ്യവസ്ഥപോലും ഉറപ്പുവരുത്തുന്നു. ലോകത്ത് 140 രാജ്യങ്ങളിൽ വധശിക്ഷ വിലക്കിയിട്ടുണ്ട്. ഇന്ത്യ, ചൈന, യുഎസ്, ബ്രിട്ടൻ, പ്രമുഖ മുസ്ലിം രാജ്യങ്ങൾ തുടങ്ങി ജനസംഖ്യയുടെ 60 ശതമാനത്തിലധികം പേർ വസിക്കുന്ന രാജ്യങ്ങളിൽ വധശിക്ഷ പ്രാബല്യത്തിലുണ്ട്. വലിയ

കുറ്റകൃത്യങ്ങൾക്കു വലിയ ശിക്ഷ എന്നതാണ് അതിന് ഈ രാജ്യങ്ങൾ നൽകുന്ന വിശദീകരണം. 2007 ഡിസംബറിൽ ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി വധശിക്ഷയെക്കുറിച്ചു ചർച്ച ചെയ്തു വോട്ടിനിട്ടപ്പോൾ ഇതു തുടരണമെന്നാണ് ഇന്ത്യ സ്വീകരിച്ച നിലപാട്. എന്നാൽ 2015ൽ ദേശീയ നിയമ കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിൽ രാജ്യദ്രോഹക്കുറ്റങ്ങൾക്കും ഭീകര പ്രവർത്തനങ്ങൾക്കുമല്ലാതെ വധശിക്ഷ പാടില്ലെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ പരിഗണിക്കുന്നില്ലെന്നതിന്റെ സൂചനയാണു നിർഭയ കേസിൽ പ്രതികളെ തൂക്കിലേറ്റിയതിനോടു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതികരണം.

വധശിക്ഷ മനുഷ്യാവകാശങ്ങളുടെ പരിധിയിൽ വരുന്നില്ലെന്ന് രാജ്യത്തെ പ്രമുഖ നിയമപണ്ഡിതർ ഏക സ്വരത്തിൽ വാദിക്കുന്നു. ജീവിക്കാനുള്ള ഒരാളുടെ ഭൗതികവും മാനുഷികവും നിയമപരവുമായ അവകാശത്തെ ഇല്ലായ്മ ചെയ്യുന്നവരാണ് കൊലപാതകം പോലുള്ള കൊടുംകുറ്റകൃത്യങ്ങൾ ചെയ്യുന്നത്. സാധാരണ കുറ്റകൃത്യങ്ങളുടെ പരിധിയിൽ വരുന്നവയൊഴികെ, അപൂർവങ്ങളായ അസാധാരണത്വമുള്ള മുഴുവൻ കേസുകളിലും പ്രതികൾക്കു വധശിക്ഷ തന്നെ നൽകണമെന്ന വലിയ പാഠമാണ്, അൽപ്പം വൈകിയെങ്കിലും നിർഭയ കേസ് രാജ്യത്തെ ഓർമിപ്പിക്കുന്നത്.

മെട്രോ ക്വിസ്



1. പോർച്ച്ഗ്രീസ് വൈസ്രോയി ആയ അൽമേഡ നിർമ്മിച്ച കോട്ട ഏത്?
2. ഭാരതപ്പുഴയുടെ മറ്റോരു പേരെന്താണ്?
3. പാതിരാമണൽ ദ്വീപ് സ്ഥപിച്ച തിരുവിതാംകൂർ ദിവാൻ ആര്?
4. കേരളത്തിലെ ആദ്യത്തെ മുസ്ലീം പള്ളി ഏത്?
5. കേരളത്തിലെ ഏക പ്രകൃതി ദത്ത അണക്കെട്ട് ഏത്?
6. കേരളത്തിലെ ഏറ്റവും വിസ്തീർണ്ണം കുറഞ്ഞ മുൻസിപാലിറ്റി ഏത്?

ഉത്തരങ്ങൾ

1. സെന്റ് ആഞ്ചലോസ് കോട്ട
2. നിള
3. വേലുത്തമ്പി ദളവ
4. ചേരമാൻ ജുമാമസ്ജിദ് (കൊടുങ്ങല്ലൂർ)
5. ബാണാസുരസാഗർ
6. ഗുരുവായൂർ

ധൂർത്ത് ഒഴിവാക്കേണ്ടതു തന്നെയാണ്

ജി. സുകുമാരൻ നായർ
എൻഎസ്എസ് ജനറൽ സെക്രട്ടറി

സമുദായാംഗങ്ങൾക്കിടയിലെ വിവാഹധൂർത്ത് ഒഴിവാക്കുന്നത് സംബന്ധിച്ച് ഇതിനുമുമ്പ് നിരവധി തവണ എൻഎസ്എസ് ആഹ്വാനം ചെയ്തിരുന്നു. എങ്കിൽ കൂടിയും, ഇന്നും വിവാഹം, ഉത്സവം, ഗൃഹപ്രവേശനം, മരണാനന്തരചടങ്ങുകൾ തുടങ്ങിയ കാര്യങ്ങളിൽ ധൂർത്ത് ഇപ്പോഴും തുടർന്നു വരുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

മുമ്പുണ്ടായിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി, അണുകുടുംബങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിലും ഓരോ കുടുംബവും സ്വയംപര്യാപ്തമാകണമെങ്കിൽ അവർ ഏതു ധൂർത്തിനോടും വിടപറയേണ്ടത് ഇന്നും അനിവാര്യമാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആഡംബരഭ്രമത്തിലും അടിയന്തര ബഹുലതയിലും അകപ്പെട്ട്, തകർന്നടിഞ്ഞു കൊണ്ടിരുന്ന സമൂഹത്തെ നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ സംഘടനയ്ക്കു രൂപംനല്കി, അതിലൂടെ കർമ്മനിരതമാക്കാൻ ശ്രീ മന്നത്തു പത്മനാഭനു കഴിഞ്ഞു. എങ്കിലും, ഓരോ കുടുംബവും ഇപ്പോഴും നേരിടുന്നതും പരിഹരിക്കപ്പെടേണ്ടതുമായ വെല്ലുവിളികളിൽ മാരകമായിട്ടുള്ളത് മംഗല്യധൂർത്താണ്. അതുപോലെതന്നെ സമൂഹം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം ഉത്സവങ്ങൾ, മത്സരവെടിക്കെട്ട്, ആനക്കമ്പം, ഇടതടവില്ലാതെ നടത്തുന്ന സപ്താഹസത്രങ്ങൾ എന്നിവയുടെ പേരിലുള്ള ധൂർത്താണെന്ന കാര്യവും നേരത്തെ അറിയിച്ചിരുന്നതാണ്.

നിരവധി കുടുംബങ്ങൾ കടക്കെണിയിൽ വീഴാനും, സാമ്പത്തികത്തകർച്ചയ്ക്ക് ഇടയാകാനും കാരണമാകുന്നത് മംഗല്യധൂർത്താണ്. ദുരഭിമാനമാണ് ഇതിന് പ്രധാന കാരണം. പെൺമക്കളെ ഒരു കുറവും കൂടാതെ, വിവാഹം നടത്തി അയയ്ക്കണമെന്ന ആഗ്രഹം എല്ലാ മാതാപിതാക്കൾക്കും ഉണ്ടാകാം. എന്നാൽ തങ്ങളുടെ സാമ്പത്തികസ്ഥിതി അറിഞ്ഞ് അതു നിർവഹിക്കാനുള്ള ഇച്ഛാശക്തി, മാതാവിനും പിതാവിനും ഒരുപോലെ ഉണ്ടാകേണ്ടതാണ്.

നിരവധി കുടുംബങ്ങൾ കടക്കെണിയിൽ വീഴാനും, സാമ്പത്തികത്തകർച്ചയ്ക്ക് ഇടയാകാനും കാരണമാകുന്നത് മംഗല്യധൂർത്താണ്. ദുരഭിമാനമാണ് ഇതിന് പ്രധാന കാരണം.

വിവാഹനിശ്ചയം മുതൽ അത് ശ്രദ്ധിക്കേണ്ടതാണ്. വിവാഹവേദിയിൽ വധുവിനെ അണിയിച്ചൊരുക്കുന്ന സ്വർണാഭരണങ്ങളുടെയും വേഷവിധാനങ്ങളുടെയും കാര്യത്തിലാണ് സാമ്പത്തികനില മറന്നുള്ള മത്സരം നടന്നുവരുന്നത്. വിവാഹസദ്യയുടെ കാര്യം പിന്നെ ചോദിക്കാനുമില്ല. ഇക്കാര്യത്തിൽ മറ്റുള്ളവരോടൊപ്പം എത്താൻ, കടമായും സ്വന്തം കിടപ്പാടം പണയപ്പെടുത്തിയും തൽക്കാലകാര്യം കാണുന്നവർ, കടം കയറിയും കിടപ്പാടം നഷ്ടപ്പെട്ടും ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന എത്രയോ സംഭവങ്ങളാണ് ഇപ്പോഴും കണ്ടുവരുന്നത്.

ക്ഷണക്കത്തുകൾ മുതൽ തുടങ്ങുന്നു ദുർവ്യയങ്ങൾ. വിവാഹനിശ്ചയങ്ങൾ പോലും വിവാഹംപോലെ ആർഭാടമാക്കുന്ന പതിവ്, വിവാഹനിശ്ചയത്തോടൊപ്പം മോതിരം കൈമാറുന്ന ചടങ്ങ്, വിവാഹത്തിന്റെ തലേന്നാൾ വധുവിന്റെ വീട്ടിലെ വിരുന്നുസൽക്കാരം, വിവാഹാനന്തരം വരന്റെ വീട്ടിലെ സായാഹ്നവിരുന്ന് ഇങ്ങനെ പോകുന്നു അനാവശ്യച്ചടങ്ങുകൾ. അനുകരണഭ്രമത്താലും, ദുരഭിമാനഭീതിയാലും സാധാരണക്കാർ പലപ്പോഴും ഇത്തരം ചടങ്ങുകൾക്ക് നിർബന്ധിതരാവുന്നു എന്നതാണ് വസ്തുത. അതോടെ അത്തരം കുടുംബങ്ങൾ നാശോന്മുഖമാകുന്നു. ഇത്തരം അനാവശ്യമായ ആർഭാടം ഒഴിവാക്കാൻ സ്വയം നിയന്ത്രിക്കേണ്ടത് സമൂഹനന്മയ്ക്ക് ആവശ്യമാണെന്നും മുമ്പ് ഓർമ്മിപ്പിച്ചിരുന്നു.

വിവാഹനിശ്ചയച്ചടങ്ങ് അടുത്തബന്ധുക്കളെ മാത്രം പങ്കെടുപ്പിച്ച് നടത്താനും അത് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനും ശ്രമിക്കുക, വിവാഹത്തിനാണെങ്കിലും ക്ഷണം ആവശ്യാനുസരണം പരിമിതപ്പെടുത്തുക, വിവാഹവേദി ആഡംബരരഹിതമാക്കുക, വിവാഹസമയം വധുവിനെ കുടുംബത്തിന്റെ കഴിവിനനുസൃതമായി സ്വർണാഭരണങ്ങൾ അണിയിക്കുക, വേഷവിധാനങ്ങൾ ക്രമപ്പെടുത്തുക, വിവാഹാനന്തരം പാരമ്പര്യവിധിപ്രകാരമുള്ള വിഭവസമൃദ്ധമായ സസ്യഭോജനം ഒരുക്കുക, മറ്റ് അനാവശ്യച്ചടങ്ങുകൾ നിർബന്ധമായും ഒഴിവാക്കുക തുടങ്ങിയ മുൻകരുതലുകളാണ് വിവാഹധൂർത്ത് ഒഴിവാക്കാൻ സ്വീകരിക്കേണ്ടത് എന്നുമാണ് പറഞ്ഞിരുന്നത്.

സമൂഹത്തിൽ കൂടുതൽ സമ്പത്തുള്ളവരാണ് ഇക്കാര്യത്തിൽ മറ്റുള്ളവർക്ക് മാതൃകയാകേണ്ടത്. അവരുടെ സ്വാർഥതയും മത്സരവുമാണ് സാധാരണക്കാരെ ഇത്തരം ധൂർത്തിലേക്ക് പ്രേരിപ്പിക്കുന്നത്. അവരെ ഓർത്തെങ്കിലും, ആർഭാടവും അനാവശ്യച്ചടങ്ങുകളും ഒഴിവാക്കി, സമ്പത്തുള്ളവർ ഇക്കാര്യത്തിൽ മിതവ്യയം പാലിച്ച് സമൂഹത്തിന് മാതൃകയാകണം എന്ന അഭിപ്രായവും മുമ്പ് അറിയിച്ചിരുന്നു.

ഇക്കാര്യത്തിൽ കുറെയേറെ മാറ്റങ്ങൾ സമുദായത്തിൽ വന്നിട്ടുള്ളതായി അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. എങ്കിലും, ഇത്തരം ദുർവ്യയം പൂർണമായും അവസാനിപ്പിച്ച് സാമ്പത്തികഭദ്രത ഉറപ്പാക്കുവാൻ ഇനിയും ശ്രദ്ധിക്കേണ്ടതുള്ളതിനാലാണ് ഇക്കാര്യത്തിൽ വീണ്ടും അഭ്യർഥന പുറപ്പെടുവിക്കുന്നത്. ഇത് പ്രാവർത്തികമാകേണ്ടത് സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്ക് ആവശ്യവുമാണ്.

കോവിഡ് പിടിയിലെ ഇന്ത്യ

വിജയ് ചൗക്ക്

സുധീർ നാഥ്

ലോകം വ്യക്തികളിലേയ്ക്ക് ചുരുങ്ങുന്ന കാഴ്ചയാണ് നമ്മൾ ഇപ്പോൾ കോറോണ കാലത്ത് കാണുന്നത്. കൊറോണ 19 വയറസിന് ജാതിയോ, മതമോ, രാഷ്ട്രീയമോ, പ്രവാസിയോ, സ്വദേശിയോ, അഭയാർത്ഥിയോ എന്ന വ്യത്യാസമില്ലാതെ ലോകം മുഴുവൻ ഭയാനകമായ സ്ഥിതി വിശേഷം ഉണ്ടാക്കിയിരിക്കുന്നു. കോവിട് 19 വയറസിനെ പിടിച്ചു കെട്ടാൻ മരുമരുന്ന് ലോകത്ത് ഇന്ന് വരെ കണ്ടെത്തിയിട്ടില്ല. അതിനുള്ള പരിക്ഷണം ലോകത്തെ വ്യത്യസ്ത വയറോളജി ലാബുകളിൽ നടക്കുന്നുണ്ട്.

ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥ തകർന്ന് തരിപ്പണമായികൊണ്ടിരിക്കുന്നതിനിടയിലാണ് കൊറോണ വയറസ് അക്രമണം. ഇപ്പോൾ ലോക സമ്പദ് വ്യവസ്ഥ തന്നെ കൊറോണ വയറസിന്റെ വരവോടെ വലിയ പ്രതിസന്ധിയിലേക്ക് പോകുന്ന കാഴ്ചയാണ് കാണുന്നത്. ലോകത്തെ പ്രധാന കമ്പനികൾ ഉത്പാദനം വെട്ടിക്കുറക്കുന്നു. അത് തന്നെയാണ് ഇന്ത്യയിലും അവർത്തിക്കുന്നത്. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടമാകുന്നു. ഈ പ്രതിസന്ധി മറികടക്കാൻ ലോകരാഷ്ട്രങ്ങൾ തലപുകഞ്ഞ് ആലോചിക്കുകയാണ്. ലോകത്തെ മറ്റ് രാജ്യങ്ങൾ അവിടത്തെ ജനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ച് ആശ്വസിപ്പിക്കുന്ന കാഴ്ച നമ്മൾ കണ്ടു.

കേരളം രാജ്യത്തിന് മാത്രമല്ല, ലോകത്തിന് തന്നെ മാതൃകയാവുന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ലോകത്തെ ഏറ്റവും സമ്പന്ന രാജ്യമായ അമേരിക്കയിൽ കഴിഞ്ഞ അഞ്ച് മാസത്തിനിടയ്ക്ക് 16,000 ജനങ്ങൾ മരിച്ച വാർത്ത ഈ അവസരത്തിൽ ചേർത്ത് വായിക്കണം. അമേരിക്കയിൽ പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളില്ല. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാത്രമേ അവിടെ ഉള്ളൂ. അമേരിക്കൻ ഫ്ളൂ എന്ന പേരാണ് അവർ നൽകിയത്. കൊറോണ വയറസ് മൂലം മരണപ്പെടുന്ന അതേ ലക്ഷണങ്ങൾ തന്നെയാണ് അമേരിക്കൻ ഫ്ളുവിന് ഉണ്ടായത് എന്നാണ് പറയുന്നത്.

ഇതിന്റെ വെളിച്ചത്തിലാകണം കൊറോണ വയറസ് അമേരിക്കയിൽ നിന്ന് വന്നതാണെന്ന് ചൈനയിലെ ആരോഗ്യ രംഗത്തെ ഉദ്യോഗസ്ഥൻ കൊറോണ, വുഹാനിലുണ്ടായതല്ലെന്നും, മറ്റൊരു രാജ്യത്ത് നിന്ന് ചൈനയിൽ എത്തിയതാണെന്നും ട്വിറ്ററിൽ കുറിക്കുന്നത്. തങ്ങൾക്കെതിരെ ഈ ചതിപ്രയോഗം നടത്തിയത് അമേരിക്കയാണെന്ന് സംശയമുണ്ടെന്നും അദ്ദേഹം പറഞ്ഞു. 2019 ഒക്ടോബർ മാസം അമേരിക്കൻ സൈന്യം പരിശീലനത്തിനായി ചൈനയിൽ വന്നിരുന്നതായി വാർത്തയുണ്ട്. അന്ന് അമേരിക്കൻ സൈനികരിൽ നിന്ന് ചൈനയിൽ പടർന്ന് കയറിയതാണ് ഇപ്പോൾ ലോകത്തെ വിറപ്പിക്കുന്ന കൊറോണ എ! കാര്യത്തിൽ സംശയം തോന്നിയാൽ കുറ്റം പറയാൻ സാധിില്ല.

ഇന്ത്യയിൽ പ്രധാനമന്ത്രി ഞായറാഴ്ച ജനതാ കർഫ്യൂ പ്രഖ്യാപിച്ചിരിക്കുന്നു. ജനതാ കർഫ്യൂ എന്ന വാക്കാണ് കഴിഞ്ഞ ദിവസം ലോകം ഏറ്റവും കൂടുതൽ തിരഞ്ഞത്. കേരളം വളരെ മുമ്പേ പ്രഖ്യാപിച്ച ബ്രെയ്ക്ക് ദി ചെയിൻ തന്നെയാണ് ജനതാ കർഫ്യു. പൊതു സമൂഹത്തിൽ നിന്ന് അകന്ന് നിന്ന് കൊറോണ പടരുന്നത് തടയുക എന്നത് തന്നെയാണ് ജനതാ കർഫ്യു കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് രണ്ട് തരത്തിലാണ് വ്യാഖ്യാനിക്കുന്നത്. ജനങ്ങളെ ബോധവത്ക്കരിക്കാൻ വേണ്ടിയായിരിക്കും ഞായറാഴ്ച്ച ജനതാ കർഫ്യൂ പ്രഖ്യാപിച്ചത്. വരും ദിവസങ്ങളിൽ കൊറോണയുടെ വ്യാപനം കൂടിയാൽ ഒരു ദിവസം എന്നത് ഒരാഴ്ച്ചയുടെ കർഫ്യൂ ആയി പ്രഖ്യാപിക്കുന്നതിന്റെ പരിക്ഷണമാകാം. ഇന്ത്യയിൽ കൊറോണയുടെ വ്യാപനം വരും ദിവസങ്ങളിൽ ചിലപ്പോൾ കടുത്തതായിരിക്കുമെന്ന് പല വിദഗ്ദരും അഭിപ്രായപ്പെട്ടു കഴിഞ്ഞു.

പ്രധാനമന്ത്രി ഞായറാഴ്ചത്തോട് അഭ്യർത്ഥിച്ച പ്രകാരം, വ്യക്തികൾ തമ്മിലുള്ള സാമൂഹിക അകലം നടപ്പാക്കുന്നുള്ള നിർണായക നടപടികൾ ഇന്ത്യൻ സർക്കാർ സ്വീകരിക്കുന്നതിനിടെ, ആളുകൾ അടുത്തടുത്തിരിക്കുന്ന പാർലമെന്റ് ഇപ്പോഴും സമ്മേളിച്ചു കൊണ്ടിരിക്കുന്നു. ഇതിനെതിരെ വ്യാപക പ്രതിഷേധമാണ് വരുന്നത്. 543 ലോക്സഭാ അംഗങ്ങളും, 245 രാജ്യസഭാ അംഗങ്ങളും ഉണ്ട്. ഇതിൽ ഓരോ അംഗത്തിന്റെ കൂടെ രണ്ട് സഹായികൾ വരുന്നു എന്ന് കരുതുക. മന്ത്രിമാർക്ക് 10 സഹായികൾ. സുരക്ഷയ്ക്ക് എല്ലാ സേനകളിലും കൂടി 1500 പേർ. പാർലമെന്റ് മന്ദിരത്തിലെ ജീവനക്കാർ 1500. മാധ്യമപ്രവർത്തകർ 500. അങ്ങനെ എത്ര കുറച്ച് കണക്കാക്കിയാലും 5000 ജനങ്ങൾ പാർലമെന്റ് സമ്മേളന സമയത്ത് ഒത്തു കൂടുന്നു. 50 പേരുടെ ചടങ്ങുകൾക്ക് വിലക്കുള്ള ഡൽഹിയിലാണ് ഈ ആക്രമണം നടക്കുന്നത്. ഇതിന്റെ ഫലമെന്താണെന്ന് കൂടി നോക്കാം. വരും ദിവസങ്ങളിൽ ഇതിനേക്കാൾ ഞെട്ടിക്കുന്ന വാർത്തകൾ വന്നുകൂടായ്കയില്ല.

കേന്ദ്ര മന്ത്രി മുരളീധരൻ തിരുവനന്തപുരം ശ്രീചിത്ര ആശുപത്രിയിൽ ഒരു യോഗത്തിൽ പങ്കെടുത്തിരുന്നു. തൊട്ടു പിന്നാലെ ശ്രീചിത്രയിലെ ഡോക്ടറുടെ കൊറോണ പോസിറ്റീവ് ഫലം വന്നതോടെ മന്ത്രി ഡൽഹിയിലെ വീട്ടിൽ ഒതുങ്ങി ഇരിക്കുകയാണ്. കൊറോണ ബാധിതയായ ഗായിക കനിക കപൂർ സംഘടിപ്പിച്ച പാർട്ടിയിൽ പങ്കെടുത്ത വസുന്ധരാജെ സിന്ധ്യയുടെ മകൻ ദുഷ്യന്ത് സിങ് പിന്നീട് പാർലമെന്റ് സമ്മേളനത്തിലും പങ്കെടുത്തെന്നാണ് വിവരം. കനികയ്ക്ക് കൊറോണബാധയുണ്ടെന്ന വാർത്ത പുറത്തായതോടെ ദുഷ്യന്ത് പാർലമെന്റിൽ സെൻട്രൽ ഹോളിലും, മറ്റ് അംഗങ്ങളോടൊപ്പവും ചിലവഴിച്ചത് ആശങ്കയ്ക്ക് ഇടനൽകിയിരിക്കയാണ്. പാർലമെന്റിൽ ദുഷ്യന്തിന്റെ അടുത്തിരുന്നത് സുരേന്ദ്ര നഗർ നിഷികാന്തും മനോജ് തിവാരിയുമായിരുന്നു. കോൺഗ്രസ് നേതാവ് ദീപേന്ദർ സിങ് ഹൂഢയുമൊത്താണ് ദുഷ്യന്ത് അന്ന് ഉച്ചഭക്ഷണം കഴിച്ചത്. ദേരക് ഒബ്രിയനും, വരുൺ ഗാന്ധിയും ഇദ്ദേഹത്തോട് അടുത്തിടപഴകിയിട്ടുണ്ട്. രാജസ്ഥാനിലേയും, ഉത്തർപ്രദേശിലേയും പാർലമെന്റ് അംഗങ്ങൾക്കായി രാഷ്ട്രപതി ഒരുക്കിയ വിരുന്നിൽ ഈ പറയുന്ന എംപിമാർ പങ്കെടുത്തിരുന്നു എന്നത് സൗരവകരമാണ്. കൊറോണ വാഹകരായ ആരെങ്കിലും മറ്റേതെങ്കിലും പാർലമെന്റ് അംഗത്തെ കണ്ടിരുന്നോ എന്ന കാര്യത്തിൽ വ്യക്തതയുമില്ല.

ഡോക്ടർ ശശി തരൂർ കുടുംബത്തിന്റെ സുരക്ഷയോ, സ്വന്തം സുരക്ഷയോ വകവെയ്ക്കാതെ പാർലമെന്റിലെ സമ്മേളനത്തിൽ പങ്കെടുക്കുന്നതായി അദ്ദേഹത്തിന്റെ മകൻ ഇഷാൻ തരൂർ ട്വിറ്ററിൽ പരിഭവം രേഖപ്പെടുത്തിയത് കൗതുകമായി. തരൂരിന്റെ മകന്റെ അഭിപ്രായത്തിൽ വീട്ടിലെ മുത്തശ്ശി പോലും കൊറോണയേക്കാൾ അപകട ഭീതിയിലാണ്. പിതാവ് തരൂർ ജനപ്രതിനിധി എന്ന പേരിൽ പാർലമെന്റിൽ പോകുന്നത് തടയണമെന്നും മകൻ അഭ്യർത്ഥിക്കുന്നു. തരൂരിന്റെ മകന്റെ ട്വിറ്റിലൂടെ വിഷയം വ്യാപക ചർച്ചയായിരിക്കുകയാണ്.

കേന്ദ്ര ആരോഗ്യ സഹമന്ത്രി പറയുന്നത് രാവിലെ 11 മണിമുതലുള്ള വെയിൽ കൊണ്ടാൽ കൊറോണ വയറസ് പമ്പ കടക്കും എന്നാണ്. ചില നേതാക്കൾ കൊറോണ വയറസിനെ ഓടിക്കാൻ ഗോ ഗോ കൊറോണ, കൊറോണ ഗോ ഗോ... എന്ന് മുദ്രാവാക്യം വിളിച്ച് നടക്കുന്നുണ്ട്. ഹിന്ദു മഹാ സഭ പറയുന്നത് ഗോമൂത്രം കൊറോണയെ അകറ്റാൻ കഴിവുള്ള ഒന്നാണ് എന്നാണ്. ഡൽഹിയിൽ ഹിന്ദു മഹാസഭ നേതാവ് ചക്രപാണി മഹാരാജ് ഗോമൂത്ര പാർട്ടി തന്നെ നടത്തി. ഗോമൂത്ര പാർട്ടിയിൽ കേരളത്തിൽ നിന്നുള്ള ഒരു സ്വാമിയും എത്തിയിരുന്നു എന്നതാണ് കഷ്ടം. കേരളത്തിന് പ്രളയ സമയത്ത് സഹായം ചെയ്യരുതെന്ന് പറഞ്ഞ വ്യക്തിയാണ് ചക്രപാണി. കേരളീയർ ബീഫ് കഴിക്കുന്നത് കൊണ്ടാണ് പ്രളയം ഉണ്ടായത് എന്നാണ് ചക്രപാണി പറയുന്നത്. മറ്റൊരു കൂട്ടർ കൊറോണയെ തുരത്താൻ മന്ത്രം ചൊല്ലി മുളയിൽ ആവാഹിച്ച് അഗ്നിക്കിരയാക്കി അതിന്റെ ചാരം നദിയിൽ നിമജ്ജനം ചെയ്തു. മറ്റു ചിലർ കൊറോണയെ തുരത്താൻ ഹോമങ്ങൾ നടത്തി.

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വ്യക്തികളെ തുറുങ്കിലടയ്ക്കുകയാണ് വേണ്ടത്. സർക്കാർ ഔദ്യോഗികമായി ഇറക്കുന്ന നിർദ്ദേശങ്ങളെ മതവും, ജാതിയും, രാഷ്ട്രീയവും, വിദേശിയും, പ്രവാസിയും, അഭയാർത്ഥിയും, സ്വദേശിയും എന്ന വ്യത്യാസമില്ലാതെ അനുസരിക്കേണം. കൊറോണയെ നമുക്ക് ഒറ്റ കെട്ടായി തടുക്കാം.

വനം നമ്മുടെ ജീവൻ; ഏറ്റെടുക്കണം നേതൃത്വം

വനം സംരക്ഷിക്കുക മാത്രമല്ല, പുതിയ മരങ്ങൾ നടുകയും, നിലവിലുള്ള മരങ്ങളെ സംരക്ഷിക്കുകയും, വനത്തെ പരിപാലിക്കുകയും, വനവുമായി ബന്ധപ്പെട്ട മറ്റ് പ്രകൃതി വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കുകയും കൈകാര്യം ചെയ്യുകയും ഒക്കെ ചെയ്യുന്ന ശാസ്ത്രവും കലയുമാണ് വനവൽക്കരണം.

മനുഷ്യന്റെ ജീവിതത്തിനും നിലനിൽപ്പിനും വനത്തിന്റെ പ്രസക്തിയും ആവശ്യകതയും പൊതുജനമനസ്സിലാക്കണം എന്ന ഉദ്ദേശത്തോടെ 1971ൽ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണ് മാർച്ച് 21 ലോക വനവൽക്കരണദിനമായി ആചരിക്കുവാൻ തുടങ്ങിയത്.

ഗ്രാമവികസനത്തിൽ വനംവളർത്തലിനു പങ്കുണ്ടെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സാമൂഹികവനവൽക്കരണം എന്ന ആശയം ഉയർന്നുവന്നത്. ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യകാർഷിക സംഘടനയും ലോകബാങ്കും ആ പദ്ധതി പ്രോത്സാഹിപ്പിച്ചു. പൊതുസ്ഥലങ്ങളിലും വഴിയോരങ്ങളിലും തരിശുകളിലുമെല്ലാം തദ്ദേശീയജനങ്ങളുടെ പങ്കാളിത്തത്തോടെ മരങ്ങൾ നടുകയായിരുന്നു ലക്ഷ്യം. ഗ്രാമീണരുടെ ഇന്ധന പ്രതിസന്ധി പരിഹരിക്കുക, അവരുടെ വരുമാനം ഉയർത്തുക, മരുവത്കരണം തടയുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് തുടങ്ങിയതെങ്കിലും മിക്ക സാമൂഹികവനവത്കരണ പദ്ധതികളും ആ ലക്ഷ്യങ്ങൾ അവഗണിക്കപ്പെട്ടു.

പൊതുജനത്തിന്റെ സഹകരണം ഉണ്ടായാലേ ഇത് സാധ്യമാവൂ എന്നാണ് ലോകത്ത് പലയിടങ്ങളിലും നടന്നു വരുന്ന വനവൽക്കരണങ്ങളിൽ നിന്നും നാം പഠിച്ചത്.

അതുകൊണ്ട് ഇത്തവണ കേരളം മാതൃകയാവുകയാണ്.

കേരളത്തിന്റെ ലേബർ ബജറ്റ് കേന്ദ്രസർക്കാർ അംഗീകരിച്ചു കഴിഞ്ഞു. തോടുകളുടെ ശുചീകരണവും ഒരു കോടി വൃക്ഷത്തൈകളുടെ നടീലുമാണ് ഈ വർഷത്തെ തൊഴിലുറപ്പിൽ മുഖ്യ ഇനങ്ങളായി ചേർക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് പ്രാധാന്യം നൽകാൻ പഞ്ചായത്തുകൾ ഡിപിസിയുടെ അംഗീകാരത്തോടെ തോടു ശുചീകരണത്തിനും വൃക്ഷത്തൈ നടുന്നതിനുമുള്ള പ്രോജക്റ്റുകൾ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പദ്ധതികൾ ഏപ്രിൽ ആദ്യം മുതൽ നടപ്പാക്കുക എന്നുള്ളതാണ് നമ്മുടെ കടമ.

ഇന്ന് ലോക സാമൂഹ്യ വനവൽക്കരണ ദിനം

മുതിർന്ന തലമുറയിൽ നിന്നും ഈ ഉത്തരവാദിത്തം യുവ തലമുറ ഏറ്റെടുക്കേണ്ട സമയമായിരിക്കുന്നു. എന്നതാണ് ഈ വർഷം വനദിനം നമ്മെ ഓർപ്പിക്കുന്നത്. പരിസ്ഥിതി പ്രവർത്തനം വികസന വിരുദ്ധമാണ് എന്നും, അപരിഷ്കൃതമാണ് എന്നും, പിന്തിരിപ്പനാണ് എന്നുമുള്ള ആരോപണങ്ങളെ അതിജീവിച്ച്, പ്രകൃതിയെ പറ്റി കവിതയും മറ്റും എഴുതി, അത് പാടി പാരിസ്ഥിതിക അവബോധം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ ഇടപെടലുകൾക്കപ്പുറം അവശേഷിക്കുന്ന പരിസ്ഥിതി എങ്കിലും സംരക്ഷിച്ച് തങ്ങൾക്കും വരും തലമുറകൾക്കും വേണ്ടി നിലനിർത്തുവാനുള്ള ദൗത്യം പുതിയ തലമുറ ഏറ്റെടുത്തേ മതിയാവൂ.

ഈ വനദിനത്തിൽ നാം തീരുമാനം എടുക്കണം വിദേശ സസ്യങ്ങൾ നട്ടുവളർത്തുന്നതിനുപകരം നാട്ടുമരങ്ങളിലേക്കു നാം തിരണം. പ്ലാവ്, മാവ്, പുളി, ആഞ്ഞിലി, പൂമരുത്, കണിക്കൊന്ന, പ്ലാശ്, പതിമുഖം, കുടമ്പുളി തുടങ്ങിയ തദ്ദേശീയവൃക്ഷങ്ങളാണ് പാതയോരങ്ങളിലും വീട്ടുവളപ്പിലും വിദ്യാലയങ്ങളിലുമെല്ലാം വളരേണ്ടത്. ആലോചനാപൂർവം നടീൽ ഉദ്ദേശ നടത്തി പിന്നീടു തിരിഞ്ഞുനോക്കാതിരുന്നാൽ വളരുന്നവയല്ല നട്ടുമരങ്ങൾ. അവയ്ക്ക് സ്ഥിരമായ പരിചരണവും സംരക്ഷണവും വേണം.

വിദ്യാർഥി, യുവജന സംഘടനകളും സദ്യാത്സംഘടനകളും റസിഡന്റ്സ് അസോസിയേഷനുകളുമെല്ലാം ആ ചുമതല ഏറ്റെടുക്കണം. പഞ്ചായത്തും മുനിസിപ്പാലിറ്റിയും കുടുംബശ്രീയുമൊക്കെ മരങ്ങളുടെ കാര്യം നോക്കിക്കൊള്ളുമെന്ന മനോഭാവം ഉപേക്ഷിക്കണം.

എല്ലാ രാഷ്ട്രീയ കക്ഷികളും കേരളത്തെ പച്ചയണിയിക്കാനും ജലസമൃദ്ധവും ഫലഭൂയിഷ്ഠവുമാക്കാനുള്ള ലക്ഷ്യത്തിൽ പങ്കുചേരേണ്ടതുണ്ട്. മരങ്ങൾക്കു രാഷ്ട്രീയമില്ലാത്തതിനാൽ അവയ്ക്കുവേണ്ടി രാഷ്ട്രീയഭേദം മറക്കാവുന്നതാണ്. നട്ടു മരങ്ങളെല്ലാം വളർന്നു വലുതാകുമ്പോഴേ ഈ പദ്ധതി ഫലപ്രദമാവൂ.

ഹർജിക്കാരന് പിഴ ചുമത്തി ഹൈക്കോടതി

കൊച്ചി: കൊവിഡിന്റെ പശ്ചാത്തലത്തിൽ മദ്യം ഓൺലൈൻ വഴി വീട്ടിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഹർജി നൽകിയ ആൾക്ക് വൻപിഴ ചുമത്തി ഹൈക്കോടതി. ആലുവ സ്വദേശി ജി. ജ്യോതിഷിനാണ് കോടതി പിഴ ചുമത്തിയത്. അരലക്ഷം രൂപയാണ് പിഴയിട്ടത്. ഇത്തരം ഹർജിയുമായി വരുന്നവർ കോടതിയെ പരിഹസിക്കുകയാണെന്ന് ജസ്റ്റിസ് ജയശങ്കർ നമ്പ്യാർ അഭിപ്രായപ്പെട്ടു. പൗരധർമ്മത്തിന്റെ അടിസ്ഥാനം പോലും മനസിലാക്കാത്തതു വേദനാജനകമെന്നും കോടതി അഭിപ്രായപ്പെട്ടു.

നാളെ മദ്യശാലകളും അടച്ചിടും

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്ര മോദി ജനതാ കർഫ്യൂ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ബാറുകളും ബെവ്റിജസ് ഔട്‌ലെറ്റുകളും നാളെ അവധിയായിരിക്കുമെന്ന് എക്സൈസ് മന്ത്രിയുടെ ഓഫിസ് അറിയിച്ചു.

പിഴയില്ലാതെ ഏപ്രിൽ 30 വരെ നികുതി അടയ്ക്കാം

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളിൽ മാർച്ച് 31നകം അടയ്ക്കേണ്ടിയിരുന്ന വസ്തുനികുതി, വിനോദ നികുതി ഉൾപ്പെടെ പിഴ കൂടാതെ ഒടുക്കാനുള്ള തീയതി ഏപ്രിൽ 30 വരെ നീട്ടിയതായി മുഖ്യമന്ത്രി അറിയിച്ചു. റവന്യൂ റിക്കവറി സംബന്ധിച്ചും മാർച്ച് 31 എന്നത് ഏപ്രിൽ 30ലേയ്ക്ക് നീട്ടി.

തമിഴ്നാട്ടിലേക്കുള്ള യാത്രകൾ നിരോധിച്ചു

മലപ്പുറം: കൊറോണ വൈറസ് മുൻകരുതൽ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ നിന്നു തമിഴ്നാട്ടിലേക്കും തിരിച്ചുമുള്ള യാത്രകൾക്കു നിരോധനം ഏർപ്പെടുത്തിയതായി ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു

പടക്ക നിർമാണ ശാലകൾക്ക് തീപിടിച്ചു, ഒരാൾ മരിച്ചു, 9 പേർക്ക് പരുക്ക്

കുഞ്ഞുമോൾ

പുളിങ്കുന്നിൽ തീപിടിച്ച പടക്ക നിർമാണ ശാലയിൽ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനം നടത്തുന്നു.

കുട്ടനാട് (ആലപ്പുഴ): കുട്ടനാട്ടിൽ പുളിങ്കുന്ന് പഞ്ചായത്ത് എട്ടാം വാർഡിൽ പ്രവർത്തിച്ചിരുന്ന രണ്ടു പടക്ക നിർമാണ ശാലകളിൽ തീപിടിത്തം. ഒരാൾ മരിച്ചു. ഒൻപത് പേർക്ക് പരുക്ക്. പുളിങ്കുന്ന് കിഴക്കേചിറയിൽ കുഞ്ഞുമോൾ (55) ആണ് മരിച്ചത്.

പുരയ്ക്കൽ കൊച്ചുമോൻ ആന്റണി എന്നയാളുടെ ലൈസൻസിൽ പ്രവർത്തിക്കുന്ന നിർമാണശാലകളിലാണ് ഇന്നലെ ഉച്ചയ്ക്ക് 2.20ഓടെ സ്ഫോടനത്തെ തുടർന്ന്തീപിടിച്ചത്. അഞ്ചുമീറ്റർ അകലത്തിൽ സ്ഥിതി ചെയ്തിരുന്ന നിർമാണ ശാലകളിലുണ്ടായ ഉഗ്രസ്ഫോടനത്തിൽ തൊഴിലാളികളായ 9 പേർക്ക്പരുക്കേറ്റു. ഇവരിൽ ഏഴ് പേർ സ്ത്രീകളാണ്.

പുളിങ്കുന്ന് കരിയിൽചിറയിൽ ഏലിയാമ്മ തോമസ് (തങ്കമ്മ-52), പുളിങ്കുന്ന് കണ്ണാടി ഇടപ്പറമ്പിൽ വിജയമ്മ (56), പുളിങ്കുന്ന് കായപ്പുറം മുളവനക്കുന്നത്ത് സിദ്ധാർത്ഥൻ (61), പുളിങ്കുന്ന് കിഴങ്ങാട്ടുത്തറ സരസമ്മ (56), പുളിങ്കുന്ന് തോട്ടാത്തറ ഓമന (49), പുളിങ്കുന്ന് മുപ്പതിൽ റെജി (50), പുളിങ്കുന്ന് പുത്തൻപുരക്കൽ ചിറയിൽ ഷീല (48), പുളിങ്കുന്ന് മലയിൽപുത്തൻ വീട്ടിൽ ബിനു (30), പുളിങ്കുന്ന് കന്നിട്ടചിറയിൽ ബിന്ദു (42), എന്നിവർക്കാണ് പരുക്കേറ്റത്. സിദ്ധാർത്ഥൻ, ഓമന എന്നിവരൊഴികെ ഏഴുപേരുടെയും നില ഗുരുതരമാണ്. അറുപത് ശതമാനത്തിനു മുകളിൽ ഇവർക്ക് പൊള്ളലേറ്റിട്ടുണ്ട്.

സമീപത്തെ കെഎസ്ഇബി ഓഫിസിൽ നിന്നെത്തിയ ജീവനക്കാരും നാട്ടുകാരുമാണ് രക്ഷാപ്രവർത്തനത്തിന് ആദ്യം നേതൃത്വം നൽകിയത്. ആലപ്പുഴ, ചങ്ങനാശേരി എന്നിവിടങ്ങളിൽ നിന്നും അഗ്നിരക്ഷാ സേനയും പുളിങ്കുന്ന് പൊലീസും സ്ഥലത്തെത്തിയിരുന്നു.

പരിക്കേറ്റവരെ ആദ്യം പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലും പിന്നീട് വണ്ടാനം മെഡിക്കൽ കോളെജിലേക്കും മാറ്റുകയായിരുന്നു. പടക്കനിർമാണശാലയ്ക്ക് വിൽപ്പനയ്ക്ക് മാത്രമാണ് ലൈസൻസ് ഉണ്ടായിരുന്നതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ആലപ്പുഴ എഡിഎം ബി. ഹരികുമാർ, ആർഡിഒ എസ്. സന്തോഷ്, കുട്ടനാട് തഹസിൽദാർ ടി.ഐ. വിജയസേനൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയിരുന്നു.

മാർച്ച് 31ന് കാലാവധി തീരുന്ന പടക്ക വില്പ്പനയ്ക്കുള്ള ഒരു ലൈസൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു പ്രകാരം അഞ്ചുകിലോ നിർമിച്ച പടക്കവും ഇരുപത്തഞ്ച് ഫാൻസി പടക്കവും വിൽക്കാൻ മാത്രമേ അനുവാദമുള്ളൂ. എന്നാൽ അതിന്റെ പതിന്മടങ്ങ് കരിമരുന്ന് സംഭരിച്ചിരുന്നതായാണ് വിവരം. കൊറോണയുടെ പശ്ചാത്തലത്തിലായതിനാൽ സംഭരിച്ച കരിമരുന്നിൽ കുറവുണ്ടായിരുന്നതായാണ് വിവരം.

കൈത്തറി സ്കൂൾ യൂണിഫോം കൂലി വിതരണം തുടങ്ങി

തിരുവനന്തപുരം: സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം നെയ്ത തൊഴിലാളികൾക്കുള്ള കൂലി വിതരണം തുടങ്ങി. 30 കോടി രൂപയാണ് ഇപ്പോൾ ആകെ വിതരണം ചെയ്യുന്നത്. ഇതോടെ സ്കൂൾ യൂണിഫോം നെയ്തവർക്കുള്ള കൂലിയായി ഇതുവരെ നൽകിയ തുക 154 കോടിയാകും. സ്റ്റേറ്റ് ബാങ്ക് വഴിയും ജില്ലാ സഹകരണ ബാങ്കുകൾ വഴിയുമാണ് കൂലി വിതരണം.

തിരുവനന്തപുരം ജില്ലയിലാണ് കൂടുതൽ കൂലി. 14.3 കോടി രൂപ. കണ്ണൂരിൽ 5.33 കോടിയും കോഴിക്കോട് 2.25 കോടിയും ഹാൻവീവിന് 4.4 കോടി രൂപയുമാണ് നൽകുന്നത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും നെയ്ത്തുകാർക്ക് ആശ്വാസമേകാനാണ് അടിയന്തിരമായി പണം അനുവദിച്ചത്.

ഒപ്പം സ്പിന്നിങ്ങ് മില്ലുകളിൽ നിന്നു വാങ്ങിയ നൂലിനും ഡൈയിങ്ങിനുമുള്ള തുകയും നൽകുന്നുണ്ട്. കൈത്തറി ഡയറക്ടറേറ്റ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന കൈത്തറി സംഘങ്ങളുടെയും തൊഴിലാളികളുടെയും അക്കൗണ്ടിലേക്കാണ് പണം നൽകുന്നത്. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നാണ് ആവശ്യമായ തുക ലഭ്യമാക്കിയത്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള വിഹിതം അനിശ്ചിതമായി വൈകിപ്പിച്ചതിനാലാണ് കൈത്തറി തൊഴിലാളികൾക്കുള്ള കൂലിയും വൈകിയത്. നേരത്തെ, സൗജന്യ യൂണിഫോം പദ്ധതിക്കുള്ള തുക സംസ്ഥാന സർക്കാർ പ്രത്യേകം വകയിരുത്തുകയും ഒന്നോ, രണ്ടോ ഗഡുക്കളായി നൽകുകയും ചെയ്തിരുന്നു.

കൈത്തറി നെയ്ത്തു മേഖലയുടെയും വിദ്യാഭ്യാസ മേഖലയുടെയും സംരക്ഷണത്തിന്റെ ഭാഗമായി എൽഡിഎഫ് ഗവൺമെന്റ് ആരംഭിച്ചതാണ് സൗജന്യ കൈത്തതറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതി പ്രകാരം നടപ്പ് അദ്ധ്യയന വർഷം 8.5 ലക്ഷം വിദ്യാർത്ഥികൾക്ക് 42 ലക്ഷം മീറ്റർ തുണി വിതരണം ചെയ്തു. അടുത്ത അദ്ധ്യയന വർഷം പത്തു ലക്ഷം കുട്ടികൾക്ക് 48 ലക്ഷം മീറ്റർ തുണിയാണ് വിതരണം ചെയ്യുന്നത്. ഈ തുണിയുടെ നെയ്ത്ത് ഏകദേശം പൂർത്തിയായി.

നാഥ് ഒഴിഞ്ഞു, ഇനി 'കമൽ' സർക്കാർ

ഭോപ്പാൽ: ഇതു പ്രതീക്ഷിച്ചതാണ്. നിയമസഭയിൽ വിശ്വാസ പ്രമേയം വോട്ടിനിട്ടു ജയിക്കാൻ കമൽ നാഥ് സർക്കാരിനാവില്ലെന്നു കഴിഞ്ഞ ദിവസങ്ങളിൽ തന്നെ വ്യക്തമായിരുന്നു. അതുകൊണ്ടു തന്നെയാണ് താൻ വിശ്വാസം തേടില്ലെന്നും വേണമെങ്കിൽ ബിജെപി അവിശ്വാസ പ്രമേയം കൊണ്ടുവരട്ടെയെന്നുമൊക്കെ കമൽ നാഥ് പറഞ്ഞിരുന്നതും.

വിമത എംഎൽഎമാരുടെ കാര്യത്തിൽ സ്പീക്കർ തീരുമാനമെടുക്കും വരെ വിശ്വാസം തേടാനാവില്ല എന്ന ന്യായത്തിൽ ദിവസങ്ങൾ തള്ളിനീക്കുകയും അതിനിടയിൽ വിമതരിൽ കുറെപേരെയെങ്കിലും ഒപ്പം കൊണ്ടുവരികയും ചെയ്യുകയെന്ന പദ്ധതിയും കോൺഗ്രസിനുണ്ടായിരുന്നു. പക്ഷേ, ബിജെപിയും സിന്ധ്യപക്ഷക്കാരായ വിമതരും ഒറ്റക്കെട്ടായി നിന്നപ്പോൾ മുൻ മുഖ്യമന്ത്രി ദിഗ്‌വിജയ് സിങ് നേതൃത്വം നൽകിയ 'രക്ഷാപദ്ധതി' പൊട്ടിപ്പൊളിഞ്ഞു. ഇക്കുറി 'ഓപ്പറേഷൻ കമലി'ന് യാതൊരു പാളിച്ചയും ഉണ്ടാവില്ലെന്ന് ഉറപ്പാക്കാൻ ബിജെപിക്കായി.

ആരാവും പുതിയ മുഖ്യമന്ത്രി എന്നതാണ് ഇപ്പോഴത്തെ ആകാംക്ഷയുണർത്തുന്ന ചോദ്യം. ശിവരാജ് സിങ് ചൗഹാനാണോ നരേന്ദ്ര സിങ് ടോമറാണോ അതോ മറ്റൊരു കറുത്ത കുതിരയോ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെയും തീരുമാനമാണു കാത്തിരിക്കുന്നത്.

മൂന്നു തവണത്തെ മുഖ്യമന്ത്രിയാണു ശിവരാജ് സിങ് ചൗഹാൻ. 2003 മുതൽ 2018 വരെ തുടർഭരണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചൗഹാനിൽ നിന്നാണു കസേര കമൽ നാഥ് പിടിച്ചെടുത്തത്. അതു ചൗഹാനു തന്നെ കിട്ടണമെന്ന വാദം സംസ്ഥാന ബിജെപിയിൽ ശക്തം. പക്ഷേ, ബിജെപി കേന്ദ്ര നേതൃത്വം എന്തു തീരുമാനമെടുക്കുമെന്നതാണു നിർണായകം. അതെളുപ്പം പ്രവചിക്കാനുമാവില്ല. ഖുജരാഹോ എംപി വിഷ്ണു ദത്ത് ശർമയെ മധ്യപ്രദേശ് ബിജെപി അധ്യക്ഷനായി നിയോഗിച്ചത് അപ്രതീക്ഷിതമായാണല്ലോ.

നരേന്ദ്ര സിങ് ടോമർക്കൊപ്പം കേന്ദ്ര മന്ത്രി തവർ ചന്ദ് ഗേലോട്ടിന്റെ പേരും മുഖ്യമന്ത്രി സ്ഥാനത്തേക്കു പറഞ്ഞുകേൾക്കുന്നുണ്ട്. എന്നാൽ, ചൗഹാനെ അത്യപ്തനാക്കുന്ന തീരുമാനങ്ങളൊന്നും കേന്ദ്ര നേതൃത്വത്തിൽ നിന്ന് ഉണ്ടാവില്ലെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്.

കോൺഗ്രസ് വീണ്ടും ശുഷ്കിച്ചു

മധ്യപ്രദേശ് കൂടി നഷ്ടമായതോടെ ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് വീണ്ടും ശുഷ്കിച്ചു. ഇനി അഞ്ചു സംസ്ഥാനങ്ങളിൽ മാത്രമാണു കോൺഗ്രസിനു സ്വന്തം സർക്കാരോ സഖ്യ സർക്കാരോ ഉള്ളത്. പഞ്ചാബ്, രാജസ്ഥാൻ, ഛത്തിസ്ഗഡ്, ഝാർഖണ്ഡ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ. ഇതിൽ രാജസ്ഥാനിലെ സർക്കാരിന് ഏതു നിമിഷവും ഭീഷണി ഉയരാം. മഹാരാഷ്ട്രയിൽ ശിവസേനയുമായുള്ള സഖ്യവും ദീർഘകാലം തുടരുമെന്നു കരുതാനാവില്ല. പഞ്ചാബിലും ഛത്തിസ്ഗഡിലും ഗ്രൂപ്പു പ്രശ്നങ്ങൾ കോൺഗ്രസ് നേരിടുന്നുമുണ്ട്.

അതിർത്തികളിൽ കർശന നിയന്ത്രണം

തിരുവനന്തപുരം: കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് തമിഴ്നാട്, കർണാടക ചെക്ക്പോസ്റ്റുകളിൽ നിയന്ത്രണം ഏർപ്പെടുത്തി. ചാമരാജ് നഗർ, മൈസൂരു ചെക്പോസ്റ്റുകളിലൂടെ കേരളത്തിലേയ്ക്ക് ചരക്കുവാഹനങ്ങൾ മാത്രമേ കടത്തിവിടൂ എന്നാണ് വിവരം. കെഎസ്ആർടിസി ബസുകളും കടത്തിവിടാനാവില്ലെന്ന നിലപാടിലാണ് കർണാടക.

കൊല്ലം ജില്ലാ അതിർത്തിയായ പുളിയറ ചെക്ക് പോസ്റ്റിൽ വാഹനങ്ങൾ തടഞ്ഞു. കർശന പരിശോധനകൾക്ക് ശേഷം കെഎസ്ആർടിസി ബസുകളും ചരക്ക് വാഹനങ്ങളും മാത്രമാണ് കടത്തിവിടുന്നത്.

കേരളത്തിൽ നിന്നെത്തുന്ന മുഴുവൻ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നു. ക്ഷേത്രദർശനം, വിവാഹം, വിനോദയാത്രകൾ എന്നിവയ്ക്കുള്ള പ്രവേശനം കർശനമായി നിരോധിച്ചു. വാളയാർ അതിർത്തി വഴിയുള്ള വാഹന ഗതാഗതത്തിനും തമിഴ്നാട് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കോയമ്പത്തൂരിൽ സ്ഥിരതാമസമാക്കിയവരെയും ആശുപത്രികളിലേക്ക് പോകുന്നവരെയും മാത്രമാണ് നിലവിൽ കടത്തിവിടുന്നത്. മറ്റു വാഹനങ്ങൾ കേരളത്തിലേക്ക് തിരിച്ചയക്കുന്നു. വാളയാർ അതിർത്തി കഴിഞ്ഞ് തമിഴ്നാട്ടിലെ ചാവടിയിലാണ് പൊലീസും ഡോക്റ്റർമാർ അടങ്ങിയ ആരോഗ്യ വകുപ്പ് സംഘവും ചേർന്ന് പരിശോധന നടത്തുന്നത്.

കാസർകോട് ജില്ലയിൽ 12 അതിർത്തി റോഡുകളിൽ കർശന പരിശോധനയ്ക്ക് കാസർകോട് ജില്ലാ കലക്റ്റർ നിർദ്ദേശിച്ചിട്ടുണ്ട്. കുടക് ജില്ലയിൽ കോവിഡ് 19 സ്ഥിരീകരിച്ചതോടെ കേരളത്തിലേക്കുള്ള പ്രവേശനാതിർത്തിയായ കിളിയന്തറ ചെക്ക് പോസ്റ്റിൽ ആരോഗ്യ വകുപ്പ് പരിശോധന കൂടുതൽ കർശനമാക്കി. കുടകിൽ നിന്നു വീരാജ്പേട്ട ചുരം പാത വഴിയാണ് കേരളത്തിലേക്കുള്ള പ്രധാന വഴി. ബംഗളൂരു, മൈസൂരു എന്നിവിടങ്ങളിൽ നിന്നുള്ള വാഹനങ്ങളും ഈ പാത വഴി തന്നെയാണ് കേരളത്തിലേക്ക് പ്രവേശിക്കുന്നത്. കേരളത്തിൽ കോവിഡ് 19 പ്രതിരോധ നടപടികൾ ശക്തമാക്കിയപ്പോൾ തന്നെ അതിർത്തി കടന്നെത്തുന്നവരെ പരിശോധിക്കാൻ കിളിയന്തറ എക്സൈസ് ചെക്ക്പോസ്റ്റിനോടു ചേർന്ന് ജില്ലാ ഭരണകൂടം സംയുക്ത പരിശോധക സംഘത്തെ നിയോഗിച്ചിരുന്നു.

സാമ്പത്തിക തട്ടിപ്പ് കേസ്

സുഭാഷ് വാസുവിന്റെ വീട്ടിൽ റെയ്ഡ്

■ സുരേഷ് ബാബുവിന്റെ വീട്ടിലും ക്രൈം ബ്രാഞ്ച് പരിശോധന

മാവേലിക്കര: എസ്എൻഡിപി യോഗം താലൂക്ക് യൂണിയനിലെ സാമ്പത്തിക തട്ടിപ്പു കേസിൽ യൂണിയൻ മുൻ പ്രസിഡന്റ് സുഭാഷ് വാസു, മുൻ സെക്രട്ടറി സുരേഷ് ബാബു അടക്കം നാലുപേരുടെ വീടുകളിൽ ക്രൈംബ്രാഞ്ച് റെയ്ഡ്. 2006 മുതൽ 2019 വരെയുള്ള മൈക്രോ ഫിനാൻസ് ഉൾപ്പെടെയുള്ള 11 കോടിയുടെ സാമ്പത്തിക തട്ടിപ്പ് കേസിലെ രേഖകൾ കണ്ടെത്തുന്നതിനായിരുന്നു റെയ്ഡ്.

യൂണിയൻ മുൻ ഓഫിസ് ജീവനക്കാരായ രേവമ്മ, ശശികല എന്നിവരുടെ വീടുകളിലും റെയ്ഡ് നടന്നു. ഇതിൽ രേവമ്മയുടെ വീട്ടിൽ നിന്നും നിർണായക തെളിവുകൾ അടങ്ങുന്ന സുപ്രധാന രേഖകൾ പിടിച്ചെടുത്തു. സുഭാഷ് വാസുവിന്റെ കായംകുളം മൂന്നാംകുറ്റിയിലുള്ള വീട്ടിലും സുരേഷ് ബാബുവിന്റെ മാവേലിക്കരയിലെ വീട്ടിലും രേവമ്മയുടെ ഉളുന്തിയിലുള്ള വീട്ടിലും ശശികലയുടെ കൃഷ്ണപുരത്തെ വീട്ടിലുമാണ് നാലു സംഘങ്ങളായി ഒരേ സമയം റെയ്ഡ് നടന്നത്.

സുഭാഷ് വാസുവിനും സുരേഷ് ബാബുവിനും ഹാജരാകാൻ രണ്ട് തവണ ക്രൈംബ്രാഞ്ച് നോട്ടീസ് നൽകിയെങ്കിലും ഹാജരായിരുന്നില്ല. മാവേലിക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ സെർച്ച് വാറണ്ട് പ്രകാരമാണ് റെയ്ഡ് നടന്നത്. എഡിജിപി ടോമിൻ ജെ. തച്ചങ്കരിയുടെ നിർദേശപ്രകാരം ഐജി എസ്. ശ്രീജിത്തിന്റെ മേൽനോട്ടത്തിൽ ആലപ്പുഴ സൂപ്രണ്ട് പ്രശാന്തൻ കാണിയുടെ നേതൃത്വത്തിൽ ജോർജ് ചെറിയാൻ, എ. അഭിലാഷ്, സി.ആർ. പ്രമോദ്, കെ.പി. ധനീഷ് എന്നിവരാണ് റെയ്ഡ് നടത്തിയത്.

സുഭാഷ് വാസുവിന്റെ കായംകുളത്തെ വീട്ടിൽ ക്രൈംബ്രാഞ്ച് പരിശോധന നടത്തുന്നു.

കണ്ണൂർ കോർപ്പറേഷനിൽ ഡെപ്യൂട്ടി മേയർ പുറത്തായി

കണ്ണൂർ: കണ്ണൂർ കോർപ്പറേഷനിൽ ഡെപ്യൂട്ടി മേയർ പി.കെ. രാഗേഷിനെതിരേ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസം പാസായി. ലീഗ് അംഗം കെ.പി.എ സലീമിന്റെ പിന്തുണയോടെയാണ് അവിശ്വാസ പ്രമേയം പാസായത്. അവിശ്വാസ പ്രമേയ ചർച്ചയ്ക്കിടെ എൽഡിഎഫ്, യുഡിഎഫ് അംഗങ്ങൾ തമ്മിൽ വാക്കേറ്റമുണ്ടായി.

നേരത്തെ എൽഡിഎഫിനൊപ്പം നിന്ന കോൺഗ്രസ് നേതാവു കൂടിയായ രാഗേഷ് ആറുമാസം മുമ്പാണ് കോൺഗ്രസിലേക്കു മടങ്ങിയത്. ഇതോടെ ഭരണം യുഡിഎഫ് ലഭിച്ചു. നിലവിൽ 55 അംഗ കൗൺസിലിൽ ഒരു അംഗത്തിന്റെ ഭൂരിപക്ഷത്തിലാണ് യുഡിഎഫ് ഭരണം നടത്തുന്നത്.

ലീഗ്- കോൺഗ്രസ് നേതൃത്വങ്ങൾക്കു ശ്രദ്ധക്കുറവുണ്ടായെന്ന് പി.കെ. രാഗേഷ് പിന്നീട് പ്രതികരിച്ചു. അതേസമയം കൂറുമാറി വോട്ട് ചെയ്ത സലീമിനെ മുസ്‌ലിം ലീഗ് പുറത്താക്കി. സലീമിന് വാഗ്ദാനങ്ങൾ നൽകി കൂറുമാറ്റിയതാണെന്ന് കെ.പി.എ മജീദ് പറഞ്ഞു. മൂന്നു ദിവസമായി സിപിഎമ്മിന്റെ തടങ്കലിലായിരുന്നു സലീമെന്നും മജീദ്.

പി.കെ. രാഗേഷിനോടുള്ള ഭിന്നതയെ തുടർന്നാണ് എൽഡിഎഫ് അവിശ്വാസത്തെ പിന്തുണച്ചതെന്നും താൻ ഇപ്പോഴും മുസ്‌ലിം ലീഗ് പ്രവർത്തകൻ തന്നെയാണെന്നുമാണ് കൂറുമാറിയ ലീഗ് അംഗം സലീമിന്റെ പ്രതികരണം. 55 അംഗ കൗൺസിലിൽ 27 അംഗങ്ങളാണ് എൽഡിഎഫിനുള്ളത്. മുസ്‌ലിം ലീഗ് അംഗത്തിന്റെ കൂടി പിന്തുണയോടെ ഡെപ്യൂട്ടി മേയറെ പുറത്താക്കിയതോടെ ഇനി എൽഡിഎഫിന്റെ അടുത്ത നീക്കവും നിർണായകമാണ്.

കാസർഗോഡ് ഓഫിസുകൾക്ക് അവധി, ആരാധനാലയങ്ങൾക്കും നിയന്ത്രണം

തിരുവനന്തപുരം: ഒറ്റദിവസം ആറുപേർക്ക് കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിൽ ഒരാഴ്ച സർക്കാർ ഓഫിസുകളും രണ്ടാഴ്ച ആരാധനാലയങ്ങളും ക്ലബ്ബുകളും അടച്ചിടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബെവ്റിജസ് കോർപ്പറേഷന്റേതുൾപ്പെടെ ജില്ലയിലെ വ്യാപാര സ്ഥാപനങ്ങൾ രാവിലെ 11 മുതൽ വൈകുന്നേരം അഞ്ചുവരെ മാത്രമേ പ്രവർത്തിക്കൂള്ളൂ. ജില്ലയിലെ രണ്ട് എംഎൽഎമാരും നിരീക്ഷണത്തിലാണ്.

കാസർഗോഡ് സ്വദേശിയായി പ്രവാസി കരിപ്പൂരിൽ വിമാനമിറങ്ങിയശേഷം സർക്കാർ നിർദേശങ്ങളൊന്നും പാലിക്കാത്തതാണ് സ്ഥിതി വഷളാക്കിയത്. അന്ന് കരിപ്പൂരിൽ തങ്ങിയ അദ്ദേഹം കോഴിക്കോട്ട് ട്രെയ്നിൽ പോയി. അവിടെനിന്ന് കാസർഗോഡും ട്രെയ്നിലെത്തി. പൊതുപരിപാടികൾ, ഫുട്ബോൾ മത്സരം എന്നിവയിലൊക്കെ പങ്കെടുത്തി. ക്ലബ്ബിലെത്തി, വീട്ടിൽ ചടങ്ങ് സംഘടിപ്പിച്ച് എല്ലാവരോടും അടുത്തു പെരുമാറി. ഇതിലാണ് എംഎൽഎമാരായ എൻ.എ. നെല്ലിക്കുന്ന്, എം.സി. ഖമറുദ്ദീൻ എന്നിവരും പങ്കെടുത്തത്. ഇവരിൽ ഒരാളെ ഹസ്തദാനം ചെയ്തും മറ്റേയാളെ ആലിംഗനം ചെയ്തുമാണ് പ്രവാസി സ്വീകരിച്ചത്. പ്രവാസിയുടെ ബന്ധുക്കളാണ് കൊറോണ സ്ഥിരീകരിച്ച മറ്റ് രണ്ടുപേർ. ഒന്നിലേറെ വിവാഹം, ജന്മദിനം, ഫുട്ബോൾ മത്സരം ഉൾപ്പെടെ പല ചടങ്ങുകളിലും സജീവമായി പ്രവാസി പങ്കുകൊണ്ടിരുന്നു.

സമൂഹം പൊതുവേ ജാഗ്രത പാലിക്കുന്നുണ്ടെങ്കിലും ചിലർ ഇത്തരത്തിൽ നിർദേശങ്ങൾ പാലിക്കാതിരിക്കുമ്പോൾ എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാവുന്നു. ഇവരോട് വിപ്രതിപത്തി ഇല്ലെങ്കിലും മറ്റുള്ളവർക്ക് പടരാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതുണ്ട്. അതിന് സഹകരിക്കണം. അത് സ്വീകരിക്കാതെ വരുമ്പോൾ കടുത്ത നടപടി സ്വീകരിക്കേണ്ടിവരും- മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകി. കാസർഗോഡ് പരീക്ഷകൾ മാറ്റിവയ്ക്കേണ്ടിവരുമെന്ന ഘട്ടത്തിലാണ് സംസ്ഥാനത്തൊട്ടാകെ പരീക്ഷകൾ മാറ്റിവയ്ക്കേണ്ടി വന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഗ്രാമീണ റോഡുകൾക്ക് 355 കോടിയുടെ ഭരണാനുമതി

തിരുവനന്തപുരം: പ്രളയത്തെ തുടർന്ന് പുനർനിർമിക്കുന്ന സംസ്ഥാനത്തെ 2011 ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 961.26 കോടി രൂപ അനുവദിച്ചതായും ഈ പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പാക്കുന്നതിനായി 354.51 കോടി രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകിക്കഴിഞ്ഞതായും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

കൊറോണ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധികൾക്ക് ഇടയിലും നിശ്ചയിച്ചുറപ്പിച്ച വികസന-സാമൂഹ്യ ക്ഷേമ പരിപാടികളിൽ വിട്ടുവീഴ്ച്ചയില്ലാതെ മുന്നോട്ടുപോകാൻ തന്നെയാണ് കേരളം ശ്രമിക്കുന്നത്. സാമ്പത്തിക രംഗത്ത് ഉത്തേജനം നൽകാൻ സർക്കാർ ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും കഴിയും എന്ന തിരിച്ചറിവിന്റെ ഭാഗം കൂടിയാണിത്. പ്രളയ പുനർനിർമാണത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ പുനർനിർമിക്കുന്ന 'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' പുതുവത്സരത്തിൽ പ്രഖ്യാപിച്ചിരുന്നു.

100 കോടിയുടെ തട്ടിപ്പ്: ഒളിവിലായിരുന്ന പ്രതി അറസ്റ്റിൽ

കൊച്ചി: സർക്കാർ സ്ഥാപനത്തിന്റെ പേരുമായി സാമ്യമുള്ള പേരിൽ ധനമിടപാടു സ്ഥാപനം നടത്തി 100 കോടി രൂപ തട്ടിയ കേസിൽ ഒളിവിലായിരുന്ന സ്ഥാപനയുടമ അറസ്റ്റിൽ. 'കേരള ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്' ഉടമ പത്തനംതിട്ട അടൂർ പുഴക്കര ചൂരക്കോട് മുല്ലശേരിയിൽ ഹൗസിൽ ഉണ്ണികൃഷ്ണൻ (56) ആണ് എറണാകുളം സെൻട്രൽ പൊലീസിന്റെ പിടിയിലായത്.

സർക്കാർ സ്ഥാപനമായ ഫിനാൻഷ്യൽ കോർപ്പറേഷന്റെ പേരിനോട് സാമ്യം തോന്നുന്ന കേരള ഹൗസിങ് ഫിനാൻസ് കോർപ്പറേഷന് കേരളത്തിലും തമിഴ്നാട്ടിലുമായി 29 ബ്രാഞ്ചുകളുണ്ട്. 14 ശതമാനം പലിശയ്ക്ക് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിച്ചായിരുന്നു തട്ടിപ്പ്. തട്ടിപ്പിന് ഇരയായവരിൽ ഏറെയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ആയവരാണ്. പെൻഷൻ ആയി കിട്ടുന്ന തുക സ്ഥാപനത്തിൽ നിക്ഷേപിച്ചാൽ നിക്ഷേപകർക്ക് എല്ലാ മാസവും ശമ്പളം പോലെ ഒരു നിശ്ചിത തുക കിട്ടുമെന്നു വിശ്വസിപ്പിച്ചാണു നിക്ഷേപം സ്വീകരിച്ചത്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കൊച്ചിൻ ഷിപ്പിയാർഡ്, കെആർഎൽ പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു പെൻഷനായി വന്ന പലരും കെണിയിൽ അകപ്പെട്ടിട്ടുണ്ട്. പെൻഷൻ തുകയിൽ കിട്ടുന്ന അഞ്ചും ആറു ലക്ഷം രൂപ വീതം സ്ഥാപനത്തിൽ നിക്ഷേപിച്ചവർ നിരവധിയാണ്. ആദ്യമാസങ്ങളിൽ കൃത്യമായ പലിശ കൊടുത്ത് പ്രതി ആളുകളുടെ വിശ്വാസം പറ്റുമായിരുന്നു. കഴിഞ്ഞ ഒന്നര വർഷമായി ബ്രാഞ്ചുകൾ എല്ലാം അടച്ചുപൂട്ടി പ്രതി ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു. ഇതിനുമുമ്പു പലപ്രാവശ്യം പ്രതി പൊലീസിനെ വെട്ടിച്ചു കടന്നുകളഞ്ഞിട്ടുണ്ട്.

എറണാകുളം അസിസ്റ്റന്റ് പൊലീസ് കമ്മിഷണർ കെ. ലാൽജി, സെൻട്രൽ പൊലീസ് സ്റ്റേഷൻ ഇൻസ്പെക്റ്റർ എസ്. വിജയശങ്കർ എന്നിവരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിരുന്നു. സൈബർസെല്ലിന്റെ സഹായത്തോടെ പ്രതി തൊടുപുഴയിൽ ഉണ്ടെന്ന് അന്വേഷണ സംഘത്തിന് വ്യക്തമായ അറിയിപ്പു കിട്ടി. തൊടുപുഴയിൽ കോലാനി എന്ന സ്ഥലത്ത് വാടകയ്ക്ക് വീടെടുത്ത് കഴിയുകയായിരുന്നു.

തൊടുപുഴയിൽ പ്രതി താമസിച്ചിരുന്ന വീട്ടിൽ പൊലീസ് എത്തിയപ്പോൾ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും തന്ത്രപൂർവ്വം കുടുക്കി. നിക്ഷേപകരെ പറ്റിച്ച പണം ഉപയോഗിച്ചു തിരുവനന്തപുരത്തും കൊച്ചിയിലും മറ്റു നിരവധി സ്ഥലങ്ങളിലും ആഡംബര പാസഞ്ചർ ബസുകളും മറ്റും വാങ്ങി കൂട്ടിയിരുന്നു. എറണാകുളം സെൻട്രൽ പൊലീസ് സ്റ്റേഷനിൽ പതിനേഴും നോർത്തിലും ഹിൽ പാലസിലും ഒന്നു വീതവും ആലപ്പുഴയിൽ പന്ത്രണ്ടും ചേർത്തലയിലും തിരുവനന്തപുരത്തും രണ്ടും കേസുകളും നിലവിലുണ്ട്. സ്ഥാപനത്തിന്റെ ജനറൽ മാനെജർ കൃഷ്ണൻ നായരെയും എറണാകുളം ബ്രാഞ്ച് മാനെജർ ഗോപാലകൃഷ്ണനെയും സെൻട്രൽ പൊലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഉണ്ണികൃഷ്ണന്റെ അറസ്റ്റ് പുറത്താകുന്നതോടെ കൂടുതൽ പരാതിക്കാർ എത്തുമെന്നു പൊലീസ് കരുതുന്നു.

ജോളിയുടെ ജാമ്യാപേക്ഷ തള്ളി

കൊച്ചി: കൂടത്തായി കൊലപാതക പരമ്പര കേസിലെ മുഖ്യപ്രതി ജോളിയുടെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. അപൂർവങ്ങളിൽ അപൂർവമായ കേസുകളിൽ വിചാരണ വൈകുന്നുവെന്നത് ജാമ്യം നൽകാനുള്ള കാരണമല്ലെന്ന പ്രോസിക്യൂഷൻ വാദം അംഗീകരിച്ചുകൊണ്ടാണ് കോടതി അപേക്ഷ തള്ളിയത്. വിചാരണ വൈകുന്നുവെന്ന വാദമാണ് ജോളി ജാമ്യത്തിനായി ഉന്നയിച്ചത്. ജോളിയുടെ പങ്ക് വ്യക്തമാക്കുന്ന തെളിവുകൾ പര്യാപ്തമാണെന്ന് കോടതി വിലയിരുത്തി. ജസ്റ്റിസ് ഹരിലാൽ അധ്യക്ഷനായ സിംഗിൾ ബെഞ്ചിന്റേതാണു നടപടി.

പണം ജനങ്ങളിലെത്തിക്കും: ഐസക്ക്

തിരുവനന്തപുരം: സാധാരണക്കാരുടെ കൈയിൽ പണമില്ല. അവരുടെ കൈവശം പണമെത്തിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് തോമസ് ഐസക്. അതിനുള്ള ഏറ്റവും നല്ല മാർഗം കുടിശിക അടക്കം മുഴുവൻ ക്ഷേമപെൻഷനും വിതരണം ചെയ്യുകയാണ്. അടുത്ത പന്ത്രണ്ടു മാസത്തേക്കുള്ള തൊഴിലുറപ്പു പദ്ധതി രണ്ടു മാസം കൊണ്ടു തീർക്കുകയാണ്. സൗജന്യ റേഷൻ നൽകുകയാണ്. സ്കോളർഷിപ്പുകൾ, സബ്സിഡികൾ തുടങ്ങി സാധാരണക്കാർക്കുള്ള മുഴുവൻ കുടിശികകളും സർക്കാർ തീർത്തുകൊടുക്കുകയാണ്.

ഇതിനുള്ള വരുമാന മാർഗമായി കണ്ടെത്തിയിട്ടുള്ളത് അടുത്തവർഷം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 25,000 കോടി രൂപയുടെ വായ്പയിൽ പകുതിയെങ്കിലും ഏപ്രിൽ മാസത്തിൽ എടുക്കുകയാണ്. ഇതിനെ പരിഹസിച്ചുകൊണ്ട് ചില പ്രതിപക്ഷ നേതാക്കൾ പോസ്റ്റുകളും വിഡിയോകളും ഇറക്കിക്കൊണ്ടിരിക്കുകയാണ്. ആ പണി അവർ തുടരട്ടെ. ഞങ്ങൾ ഏറ്റെടുത്ത പണി ഞങ്ങളും ചെയ്യാം.

എവിടെ നിന്നായാലും ഇന്ന് ജനങ്ങളുടെ കൈയിൽ പണമെത്തിക്കുക എന്ന ചുമതല സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കഴിഞ്ഞ കാലത്തെ കുടിശിക ആകട്ടെ, ഭാവിയിൽ കൊടുക്കാനുള്ളതിൽ നിന്നാകട്ടെ, ഇന്നത്തെ ചുമതല ജനങ്ങളുടെ കൈവശം പണമെത്തിക്കുക എന്നതാണ്. ഇത്തരത്തിൽ 20,000 കോടി രൂപ ജനങ്ങളുടെ കൈവശമെത്തിക്കുന്നത് ദേശീയ ശ്രദ്ധ നേടിയിട്ടുണ്ട്. വിശദാംശങ്ങൾ അറിയാൻ ഡൽഹി ധനമന്ത്രി എന്നെ ഫോൺ ചെയ്തിരുന്നു. ഈയൊരു മാതൃകയിൽ അവരും പാക്കെജ് പ്രഖ്യാപിക്കാനൊരുങ്ങുകയാണ്.

വലിയ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഇത്തരമൊരു മുൻകൈയെടുക്കാൻ കേരളത്തിനു കരുത്തു നൽകിയത് കേരളത്തിലെ മൂന്നു ജനകീയ സാമ്പത്തിക പ്രസ്ഥാനങ്ങളാണ്. ഒന്ന്, കേരളത്തിലെ സഹകരണ സംഘങ്ങൾ. അവരാണ് അടിയന്തരമായി പെൻഷൻ നൽകുന്നതിനുള്ള പണം വായ്പയായി നൽകുന്നത്. ഏപ്രിൽ മാസത്തിൽ അവർക്കു പണം തിരികെ നൽകും.

രണ്ടാമത്തേതു കുടുംബശ്രീ പ്രസ്ഥാനം. മറ്റൊരു സംസ്ഥാനത്തും ഇതുപോലെ ദിവസങ്ങൾ കൊണ്ട് ആയിരക്കണക്കിനു കോടി രൂപ കൃത്യതയോടെ പാവങ്ങൾക്ക് വായ്പയായി കൊടുക്കാനുള്ള സംവിധാനമില്ല. കുടുംബശ്രീയാണ് 2000 കോടി രൂപ വായ്പ എത്തിച്ചുകൊടുക്കുന്നതിനു ചുമതലയേറ്റിരിക്കുന്നത്.

കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങളാണു മൂന്നാമത്തേത്. അവർ വഴിയാണ് തൊഴിലുറപ്പും ഭക്ഷണശാലകളും നടപ്പാക്കുക. അങ്ങനെ വീണ്ടും കേരളത്തിന്റെ തനിമ പുറത്തുള്ളവർക്കു ബോധ്യപ്പെടുകയാണ്. ഇതുപോലുള്ള അർദ്ധസർക്കാർ ജനകീയ സ്ഥാപനങ്ങളുടെ വലിയ ഇടപെടൽ ശേഷിയെ ഈ സർക്കാർ ഉപയോഗപ്പെടുത്തുന്നതിന്റെ മറ്റൊരുദാഹരണമാണ് ഈ പാക്കെജ്- അദ്ദേഹം പറഞ്ഞു.

പെട്രോൾ പമ്പുകൾ അടച്ചിടുമെന്ന വാർത്ത തെറ്റ്

തിരുവനന്തപുരം: ഇന്നു വൈകുന്നേരം മുതൽ പെട്രോൾ പമ്പുകൾ അടച്ചിടുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ ശരിയല്ലെന്നു സർക്കാർ. സമൂഹമാധ്യമങ്ങളിലൂടെ ഇത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പൊലീസ് മേധാവിമാർക്കും നിർദേശം നൽകി. ഇത്തരം വാർത്തകൾ നിരീക്ഷിച്ച് ഉത്തരവാദികളെ കണ്ടെത്താൻ ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ സെൽ എന്നിവയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

അധ്യാപകർക്കും അവധി

തിരുവനന്തപുരം: സ്കൂൾ, കോളെജ് അധ്യാപകർ ഇനിയുള്ള ദിവസങ്ങളിൽ ജോലിക്ക് ഹാജരാകേണ്ടതില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇപ്പോൾ അവധി ലഭിക്കുന്ന ദിവസങ്ങൾക്ക് പകരമായി പിന്നീട് ജോലി ചെയ്യേണ്ടി വരും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരുന്നെങ്കിലും അധ്യാപകർ ഹാജരാകണമെന്നായിരുന്നു നേരത്തെയുള്ള നിർദേശം.

കൊച്ചി മെട്രൊ ഞായറാഴ്ച പ്രവർത്തിക്കില്ല

കൊച്ചി: കൊച്ചി മെട്രൊ നാളെ സർവീസ് നടത്തില്ല. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായിട്ടാണ് ഒരു ദിവസത്തേക്ക് സർവീസ് നിർത്തിവയ്ക്കുന്നത്. മെട്രൊയുടെ 11 സ്റ്റേഷനുകളിൽ തെർമൽ സ്കാനിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അടുത്ത ദിവസങ്ങളിലായി മറ്റ് മെട്രൊ സ്റ്റേഷനുകളിലും തെർമൽ സ്കാനിങ് ഏർപ്പെടുത്തും.

ഞായറാഴ്ച കടകൾ അടച്ചിടും

കോഴിക്കോട്: പ്രധാനമന്ത്രിയുടെ കൊവിഡ് നിയന്ത്രണ പരിപാടിക്കു പിന്തുണ പ്രഖ്യാപിച്ച് ഞായറാഴ്ച കടകൾ അടച്ചിടാൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (ഹസൻകോയ വിഭാഗം) സംസ്ഥാന ഭാരവാഹി യോഗം തീരുമാനിച്ചു. യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ജോബി.വി ചുങ്കത്ത് അധ്യക്ഷനായിരുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി സി.എച്ച്. ആലിക്കുട്ടിഹാജി, ട്രഷറർ കെ.എൻ. രാധാകൃഷ്ണൻ, വി. സുനിൽ കുമാർ, എം. നസീർ, എസ്.എസ്. മനോജ്, ടോമി കുറ്റിയാനിങ്ങൽ, പ്രസാദ് ജോൺ മാമ്പാറ, പി.എം.എ ഹബീബ് എന്നിവർ സംസാരിച്ചു.

സർക്കാർ ഓഫിസുകളിൽ പകുതി ജീവനക്കാർ മാത്രം, ശനി അവധി

തിരുവനന്തപുരം: കൊവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിൽ ഓഫിസുകളിൽ ഹാജരായാൽ മതി. സംസ്ഥാനത്ത് ഇന്നും അടുത്ത ശനിയാഴ്ചയും ജീവനക്കാർക്ക് അവധിയായിരിക്കും. എട്ട്, ഒമ്പത് ക്ലാസുകളിലെ പരീക്ഷ ഉപേക്ഷിച്ച സർക്കാർ എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകൾ മാറ്റിവച്ചു. സർവകലാശാലാ പരീക്ഷകളും മാറ്റി.

സംസ്ഥാനവുമായി പങ്കിടുന്ന തമിഴ്നാട്, കർണാടക അതിർത്തികളിൽ കർശന പരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്തുകയും അകത്തേയ്ക്കും പുറത്തേയ്ക്കും ഉള്ള പ്രവേശനം നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. കെഎസ്ആർടിസി ബസുകളും ഇന്നുമുതൽ അതിർത്തി കടന്നുള്ള സർവീസ് നിർത്തമെന്നാണ് സൂചന.

സംസ്ഥാന സർക്കാർ ജീവനക്കാരിൽ ഗ്രൂപ്പ് ബി, സി, ഡി വിഭാഗം ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിൽ വന്നാൽ മതിയാകുമെന്ന് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് ഇന്നലെ വൈകുന്നേരം പുറത്തിറങ്ങി. ഗസറ്റഡ് ഓഫിസർമാർ ഒഴികെയുള്ളവർ, 45,800 രൂപ വരെ അടിസ്ഥാന ശമ്പള സ്കെയിലിൽ വരുന്ന ഗസറ്റഡ് തസ്തികയിൽ വരുന്നവർ എന്നിവരാണ് അവധി ലഭിക്കുന്ന വിഭാഗക്കാരിൽ വരുന്നത്. ഓഫിസുകളിൽ ഹാജരാകാത്ത ദിവസങ്ങളിൽ വീട്ടിലിരുന്ന് ജോലി ചെയ്യാൻ വിപിഎൻ (ഇ- ഓഫിസുമായി ബന്ധപ്പെട്ട സംവിധാനം) അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ വകുപ്പ് തലവന്മാരോട് നിർദേശിച്ചിട്ടുണ്ട്. കൊറോണയുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ജീവനക്കാർക്കും കഴിഞ്ഞ ദിവസം സമാന നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിരുന്നു.

അഞ്ച് വിദേശികൾക്ക് കൊറോണ, കൊച്ചിയിൽ ജാഗ്രത

കൊച്ചി: കളമശേരി മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിയുന്ന അഞ്ച് ബ്രിട്ടീഷ് പൗരൻമാർക്ക് കൂടി കോവിഡ്-19 സ്ഥിരീകരിച്ചതോടെ ആരോഗ്യവകുപ്പ് അതീവ ജാഗ്രതയിൽ. 17 അംഗ വിനോദസഞ്ചാര സംഘത്തിൽപ്പെട്ടവരാണ് ഇവർ. സംഘത്തിലെ ഒരാൾക്കു നേരത്തെ കോവിഡ് സ്ഥിരീകരിച്ചിരുന്നു. 11 പേരുടെ ഫലം നെഗറ്റീവാണ്. ജില്ലയുടെ ചുമതലയുള്ള മന്ത്രി വി.എസ്. സുനിൽകുമാറാണ് അഞ്ചു പേർ കൂടി കോവിഡ് ബാധിതരാണെന്ന വിവരം വാർത്താ സമ്മേളനത്തിൽ വെളിപ്പെടുത്തിയത്.

ഒരു സ്ത്രീയടക്കമുള്ള രോഗബാധിതരെല്ലാം 60-85 വയസിനിടയിൽ പ്രായമുള്ളവരാണ്. അഞ്ചു പേരും ക്വാറന്റൈനിൽ കഴിയുന്നതിനാൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് മന്ത്രി അറിയിച്ചു. മൂന്നാർ ടീ കൗണ്ടി റിസോർട്ടിൽ നിന്നു പുറത്തുകടന്ന് രാജ്യം വിടാൻ ശ്രമിച്ച ഇവരെ നെടുമ്പാശേരി വിമാനത്താവളത്തിൽ തടഞ്ഞുവച്ച് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. ഇവർ സഞ്ചരിച്ച വഴികളും താമസ സ്ഥലവും മറ്റും അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഇവരുടെ റൂട്ട് മാപ്പ് തയാറാക്കും.

തിരുവനന്തപുരം പാളയം ജുമാ മസ്ജിദിൽ ഇന്നലെ നടന്ന വെള്ളിയാഴ്ച നമസ്കാരത്തിൽ മാസ്ക് ധരിച്ച് പ്രാർഥിക്കുന്നവർ.

ആനകളില്ലാതെ ആറാട്ട്; താളം തെറ്റി കലാകാരന്മാരും

■ പൊലിമ നഷ്ടമായി ഉത്സവ സീസൺ

പ്രത്യേക ലേഖകൻ

കോട്ടയം: കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി ഉത്സവങ്ങളും പൂരങ്ങളും ചടങ്ങുമാത്രമായി മാറിയപ്പോൾ സംസ്ഥാനത്തെ നാട്ടാനകൾക്ക് ലഭിച്ചത് കൊടും വേനലിൽ അത്യപൂർവമായൊരു വിശ്രമകാലം. എന്നാൽ, വാദ്യ കലാകാരന്മാരുൾപ്പെടെ ഉത്സവ അനുബന്ധ രംഗത്തു പ്രവർത്തിക്കുന്നവർ മുതൽ ഉത്സവ വാണിഭക്കാർ വരെയുള്ളവർക്ക് പുതിയ സാഹചര്യം സൃഷ്ടിക്കുന്നതു വലിയ തിരിച്ചടി.

ഈ മാസം ആദ്യപകുതിയിൽ പത്തനംതിട്ടയിലെ റാന്നിയിൽ ഇറ്റലിയിൽ നിന്നെത്തിയവരിൽ നിന്നു ബന്ധുക്കളിലേക്കു കൊവിഡ് 19 ന്റെ വ്യാപനം സ്ഥിരീകരിച്ചതോടെയായിരുന്നു സംസ്ഥാനമാകെ ആശങ്കയിലായത്. ഇതോടെ, ഉത്സവങ്ങൾ ഉൾപ്പെടെ ആൾക്കൂട്ട സാധ്യതയുള്ള പരിപാടികളെല്ലാം നിയന്ത്രിക്കാൻ നിർബന്ധിതമാകുകയായിരുന്നു സംസ്ഥാനം. കോട്ടയത്ത് തിരുനക്കര ഉത്സവം ഉൾപ്പെടെയുള്ളവ ചടങ്ങുമാത്രമാക്കി ചുരുക്കി. ഒഴിവാക്കാനാവാത്ത ചടങ്ങുകൾക്ക് ഒരു ആനയിലധികമുള്ള എഴുന്നള്ളിപ്പുകൾ പാടില്ലെന്നു സർക്കാർ നിർദേശിക്കുക കൂടി ചെയ്തതോടെയാണ് ആനകൾക്കു വിശ്രമകാലമൊരുങ്ങിയത്.

തത്കാലം ഈ മാസം 31 വരെയുള്ള എഴുന്നള്ളിപ്പുകളാണ് റദ്ദാക്കിയത്. ദിവസം 50,000 മുതൽ ലക്ഷം രൂപവരെ ഏക്കം ലഭിക്കുന്ന കൊമ്പന്മാരാണ് ഇതോടെ വിശ്രമത്തിലായത്. ആനയുടമകൾക്കും മേളമുൾപ്പെടെ കലാരംഗത്തു പ്രവർത്തിക്കുന്നവർക്കും ഇതു വലിയ തിരിച്ചടി സൃഷ്ടിച്ചിട്ടുണ്ടെന്നു പറയുന്നു ഫെസ്റ്റിവൽ കോഓർഡിനേഷൻ കമ്മിറ്റി വർക്കിങ് പ്രസിഡന്റ് അഡ്വ. രാജേഷ് പല്ലാട്ട്.

"വൃശ്ചികത്തിൽ തുടങ്ങി മേടമാസത്തിൽ അവസാനിക്കുന്നതാണ് കേരളത്തിലെ പ്രധാന ഉത്സവ സീസൺ. ആറു മാസത്തിനിടെ 60-80 എഴുന്നള്ളിപ്പുകളാണ്

സാധാരണ ഗതിയിൽ ആനകൾക്ക് ലഭിക്കുക. അതിൽ നിന്ന് ഏതാണ്ട് പകുതിയോളം എഴുന്നള്ളിപ്പുകൾ നഷ്ടമാകുന്ന അവസ്ഥയാണ് ഇക്കൊല്ലം. ആനയുടെ ഒരു വർഷത്തെ ചെലവിനുള്ള തുക ലഭിക്കുന്നത് ഈ സീസണിൽ നിന്നാണ്. എഴുന്നള്ളിപ്പുകളില്ലെങ്കിലും ആനയുടെ ചെലവുകൾ കുറയുന്നില്ലല്ലോ. സാധാരണ ഗതിയിൽ ആനയ്ക്കു ദിവസം തീറ്റയ്ക്കും ആനക്കാരുടെ കൂലിക്കുമായി കുറഞ്ഞത് 6000ഓളം രൂപ വേണം"- രാജേഷ് പല്ലാട്ട് പറയുന്നു.

ആറാട്ടുപുഴ പൂരം ഉൾപ്പെടെ പ്രധാന ഉത്സവങ്ങളെയെല്ലാം കൊവിഡ് പ്രതിരോധം ബാധിച്ചത് പ്രധാന ക്ഷേത്ര കമ്മിറ്റികൾക്ക് ഉൾപ്പെടെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. നാൽപ്പത്തേഴ് ആനകളുള്ള ഗുരുവായൂർ ദേവസ്വത്തിൽ 25 ആനകളെയാണ് മറ്റു ക്ഷേത്രങ്ങളിലെ ഉത്സവ ആവശ്യങ്ങൾക്ക് അയയ്ക്കുന്നത്. ഇവയ്ക്കെല്ലാം ഈ മാസം 31 വരെയുള്ള എഴുന്നള്ളിപ്പുകൾ റദ്ദാക്കിയിരിക്കുകയാണെന്ന് ദേവസ്വം അധികൃതർ. ഒരു ആനയ്ക്ക് ഭക്ഷണത്തിനു 3000രൂപയും പാപ്പാന്റെ കൂലിയായി 4000 രൂപയും വേണം പ്രതിദിനം.

മുൻപ് ആനകളുടെ ചെലവിലേക്കുള്ള വഴിപാടായി മാസം 18-25 ലക്ഷം രൂപ വന്നിരുന്നു. ഇപ്പോഴത് മൂന്നു ലക്ഷമായി കുറഞ്ഞു. ഉത്സവങ്ങൾ റദ്ദാക്കിയപ്പോൾ നേരത്തേ വാങ്ങിയ അഡ്വാൻസ് തുക അതതു ക്ഷേത്ര കമ്മിറ്റികൾക്കു തിരികെ നൽകണമെന്ന ആവശ്യവും ഉയരുന്നുണ്ട്. ഇക്കാര്യം വരും ദിവസങ്ങളിൽ പരിശോധിക്കുമെന്നും അധികൃതർ.

ഇതിനു പുറമെയാണു കലാകാരന്മാർ നേരിടുന്ന തിരിച്ചടി. ഉപജീവനമാർഗമെന്ന നിലയിൽ ക്ഷേത്രകലാരംഗത്തെ ആശ്രിക്കുന്നവരാണ് ഈ മേഖലയിലെ ഭൂരിപക്ഷവും. സീസൺ പാതിവഴിയിൽ നിൽക്കെയാണ് അവർക്ക് പരിപാടികളില്ലാതായത്. മേടമാസം കഴിഞ്ഞാൽ പിന്നീട് വൃശ്ചികത്തിൽ അടുത്ത സീസൺ ആരംഭിക്കുന്നതു വരെ കാര്യമായ ഉത്സവ പരിപാടികളില്ല. സീസണിൽ പരമാവധി 150 ദിവസമൊക്കെയാണ് ഇവർക്കു തൊഴിൽ ലഭിക്കുക. സാധാരണ കലാകാരന്മാർക്ക് ദിവസം 800- 1000 രൂപവരെയൊക്കെയാണു പ്രതിഫലം. അതുകൊണ്ടുതന്നെ മറ്റു ജോലികളില്ലാത്തവരെ വലിയ സാമ്പത്തിക പ്രതിസന്ധിയാണു കാത്തിരിക്കുന്നത്.

എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നിന്നും എയർപോർട്ടിലേക്ക് പോകാനെത്തിയ ജർമൻ സ്വദേശിയെ കൊറോണ വൈറസ് പരിശോധനയ്ക്കായി പൊലീസും ആരോഗ്യവകുപ്പും കൂട്ടിക്കൊണ്ടു പോയപ്പോൾ.

മനു ഷെല്ലി

പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നിയന്ത്രണം

പൈങ്കുനി ഉത്സവത്തിന് ചടങ്ങു മാത്രം

തിരുവനന്തപുരം: കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവം ആചാരപരമായ ചടങ്ങുകളിൽ ഒതുക്കുമെന്ന് ക്ഷേത്രം എക്സിക്യൂട്ടിവ് ഓഫിസർ. താന്ത്രിക ചടങ്ങുകൾ 24ന് മണ്ണുനീർ കോരലോടു കൂടി ആരംഭിക്കും. ഉത്സവം മാർച്ച് 30ന് കൊടിയേറി ഏപ്രിൽ എട്ടിന് ആറോട്ടോടു കൂടി സമാപിക്കും. ഉത്സവ ശ്രീബലികൾക്കും കലശാഭിഷേകങ്ങൾക്കും ഭക്തർക്ക് പ്രവേശനമുണ്ടാകില്ല.

ക്ഷേത്രത്തിൽ കുഞ്ഞൂണ് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചു. രാവിലെ 10 വരെ മാത്രമേ ഭക്തർക്ക് ഒറ്റക്കൽ മണ്ഡപത്തിനു മുകളിൽ ദർശനമുണ്ടായിരിക്കുകയുള്ളൂ. വൈകുന്നേരം ദീപാരാധനയ്ക്ക് ഭക്തരെ ശ്രീകോവിൽ പരിസരത്ത് പ്രവേശിപ്പിക്കില്ല. ദീപാരാധനയ്ക്കു ശേഷമുള്ള ദർശനം ഒറ്റക്കൽ മണ്ഡപത്തിനു താഴെ മാത്രമേ ഉണ്ടായിരിക്കൂ. ഒറ്റക്കൽ മണ്ഡപത്തിൽ ദർശനത്തിന് കൂട്ടമായി ഭക്തരെ കടത്തിവിടുന്നതു നിയന്ത്രിച്ച് അഞ്ചുപേർ വീതം പരസ്പരം തൊടാത്ത നിലയിലുള്ള ദർശനം മാത്രമേ അനുവദിക്കൂ. വിശിഷ്ടാതിഥികൾക്കും ക്ഷേത്രത്തിൽ ദർശന നിയന്ത്രണമേർപ്പെടുത്തി.

വഴിപാടായി അർപ്പിക്കുന്ന പൂത്തട്ട് വിൽപ്പന പൂർണമായി നിർത്തി. ഭക്തർ വലിയ തോതിൽ ക്ഷേത്രത്തിലേക്ക് എത്തുന്നത് ഗുരുതരമായ വിപത്തിന് വഴിയൊരുക്കുമെന്നതിനാൽ പരമാവധി സഹകരിക്കണമെന്ന് എക്സിക്യൂട്ടിവ് ഓഫിസർ.

പ്രതിരോധം ശക്തമാക്കി തൊഴിലുറപ്പ് തൊഴിലാളികൾ

തിരുവനന്തപുരം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സ്ഥലങ്ങളിലും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ സംസ്ഥാന മിഷൻ നടപടികൾ ഊർജിതമാക്കി. ഇതിന്റെ ഭാഗമായി ബ്രേക്ക് ദ ചെയ്ൻ കാമ്പയിൻ അഞ്ചു ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾ ഏറ്റെടുക്കും. പ്രവൃത്തി സ്ഥലങ്ങളിൽ പാലിക്കേണ്ട ശുചിത്വ മാർഗനിർദ്ദേശങ്ങൾ തൊഴിലുറപ്പ് മിഷൻ നൽകി.

പ്രവൃത്തി തുടങ്ങുന്നതിന് മുൻപും ശേഷവും ഇടവേളകളിലും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. ഇതിനായി സോപ്പും കൈ കഴുകാനുള്ള വെള്ളവും എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും ലഭ്യമാക്കണമെന്ന് മിഷൻ നിർദ്ദേശിച്ചു.

തൊഴിലാളികൾ വീട്ടിൽ തിരികെ എത്തിയാലുടൻ സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കണം. ഏത് തരം പ്രവൃത്തിയാണെങ്കിലും തൊഴിലാളികൾ കൈയ്യുറകൾ നിർബന്ധമായും ധരിക്കണം. വിയർപ്പ് തുടയ്ക്കുന്നതിന് വൃത്തിയുള്ള തോർത്ത് കരുതണം. കൂടാതെ, തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ കൂട്ടം കൂടാതെ അകലം പാലിക്കണം, പണിയായുധങ്ങൾ കൈമാറ്റം ചെയ്യരുതെന്നും നിർദ്ദേശം.

പനി, ചുമ, ശ്വാസതടസം എന്നീ ബുദ്ധിമുട്ടുകൾ ഉള്ളവർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനയ്ക്ക് വിധേയമാകണം, വൈറസ് ബാധയുള്ള വ്യക്തിയുമായി ഇടപഴകേണ്ടി വന്ന തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്നതിൽ നിന്നും മാറി നിൽക്കണം.

ഇതുകൂടാതെ, പ്രാദേശിക സാഹചര്യമനുസരിച്ച് ജില്ലാ കലക്റ്റർ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കണം. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി എൻജിനിയർമാർക്കും ഓവർസിയർമാർക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർമാർക്കും ചുമതല നൽകി. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ പരിശോധന, സ്ക്രീനിങ് ക്യാമ്പുകൾ, അവബോധ ക്ലാസുകൾ സംഘടിപ്പിക്കാൻ ബിഡിഒമാരെ ചുമതലപ്പെടുത്തി. ബ്രേക്ക് ദ ചെയ്ൻ കാമ്പയിന്റെ പോസ്റ്ററുകൾ പ്രവൃത്തിയിടങ്ങളിൽ പതിച്ച് ബഹുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും നിർദ്ദേശിച്ചു.

തൊഴിലാളികൾക്കിടയിൽ ബ്രേക്ക് ദ ചെയ്ൻ കാമ്പയിനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്റ്റർ ഡോ. ദിവ്യ.എസ്. അയ്യർ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും തൊഴിലിടങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളും പ്രതിരോധ നടപടികളും സംബന്ധിച്ച് തൊഴിലാളികൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും ചെയ്തു.

ശബരിമല ഉത്സവത്തിന് ആചാരപരമായ ചടങ്ങുകൾ മാത്രം

■ തീർഥാടകരെ പ്രവേശിപ്പിക്കേണ്ടെന്നു സർക്കാർ നിർദേശം

തിരുവനന്തപുരം: കൊവിഡ് 19 ഭീതിയുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ ഇത്തവണത്തെ തിരുവുത്സവത്തിന് ആചാരപരമായ ചടങ്ങുകൾ മാത്രം നടത്തിയാൽ മതിയെന്നും തീർഥാടകരെ പ്രവേശിപ്പിക്കേണ്ടതില്ലെന്നും ദേവസ്വം ബോർഡിനോടും ജില്ലാ ഭരണകൂടത്തിനോടും പൊലീസ് മേധാവിയോടും സർക്കാർ നിർദേശിച്ചു. ഈ മാസം 29നാണ് കൊടിയേറ്റോടു കൂടി ശബരിമലയിൽ ഉത്സവം ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി 28ന് ശബരിമല നടതുറക്കും. ഏപ്രിൽ ഏഴിനു പമ്പ തീരത്തു നടക്കുന്ന ആറാട്ട് ചടങ്ങിലും തീർഥാടകരെ പ്രവേശിപ്പിക്കില്ല.

ശബരിമല സ്ഥിതി ചെയ്യുന്ന പത്തനംതിട്ട ജില്ലയിൽ ഒമ്പതു പേർക്ക് കൊവിഡ്19 സ്ഥിരീകരിച്ചിട്ടുള്ളതാണ്. ജില്ലയിൽ 235 പേർ പ്രൈമറി കോൺടാക്റ്റ് ലിസ്റ്റിലും 501 പേർ സെക്കൻഡറി കോൺടാക്റ്റ് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും ഇവരെ ഹോം ഐസൊലേഷനിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട അടിയന്തരഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരികയുമാണ്.

രാജ്യത്ത് കൊവിഡ് 19 രോഗബാധ വർധിച്ചു വരുന്ന സാഹചര്യത്തിൽ തീർഥാടകരെ ശബരിമലയിലേക്ക് കടത്തിവിടുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും രോഗവ്യാപ്തി വർധിക്കുന്നതിന് കാരണമാകുമെന്നും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫിസർ ജില്ലാ കലക്റ്റർക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ കലക്റ്റർ തീർഥാടകർക്കു നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സർക്കാരിനു റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണു സർക്കാർ നടപടി.

വീട്ടിലിരിക്കുന്നവർ മാത്രം പോരാ, ഓടുന്നവരും വേണം

കൊവിഡ് കാലത്തെ സോഷ്യൽ ഓഡിറ്റിങ്

ഡോ. അനീഷ് ടി.എസ്.
തിരുവനന്തപുരം മെഡിക്കൽ കോളെജ് കമ്യൂണിറ്റി മെഡിസിൻ വിഭാഗം

നാം ഒരു യുദ്ധമുഖത്തു തന്നെയാണ്. കൊവിഡ് കേരളത്തിൽ രണ്ടാം ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. വിദേശത്തു നിന്ന് എത്തിയവരിൽ നിന്നും നാട്ടുകാരിലേക്കു രോഗം പടരാൻ തുടങ്ങിയിരിക്കുന്നു എന്ന കരുതലോടെ വേണം നീങ്ങാൻ.

ലോകത്തിലുള്ള മറ്റു രാജ്യങ്ങളെപ്പോലെതന്നെ നമ്മുടെ രാജ്യവും കൊവിഡ് 19 എന്ന രോഗത്തിനോട് പ്രതിരോധ ശേഷി (ഇമ്യൂണിറ്റി) നേടിയിട്ടുള്ള രാജ്യമൊന്നുമല്ല. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലും രോഗം വ്യാപകമായി പടർന്നു പിടിക്കുകയും ഒരുപക്ഷെ ഭീകരമായിട്ടുള്ള അവസ്ഥയിലേക്ക് എത്തുകയും ചെയ്യാം. മുൻകൂട്ടി അതിനെതിരെ ഒരു കരുതൽ എടുക്കാൻ വേണ്ടി എല്ലാവരും അവരവരുടെ ജീവിത സാഹചര്യങ്ങളിൽ തന്നെ മാറി നിൽക്കുകയും വീടുകളിൽ തന്നെ കഴിയുകയും ചെയ്യണമെന്ന് ഡോക്റ്റർമാർ ഉൾപ്പടെ ഒരുകൂട്ടം ആളുകൾ വിശ്വസിക്കുകയും അങ്ങനെ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അത് പ്രധാനമായിട്ടും അവരുടെ സമൂഹത്തോടുള്ള സ്നേഹത്തിൽ നിന്നും പരിഗണനയിൽ നിന്നും മറ്റു രാജ്യങ്ങളിൽ അവർ കാണുന്ന അനുഭവങ്ങളിൽ നിന്നോ വരുന്നതാണ്. അതെല്ലാം പ്രാധാന്യവുമുള്ളതാണ്. അവയെല്ലാം തന്നെ നമ്മൾ കണക്കിലെടുക്കേണ്ടതുമാണ്.

ഇറ്റലി പോലുള്ള രാജ്യങ്ങളിലൊക്കെ രോഗം പടർന്നു പിടിക്കുകയും അവിടെ ഗുരുതരമായിട്ടുള്ള അവസ്ഥയിലേക്ക് നീങ്ങുകയും പിന്നീട് അവിടുള്ളവർക്ക് സമ്പൂർണ്ണമായി തന്നെ ജീവിത സാഹചര്യങ്ങളിൽ നിന്ന് മാറിനിൽക്കേണ്ടി വരികയും ചെയ്ത സ്ഥിതിയ്ക്ക് ഇപ്പഴേ നമുക്ക് കരുതലെടുക്കാൻ കഴിയുമെങ്കിൽ അതല്ലേ നല്ലത്.

രോഗം ചുരുങ്ങി നിൽക്കുന്ന രണ്ടാമത്തെ ഘട്ടത്തിലാണ് നമ്മളിപ്പോൾ നിൽക്കുന്നത്. ഇതിന് മൂന്നും നാലും ഘട്ടങ്ങളുണ്ടെന്നാണ് പറയുന്നത്. മൂന്നാമത്തെ ഘട്ടത്തിൽ അതത് സമൂഹത്തിൽ തന്നെ കേസുകൾ റിപ്പോർട്ടു ചെയ്തുവരികയും നാലാമത്തെ ഘട്ടത്തിൽ നാടുമുഴുവൻ രോഗം പടർന്നുപിടിക്കുകയും ചെയ്യാനാണ് സാധ്യത. ഒരു പക്ഷെ ഇപ്പോഴുള്ള ഘട്ടത്തിൽ നിന്നും വളരെ മുന്നോട്ട് പോകാതെ അവസാനിച്ചു എന്നും വരും.

കിടപ്പു രോഗികളുടെ ആരോഗ്യം

ഈ അസുഖം നാട്ടിലാകെ പടർന്നു പിടിച്ചാൽ ഏറ്റവും കൂടുതൽ അപകടം സംഭവിക്കാൻ സാധ്യതയുള്ള വിഭാഗം കിടപ്പുരോഗികളാണ്. കാരണം കിടപ്പുരോഗികൾ മിക്കവരും പ്രായാധിക്യം ഉള്ളവരാണ്. വളരെ ഗുരുതരമായിട്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരുമാണ്. ഇറ്റലിയിൽ അങ്ങനെയുള്ളവരുടെ മരണനിരക്ക് അമ്പത് ശതമാനത്തിനു മുകളിലാണ്.

ഇതുവരെയുള്ള അനുഭവങ്ങൾ കാണിക്കുന്നത് മുതിർന്ന പൗരന്മാരും അനുബന്ധ രോഗങ്ങൾ (പ്രമേഹം, ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ, രക്താതിമസമ്മർദം തുടങ്ങി പകർച്ചേതര രോഗങ്ങൾ) ബാധിച്ചവരുമാണ് മരണമടയുന്നതെന്നാണ്. ഇങ്ങനെ കേരളത്തിൽ 75 ലക്ഷത്തോളം പേരുണ്ട്. ഇവരിൽ ഒരു ചെറുശതമാനത്തിലും പോലും രോഗബാധയുണ്ടായാൽ നമുക്ക് മാനെജ് ചെയ്യാൻ വളരെ വിഷമമായിരിക്കും. ഈ വിഭാഗത്തിൽപ്പെട്ടവർ നിർബന്ധമായും വീട്ടിലിരിക്കണം.

കിടപ്പുരോഗികളെ നോക്കുന്നതിനു വേണ്ടി ഒരു പരിപാടി നമ്മുടെ നാട്ടിൽ ആദ്യമേയുണ്ട്. കിടപ്പുരോഗികൾക്കായി ഒരു നഴ്സ് മിക്ക സ്ഥലങ്ങളിലുമുണ്ട്. ആ നഴ്സിനോട് ഇപ്പഴേ പറയുക ഇനിയുള്ള കുറച്ചുകാലത്തെ ജോലി എന്നു പറയുന്നത് ഈ കിടപ്പുരോഗികളിലേക്ക് കൊവിഡ് എത്താതിരിക്കാൻ ശ്രദ്ധിക്കുകയും അഥവാ എത്തിക്കഴിഞ്ഞാൽ അവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നതാണെന്ന്.

അവർ അതുമാത്രം നോക്കട്ടെ. പക്ഷെ കിടപ്പുരോഗികളെ സന്ദർശിക്കാനായി ഇവർ പുറത്തിറങ്ങിയല്ലേ പറ്റൂ. കിടപ്പുരോഗികൾക്ക് നഴ്സ് മൂലം രോഗം ഉണ്ടാകാനും പാടില്ല. വളരെ കൃത്യമായിട്ടുള്ള നിഷ്ഠകളും ചര്യകളും ഈ നഴ്സ് പുലർത്തുകയും വേണം. സംസ്ഥാനത്തെ കിടപ്പുരോഗികളുടെ ആരോഗ്യം ശ്രദ്ധിക്കുന്ന നഴ്സുമാരെ കോഡിനേറ്റ് ചെയ്യാൻ ഒരു ടീം ഉണ്ടാക്കണം. ആ ടീമിൽ തീർച്ചയായും ഒരു ഡോക്റ്റർ ഉണ്ടാവണം.

ആരോഗ്യ പ്രവർത്തകർ

നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും വലിയ ശൃംഖല എന്നു പറയുന്നത് നമ്മുടെ ആരോഗ്യ പ്രവർത്തകരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്റ്റർമാരും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ആശാവർക്കർമാരും സൂപ്പർവൈസേഴ്സും ഉൾപ്പെടുന്നതാണ്. അവർ പൂർണമായും ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന കാര്യങ്ങൾ നോക്കട്ടെ. ഹൗസ് ക്വാറന്റൈനിലുള്ളവരോടും പൊതുവായിട്ട് ആളുകളോ

ടും കമ്യൂണിക്കേറ്റ് ചെയ്യേണ്ട കാര്യങ്ങളും ഫീൽഡ് വർക്കിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങളും, ഫീൽഡിൽ നിന്നുള്ള കണക്കെടുപ്പ് കാര്യങ്ങളുമൊക്കെ ഉണ്ടാകുമെന്നതിനാൽ അവർക്ക് പ്രത്യേകമായി മറ്റൊരു ജോലി കൊടുക്കാൻ പറ്റില്ല. ഈ ശൃംഖലയെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക.

ആംഗൻവാടികൾ

മറ്റൊരു വലിയ ശൃംഖലയാണ് ആംഗൻവാടികൾ. ആയിരമോ എണ്ണൂറോ ആളുകൾക്ക് ഒരു ആംഗൻവാടിയുള്ള നാടാണ് കേരളം. രാജ്യത്ത് ആംഗൻവാടി പ്രവർത്തനങ്ങൾ വളരെ കൃത്യമായിട്ട് നടക്കുന്ന നാടാണ്. ഒരോ ആംഗൻവാടിയിലും ഒരു വർക്കറും ഹെൽപ്പറും ഉണ്ട്. ഇവരുടെ ഫീൽഡ് ഏരിയയിൽ വളരെ പ്രായം ചെന്ന ആളുകളും ദീർഘകാല രോഗങ്ങൾക്ക് മരുന്നു കഴിക്കുന്നവരുമുണ്ട്. സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്ന രോഗികളെ കുറിച്ചുള്ള വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും ഉണ്ടാകും. രോഗം ആദ്യം പടർന്നു പിടിക്കാൻ സാധ്യതയുള്ളത് പാവപ്പെട്ട വൃദ്ധരേയും രോഗികളെയുമാണ്. അതിനോടൊപ്പം തന്നെ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന രോഗികളുടെ കണക്കുകൂടി എടുക്കേണ്ടതാണ്. വൃദ്ധരുടെയും രോഗികളുടെയും കാര്യങ്ങൾ ആംഗൻവാടി വർക്കർമാരെ ഏൽപ്പിക്കുന്നു. അവരെ നിയന്ത്രിക്കുന്നതിനും നയിക്കുന്നതിനും ഒരു ടീം, സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു ഡോക്റ്ററും ടീമിൽ വേണം.

കുടുംബശ്രീ

അടുത്ത പ്രധാന ശൃംഖല കുടുംബശ്രീയാണ്. കുടുംബശ്രീയുടെ നെറ്റ് വർക്ക് വളരെ വ്യാപകമാണ്. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലും വളരെ വ്യാപകമായുള്ള ശക്തിയാണ് കുടുംബശ്രീ. അവർക്ക് ചെറുകിട സംരഭകത്വ മാർഗങ്ങളിലൂടെ വ്യാപകമായ ചില പ്രവർത്തനങ്ങൾ ചെയ്യാനാകും. ഉദാ: മാസ്കുകൾ ഉണ്ടാക്കൽ. രോഗം വ്യാപകമാവുകയാണെങ്കിൽ രോഗികൾക്കും ആരോഗ്യ പ്രവർത്തകർക്കും ഉപയോഗിക്കാൻ വലിയ അളവിൽ മാസ്കുകൾ വേണ്ടി വരും. ഇപ്പോൾ തന്നെ പല യൂണിറ്റുകളും അത് ഉണ്ടാക്കുന്നുണ്ട്.

നമുക്ക് കുറച്ചുകൂടി സുരക്ഷിതമായി മാസ്കുകൾ ഉണ്ടാക്കാൻ കഴിയും. പുറംഭാഗത്ത് വീഴുന്ന ജലകണികകളെ പുറംഭാഗത്ത് തന്നെ നിലനിർത്തുകയും അതിന്റെ ഉൾഭാഗത്ത് അതായത് വായുടെ ഭാഗത്ത് വീഴുന്ന ജലകണികകളെ പിടിച്ചെടുക്കുകയും ചെയ്യുന്ന വസ്തുവായിരിക്കണം മാസ്ക്. തുണി കൊണ്ടാണ് മാസ്ക് നിർമിക്കാൻ ശ്രമിക്കുന്നതെങ്കിൽ അതിന് രണ്ട് ലെയർ തുണി ഉപയോഗിക്കുന്നതാണ് നല്ലത്. പുറം ലെയർ നൈലോൺ പോലെ വെള്ളത്തെ അകറ്റിനിർത്തുകയും അകത്തെ ലെയർ കോട്ടൺ പോലെ വെള്ളത്തെ പിടിച്ചെടുക്കുകയും ചെയ്യുന്ന ശാസ്ത്രീയ മാസ്ക്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ഉണ്ടാക്കാനാകണം.

മറ്റൊന്ന് സാനിറ്റൈസർ. ഒരു പക്ഷെ വീടുകളിൽ പോലും സാനിറ്റൈസറുകൾ ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യം വന്നേക്കാം. കാരണം സോപ്പും വെള്ളവും സാനിറ്റൈസറിനേക്കാൾ എഫക്റ്റീവാണെങ്കിലും സോപ്പിന് വെള്ളം ധാരാളം വേണ്ടതുകൊണ്ട് കൈകൾ ഇടയ്ക്കിടെ വൃത്തിയാക്കാൻ സാനി

റ്റൈസർ വേണ്ടി വന്നേക്കാം. ഐസോപ്രൊപ്പൈൽ ആൽക്കഹോളോ എഥനോളോ ഉപയോഗിച്ച് സാനിറ്റൈസർ ഉണ്ടാക്കാം. ഇതിന്റെ മെത്തേഡ് ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സന്നദ്ധസംഘടനകൾ

വേറൊരു വലിയ ശൃംഖല നമുക്കുള്ളത് സന്നദ്ധ സംഘടനകളാണ്. എല്ലാത്തരത്തിലുമുള്ള സംഘടനകളുണ്ട്. രാഷ്ട്രീയ സംഘടനകൾ മുതൽ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബുകൾ വരെ. രോഗം അടുത്ത ഘട്ടത്തിലേക്ക് കടന്നാൽ ഒട്ടേറേ കുടുംബങ്ങൾ വീടിനുള്ളിൽ ഒറ്റപ്പെടും. ഒരു പക്ഷെ ഭക്ഷണവും മറ്റും കിട്ടാൻ അവർക്കു ബുദ്ധിമുട്ട് ഉണ്ടാകും. അവർക്ക് വൃത്തിയായിട്ടുള്ള പൊതിയിൽ, രോഗം പകരാത്ത രീതിയിൽ ഭക്ഷണം എത്തിച്ചു കൊടുക്കാൻ ഈ സംഘത്തിന് കഴിയും.

ഇത്തരത്തിൽ ഡോക്റ്റർമാരും നഴ്സുമാരും ആരോഗ്യ പ്രവർത്തകരും അല്ലാത്തവരും പുറത്തിറങ്ങുകയും ജോലി ചെയ്യുകയും ചെയ്താൽ മാത്രമേ നമ്മൾ പറയുന്ന കാര്യങ്ങൾ നടക്കുകയുള്ളൂ. ഈ കാര്യങ്ങൾ നടത്താൻ എണ്ണയിട്ട യന്ത്രങ്ങളെപ്പോലെ പ്രവർത്തിക്കാൻ നമുക്ക് കഴിയണം. അതിന് സംസ്ഥാനത്തിന് പ്രധാനപ്പെട്ട ലീഡർഷിപ്പ് വേണം. തദ്ദേശീയമായിട്ടും വേണം. നമ്മുടെ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ ലോകത്തിനു തന്നെ മാതൃകയാകുന്ന വിധത്തിൽ ശക്തമാണ്. തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാനുണ്ട്. ഇതിനെയൊക്കെ സംയോജിപ്പിക്കുക എന്നതാണ് പ്രധാനം.

ഈ രോഗം മാറിപ്പോകുന്നത് സോപ്പും വെള്ളവും ഉപയോഗിക്കുന്നിലൂടെയും, പരസ്പരം നമ്മൾ കൂടിച്ചേരുന്നതിന്റെ അളവ് കുറയ്ക്കുന്നതിലൂടെയും ഒക്കെത്തന്നെയാണ്. പക്ഷേ ഈ സന്ദേശം എല്ലാവരിലും എത്തിക്കുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കുന്നതിനും ആളുകൾ അത് പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നമുക്ക് കഴിയണം. ഇതിനു വേണ്ടിയുള്ള മാർഗനിർദ്ദേശങ്ങൾ കൊടുക്കൽ, ബാനർ, പോസ്റ്റർ എത്തിക്കൽ, പൊതുവിടങ്ങളിൽ വെള്ളത്തിന്റെയും സോപ്പിന്റെയും ലഭ്യത ഉറപ്പാക്കൽ, ആളുകളോട് കമ്യൂണിക്കേറ്റ് ചെയ്യാനുള്ള കാര്യങ്ങൾ ഉറപ്പാക്കൽ എന്നതെല്ലാം പ്രധാനമുള്ളവയാണ്.

നമ്മുടെ നാട്ടിൽ ലഭ്യമായ സങ്കേതങ്ങളെ ഉപയോഗിക്കാതെ എല്ലാവരും വീടിനകത്ത് അടച്ചിട്ടിരുന്ന് നമ്മുടെ കൂടെയുള്ളവരെ അപകടത്തിന് വിട്ടുകൊടുക്കുന്നതിനു പകരം വളരെ ശക്തിയോടുകൂടി നമ്മുടെ സങ്കേതങ്ങളെയെല്ലാം കോർത്തിണക്കി ഇതിനെതിരായുള്ള യുദ്ധം രൂപകൽപ്പന ചെയ്താൽ നമുക്ക് തീർച്ചയായും വിജയിക്കാൻ കഴിയും.

സംസ്ഥാനത്തെ എല്ലാ പരീക്ഷകളും മാറ്റിവച്ചു

തിരുവനന്തപുരം: എസ്എസ്എൽസിയും പ്ലസ്ടുവും അടക്കം സംസ്ഥാനത്ത് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാ പരീക്ഷകളും മാറ്റിവയ്ക്കാൻ സർക്കാർ തീരുമാനിച്ചു. എട്ട്, ഒമ്പത്, പത്ത്, പ്ലസ് വൺ, പ്ലസ്ടു, വിഎച്ച്എസ്ഇ പരീക്ഷകളും സർവകലാശാലാ പരീക്ഷകളുമാണ് മാറ്റിയത്. ഇന്നലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

കോവിഡ് 19 ഭീതിയിൽ മുൻകരുതലെന്നോണം പരീക്ഷകൾ മാറ്റിവയ്ക്കാൻ കേന്ദ്രസർക്കാർ നിർദേശിച്ചിട്ടും പരീക്ഷകൾ തുടരുന്നത് ശരിയല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മുൻ നിലപാട് തിരുത്തിയത്. സിബിഎസ്ഇ, ഐസിഎസ്ഇ പരീക്ഷകൾ മാറ്റിയിട്ടും എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകൾ മാറ്റാത്ത സർക്കാർ നിലപാടിനെതിരെ വിമർശനം ഉയർന്നിരുന്നു. സർവകലാശാല പരീക്ഷകൾ മാറ്റണമെന്ന യുജിസി നിർദേശവും സർക്കാർ നേരത്തെ തള്ളിയിരുന്നു.

8, 9 ക്ലാസുകളിലെ പരീക്ഷകൾ പൂർണമായി ഒഴിവാക്കി. ശേഷിക്കുന്ന പരീക്ഷകൾ എപ്പോൾ നടത്തണമെന്ന് പിന്നീട് ചർച്ച ചെയ്തു തീരുമാനിക്കും. എസ്എസ്എൽസിക്ക് മൂന്നും പ്ലസ് വണ്ണിനും പ്ലസ് ടുവിനും നാലും പരീക്ഷകളാണ് തീരാനുള്ളത്. തീരുമാനം വന്നതോടെ ഒരു സർവകലാശാലയും ഇന്നലെ ഉച്ചയ്ക്ക് ശേഷം പരീക്ഷകൾ നടത്തിയില്ല. എന്നാൽ തീരുമാനം വൈകിയത് ബുദ്ധിമുട്ടുണ്ടാക്കിയെന്ന നിലപാടാണ് വിദ്യാർഥികളുടേത്. കോളെജിലെത്തിയപ്പോഴാണ് പരീക്ഷ മാറ്റിയ വിവരം അറിയുന്നതെന്നും ഇത് നേരത്തെ തീരുമാനിക്കാമായിരുന്നെന്നും വിദ്യാർഥികൾ പറയുന്നു.

2,000 കോടി പ്രത്യേകവായ്പ വേണം: നബാർഡിനോട് മുഖ്യമന്ത്രി

തിരുവനന്തപുരം: കോവിഡ് വൈറസ് ബാധയുടെ സാമ്പത്തിക ആഘാതം കണക്കിലെടുത്ത് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയിൽ നിന്ന് (ആർഐഡിഎഫ്) 2,000 കോടി രൂപയുടെ പ്രത്യേക വായ്പ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പാക്കെജ് നബാർഡ് നടപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് നബാർഡ് ചെയർമാൻ ഡോ. ഹർഷ്കുമാർ ബൻവാലയ്ക്ക് കത്തയച്ചു.

ആർഐഡിഎഫിൽ നിന്നുള്ള പ്രത്യേക വായ്പ രണ്ടുശതമാനം പലിശയ്ക്ക് അനുവദിക്കണം. ഇപ്പോൾ 3.9 ശതമാനമാണ് പലിശ. ബാങ്കുകൾക്ക് വർധിച്ച പുനർവായ്പ നബാർഡ് ലഭ്യമാക്കണം. ഗ്രാമീണ സമ്പദ്ഘടനയ്ക്ക് ഉണർവ് നൽകാൻ ഇതാവശ്യമാണ്.

സംസ്ഥാന സഹകരണ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, കൊമേഴ്സ്യൽ ബാങ്കുകൾ തുടങ്ങിയവയ്ക്ക് നൽകുന്ന പുനർവായ്പയുടെ പലിശ നിരക്ക് 4.5 ശതമാനത്തിൽ നിന്നും രണ്ടു ശതമാനമായി കുറയ്ക്കണം. വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ ഇത് ബാങ്കുകളെ സഹായിക്കും. ചെറുകിട സംരംഭങ്ങൾക്കും കൈത്തൊഴിലിനും മറ്റും നബാർഡ് ലഭ്യമാക്കുന്ന പുനർവായ്പയുടെ പലിശ നിരക്ക് 8.4 ശതമാനത്തിൽ നിന്ന് അഞ്ചു ശതമാനമായി കുറയ്ക്കണം. ഇടക്കാല- ദീർഘകാല നിക്ഷേപ വായ്പകൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് ലോങ് ടേം റൂറൽ ക്രഡിറ്റ് ഫണ്ടിന്റെ പുനർവായ്പ മൂന്നുശതമാനം നിരക്കിൽ ലഭ്യമാക്കണം.

നബാർഡ്, ആർബിഐ എന്നിവ സ്ഥാപിച്ച ക്രെഡിറ്റ് കൗൺസലിങ് സെന്ററുകളെ സഹായിക്കുന്നതിന് കോ- ഓപ്പറേറ്റീവ് ഡവലപ്മെന്റ് ഫണ്ടിൽനിന്നും ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഫണ്ടിൽനിന്നും അധിക ഗ്രാന്റ് അനുവദിക്കണം. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഇന്നത്തെ പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന 100 ശതമാനം പുനർവായ്പ കോവിഡ് ബാധയുള്ള കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും അനുവദിക്കണമെന്നും മുഖ്യമന്ത്രി നബാർഡ് ചെയർമാനോട് അഭ്യർത്ഥിച്ചു.

കെഎസ്ആർടിസി ബംഗളുരു സർവീസുകൾ റദ്ദാക്കി

തിരുവനന്തപുരം: കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ നിന്നുള്ള ബംഗളൂരു സർവീസുകൾ കെഎസ്ആർടിസി താത്കാലികമായി റദ്ദാക്കി. കർണാടക, തമിഴ്നാട് അതിർത്തികളിലെ നിയന്ത്രണം മൂലമാണ് തീരുമാനം. കേരളത്തിൽ കൂടുതൽ പേരിൽ രോഗം സ്ഥിരീകരിച്ചതോടെ ഇരു സംസ്ഥാനങ്ങളും അതിർത്തിയിൽ കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിലേക്കുള്ള ബസ് സർവീസുകൾ നിർത്തലാക്കിയതിനോടൊപ്പം പച്ചക്കറികൾ, പാൽ, മറ്റു അവശ്യ വസ്തുക്കൾ എന്നിവയുമായി വരുന്ന വാഹനങ്ങൾ ഡ്രൈവർമാരെ പരിശോധിച്ച ശേഷം മാത്രമേ കടത്തിവിടുന്നുള്ളൂ. ഇതോടെ അന്തർ സംസ്ഥാന സർവീസുകൾക്ക് കോർപ്പറേഷനും നിയന്ത്രണം ഏർപ്പെടുത്തുകയായിരുന്നു.

അയൽ സംസ്ഥാനങ്ങളിൽ നിയന്ത്രണം ശക്തമാക്കിയതോടെ മറ്റ് റൂട്ടുകളിലും സർവീസുകൾ കുറയാനാണ് സാധ്യത. കർശന പരിശോധനയും നിയന്ത്രണവും വന്നതോടെ വാളയാറിൽ ഉൾപ്പെടെയുള്ള ചെക്പോസ്റ്റുകളിലും വാഹനങ്ങളുടെ നീണ്ടനിരയാണ്. എന്നാൽ തമിഴ്നാട് അതിർത്തി അടയ്ക്കില്ലെന്ന് അവരുടെ ചീഫ് സെക്രട്ടറി വ്യക്തമാക്കിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പരിശോധനാ നടപടികൾ ശക്തമാക്കുക മാത്രമേയുള്ളൂവെന്നും മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തു കൊറോണ വൈറസ് ബാധ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ തിരുവനന്തപുരം പാളയത്ത് റോഡരികിൽ യാത്രക്കാർക്ക് കൈ കഴുകാൻ സ്ഥാപിച്ചിരിക്കുന്ന ബ്രേക്ക് ദി ചെയിൻ കിയോസ്ക്.

കെ.ജെ. ജോസഫ്

കൊച്ചി: തോപ്പുംപ്പടി കോന്നോത്ത് ഹൗസിൽ കെ.ജെ. ജോസഫ് (56) അന്തരിച്ചു. പരേതനായ ജേക്കബിന്റെയും മേരിയുടെയും മകനാണ്. സംസ്കാരം നടത്തി. ഭാര്യ: റോസിലി ജോസഫ്.

പാത്തുമ്മ

മൂവാറ്റുപുഴ: പായിപ്ര മാത്തുംകാട്ടിൽ പരേതനായ സെയ്തുപിള്ളയുടെ ഭാര്യ പാത്തുമ്മ (93) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: എം.എസ്. ഹംസ, എം.എസ്. ഷരീഫ, എം.എസ്. സുഹ്റ, എം.എസ്. നാച്ചി, എം.എസ്. മീരാൻ, എം.എസ്. ജമാൽ, പരേതയായ ജമീല, പരേതയായ റുക്കിയ. മരുമക്കൾ: പാത്തുമ്മ ഹംസ, മുസ്ഥഫ, പാത്തുമ്മ മീരാൻ, യൂസഫ്, ആസിയ ജമാൽ, മൈതീൻ, പരേതരായ അലിയാർ, മീരാൻ.

കെ.വൈ. മുഹമ്മദലി

ആലുവ: തായിക്കാട്ടുകര കണക്കശ്ശേരി വീട്ടിൽ യൂസഫിന്റെ മകൻ കെ.വൈ. മുഹമ്മദലി (49) അന്തരിച്ചു. കബറടക്കം നടത്തി. മുൻ എറണാകുളം ജില്ലാ കെഎസ്‌യു നേതാവായിരുന്നു. മാതാവ്: ആയിഷ. ഭാര്യ: ഷാഹിദ, കളമശ്ശേരി മുട്ടത്താഴത്ത് കുടുംബാംഗം. മക്കൾ: മുഹമ്മദ് ജസീം, മുഹ്സിന ജബിൻ.

സാദിക്ക്

തുറവൂർ: കുത്തിയതോട് ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ തുറവൂർ കണിച്ചുകാട്ടു പരേതനായ സെയ്തുമുഹമ്മദിന്റെ മകൻ സാദിക്ക് (റാഫീക്ക്-47) അന്തരിച്ചു. ഭാര്യ: ഹസീന. മക്കൾ: റഹ്നാൻ, റസ്വാൻ.

മാധവിക്കുട്ടിയമ്മ

കോയിപ്രം: വട്ടാവേലിൽ പരേതനായ കുട്ടപ്പൻപിള്ളയുടെ ഭാര്യ മാധവിക്കുട്ടിയമ്മ (92) അന്തരിച്ചു. മക്കൾ: കൃഷ്ണപണിക്കർ, ശശികല. മരുമക്കൾ: രുഗ്മിണിയമ്മ, പരേതനായ രാജശേഖരൻ.

പി.ജെ. വിജയമ്മ

ഓതറ: പ്ലാച്ചേരിക്കാലായിൽ പി. ജെ. തമ്പിയുടെ ഭാര്യ പി.ജെ. വിജയമ്മ (57) അന്തരിച്ചു. മക്കൾ: ജോബിൻ, ജ്യോതി. മരുമക്കൾ: അനുഷ, മനീഷ്.

കമലമ്മ

അടൂർ: ഏഴംകുളം പഞ്ചായത്ത് മുൻ അംഗം സതീഷ് ഭവനത്തിൽ പരേതനായ ദിവാകരന്റെ ഭാര്യ കമലമ്മ (78) അന്തരിച്ചു. മക്കൾ: സോമരാജൻ, പരേതരായ രാജേന്ദ്രൻ, സതീഷ്. മരുമക്കൾ: ഗീത, പരേതരായ ബിന്ദു, ഷീജ.

പൊടിയമ്മ

ഏനാത്ത്: പാലന്നുകാലായിൽ റെജി ഭവനിൽ പരേതനായ ജോർജ്കുട്ടിയുടെ ഭാര്യ പൊടിയമ്മ (66) അന്തരിച്ചു. പരേത പുത്തൂർ മറയൂരഴികത്ത് കുടുംബാംഗമാണ്. മക്കൾ: റെജി ജോർജ് (മുംബൈ), റീജ ജോസ്, റോജി ജോർജ് (ദുബായ്). മരുമക്കൾ: സുബി, ജോസ്, അനു.

കെ. സുധ

ഓതറ: എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ ഇടപ്പാവൂർ കൈതവനയിൽ കെ. സോമരാജൻ നായരുടെ ഭാര്യ കെ. സുധ (63) അന്തരിച്ചു. മക്കൾ: അശോക്, ഷീബ. മരുമകൻ: രഞ്ജിത് ആർ. നായർ.

ജോസഫ്

ചേർത്തല: തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് ഏഴാം വാർഡ് വടക്കേച്ചിറ (നടുവിലേവീട്) ജോസഫ്(അപ്പച്ചൻ-69) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30ന് തണ്ണീർമുക്കം തിരുരക്ത ദേവാലയ സെമിത്തേരിയിൽ. ഭാര്യ: ത്രേസ്യാമ്മ, തൈക്കാട്ടുശ്ശേരി കൊല്ലേഴത്തു കുടുംബാംഗം. മക്കൾ: സിജോ, സീജ. മരുമക്കൾ: ജോമോൾ, മനു (ആർമി).

മാലതി

ചേർത്തല: ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പതിമൂന്നാം വാർഡ് തിരുനല്ലൂർ ആതിരയിൽ പരേതനായ ടി.കെ. രാമന്റെ ഭാര്യ മാലതി (86) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ബാബു, ഇന്ദു, ബിന്ദു. മരുമക്കൾ: ശോഭ, രമേശൻ, അജയകുമാർ.

ജോയ്

ഏഴംകുളം: തൊടുവക്കാട് പുത്തൻവിള വടക്കേതിൽ ജോയ് (70) അന്തരിച്ചു. ഭാര്യ: മേരിക്കുട്ടി. മക്കൾ: ജിന്നി ജോയ്, ജിൻസി ജോയ്. മരുമക്കൾ: ബിജു, ജിഷ.

കെ.സി. എബ്രഹാം

ഇരവിപേരൂർ: കൈതോലിൽ കെ.സി. എബ്രഹാം (കുഞ്ഞവറാച്ചൻ-90) ഫ്ലോറിഡയിൽ അന്തരിച്ചു. ഭാര്യ: എരുത്തിപ്പാട്ട് ചാച്ചിക്കുട്ടി. മക്കൾ: സജി (നസ്രേത്ത് ആശ്രമം, ഓതറ), ഷീല, ജെസി, സുജ (യുഎസ്). മരുമക്കൾ: റാന്നി താഴത്ത് വലിയപറമ്പിൽ ജയിംസ്, തോട്ടഭാഗം പാടീക്കൽ ജേക്കബ്, മഴുക്കീർ മേപ്പള്ളിൽ ഷാജൻ (യുഎസ്), ബിന്ദു.

ശശിധരൻ

അയിരൂർ: പുതിയത്ത് ശശിവില്ലയിൽ ശശിധരൻ (67) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജയ. മക്കൾ: അഞ്ജലി വിനീത്, അർജുൻ ശശിധരൻ. മരുമകൻ: വിനീത്.

ലക്ഷ്മിക്കുട്ടിയമ്മ

ഉളവുക്കാട്: പുല്ലംപള്ളിൽ പുതിയവീട്ടിൽ പരേതനായ മാധവൻ കർത്തായുടെ ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ (85) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അമ്മിണിയമ്മ, രുഗ്മിണിയമ്മ. മരുമക്കൾ: രാധാകൃഷ്ണപിള്ള, ചന്ദ്രശേഖരൻ നായർ.

പീതാംബരൻ

അടൂർ: പെരിങ്ങനാട് മുളമൂട്ടിൽ പീതാംബരൻ (75) അന്തരിച്ചു. ഭാര്യ: പരേതയായ രോഹിണി. മകൻ: പ്രസന്നൻ. മരുമകൾ: ബിന്ദു.

സി.പി. സരോജിനി

കുരിശുമുട്ടം: ഒറ്റപ്ലാക്കൽ സി.പി. സരോജിനി (70) അന്തരിച്ചു. മക്കൾ: സുരേഷ്, സുജ, സുഭാഷ്. മരുമക്കൾ: സുജാത, രാജേന്ദ്രൻ, അനില.

സാം ചാക്കോ

കുളത്തൂർ: പീലിയാനിക്കൽ മത്തുംമുറിയിൽ സാം ചാക്കോ (69) അന്തരിച്ചു. ഭാര്യ: മണിമല അഴകത്ത് ഗ്രേസിക്കുട്ടി. മക്കൾ: സുമി (യുകെ), ജോമി, സോണി (ഇരുവരും അലയ്ൻ). മരുമക്കൾ: ചമ്പക്കുളം പള്ളത്തുശേരി മോനിച്ചൻ, ഷെറിൻ, അനു.

മനോജ്

കുന്നന്താനം: വള്ളമല വേലൂർ ഭാസ്കരൻ പിള്ളയുടെയും ഓമനയുടെയും മകൻ മനോജ് (45) അന്തരിച്ചു. ഭാര്യ: പ്രീത. മക്കൾ: വിഷ്ണു, അമ്മു.

പി.വി. കുര്യാക്കോസ്

കുറിച്ചിമുട്ടം: പാണംപടിക്കൽ മലയിൽ പി.വി. കുര്യാക്കോസ് (രാജു-72) അന്തരിച്ചു. ഭാര്യ: തെറ്റാലിൽ ശോശാമ്മ. മക്കൾ: ഷീബ, ഷിജു. മരുമക്കൾ: റോയ്, റിജി.

ശശിധരൻ നായർ

മലയിൻകീഴ്: മലയം കാവടിവിള വീട്ടിൽ ശശിധരൻനായർ (60) അന്തരിച്ചു. മാതാവ്: രാജമ്മ. ഭാര്യ: രമണി. മക്കൾ: അർജുൻ, അനു. മരുമകൻ: പ്രദീപ്.

എസ്. മണി

ഉള്ളൂർ: നീരാഴി ലെയിൻ വെറുതിക്കോട് വീട്ടിൽ എസ്. മണി (71) അന്തരിച്ചു. ഭാര്യ: എ.കെ. ജയകുമാരി. മക്കൾ: എം. ജയപ്രകാശ്, എം. ജയശങ്കർ, എം. ജയലക്ഷ്മി. മരുമകൾ: ഹൈഡി പുഷ്ക്കരൻ.



ജോസ്

ചാലക്കുടി: പരിയാരം മാളിയേക്കൽ ജോസ് (76) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് പരിയാരം സെന്റ് ജോർജ് പള്ളിയിൽ. ഭാര്യ: കൊച്ചു മറിയം. മക്കൾ: ഷൈനി, ജോസ്മി, ഷൈബി, ജിം സൺ' മരുമക്കൾ: ജോയ്, പോളി, പോളി, ജിൻസി.

കമലാക്ഷി

ആഞ്ഞിലിത്താനം: തെങ്ങുന്താനത്ത് പരേതനായ കൃഷ്ണന്റെ ഭാര്യ കമലാക്ഷി (98) അന്തരിച്ചു. മക്കൾ: വനജാക്ഷി, ലീല, നടരാജൻ, പൊന്നമ്മ, രവീന്ദ്രൻ, പരേതരായ രാജമ്മ, സുരേന്ദ്രൻ. മരുമക്കൾ: മോഹനൻ, സുധ, രാജി, പ്രസന്ന, പരേതരായ കൃഷ്ണൻകുട്ടി, ഭാസ്കരൻ, രാജൻ.

കുഞ്ഞുപിള്ള

വാഴമുട്ടം ഈസ്റ്റ്: വെട്ടുവേലിൽ വടക്കേക്കര വീട്ടിൽ കുഞ്ഞുപിള്ള (85) അന്തരിച്ചു. ഭാര്യ: പരേതയായ പാറുക്കുട്ടി. മക്കൾ: മധു, രാധ, അമ്മിണി, പരേതയായ മണി. മരുമക്കൾ: രമ, ഗോപി, വേണു, പരേതനായ മുരളി.

പി.കെ. അമ്മിണി

തടിയൂർ: കോളഭാഗം ചരിവുകാലായിൽ പരേതനായ സി.കെ. തങ്കപ്പന്റെ ഭാര്യ പി.കെ. അമ്മിണി (80) അന്തരിച്ചു. മക്കൾ: ഇന്ദിര, വത്സമ്മ, ഓമന, ശോഭന. മരുമക്കൾ: രവി, മോഹനൻ, രജിമോൻ, പ്രസാദ്.

വർഗീസ് ജോൺ

തുമ്പമൺ: ചക്കിട്ടടത്ത് മാവേലിക്കുന്നിൽ രാജുഭവനിൽ വർഗീസ് ജോൺ (യോഹന്നാൻ-70) അന്തരിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: രാജു ജോൺ, ഷേർലി ജോൺ, ഷൈനി ജോൺ, സൂസൻ മേരി ജോൺ. മരുമക്കൾ: രാജി ബാബു, ജെയ്സൺ, സുരേഷ്, കോശി, ജോബിൻ.

അച്ചൻകുഞ്ഞ് ജോസഫ്

കുടശനാട്: പുന്നക്കോട്ട് കിഴക്കേക്കരയിൽ അച്ചൻകുഞ്ഞ് ജോസഫ് (66) അന്തരിച്ചു. ഭാര്യ: അന്നമ്മ. മക്കൾ: ബിനു, ബിനോയ്, ബൈജു, ആൻസി. മരുമക്കൾ: മോനിഷ, ബോബി.

കെ.എ. ജോൺ

മാരാമൺ: കോയിപ്പുറത്ത് കെ.എ. ജോൺ (അനിയൻ-69) അന്തരിച്ചു. ഭാര്യ: മുണ്ടിയപ്പള്ളി കൊച്ചുതുണ്ടിയിൽ രമണി. മക്കൾ: അനീഷ്, ആഷ. മരുമക്കൾ: ആഷ, സോനി.

റെയ്ച്ചൽ

മെഴുവേലി: കല്ലൂക്കാട്ട് പരേതനായ ചെറിയാൻ മാത്യുവിന്റെ ഭാര്യ റെയ്ച്ചൽ (കുഞ്ഞുമോൾ-70) അന്തരിച്ചു. പരേത ഇലന്തൂർ ചെമ്മണ്ണിൽ കുടുംബാംഗമാണ്. മക്കൾ: ജോസ്, ജോളി. മരുമക്കൾ: ലത, റെജി കൈപ്പട്ടൂർ.

സുമ

പറവൂർ: ചാത്തനാട് വാടപ്പറമ്പിൽ പരേതനായ പ്രഭുകുമാറിന്റെ ഭാര്യ സുമ (57) അന്തരിച്ചു. സംസ്കാരം നടത്തി. മകൾ: കൃഷ്ണപ്രിയ.



പി.സി. ചാക്കോ

സ്ലീവാപുരം: പോട്ടക്കേതിൽ പി.സി. ചാക്കോ (94) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് സ്ലീവാപുരം മാർ സ്ലീവാ പള്ളിയിൽ. മക്കൾ: പരേതനായ പി.സി. ജോയി, ജോർജ് ചാക്കോ (അഡ്വ, യുഎസ്എ), കുഞ്ഞമ്മ (കണ്ണൂർ), ലീലാമ്മ (വെച്ചൂർ), ടോമി ചാക്കോ (ഡെപ്യൂട്ടി ഡയറക്റ്റർ ഡിആർഡി തിരുവനന്തപുരം). മരുമക്കൾ: ലീനാമ്മ (കുറുവിലങ്ങാട്), ശാന്ത (യുഎസ്എ), പാപ്പച്ചൻ (കണ്ണൂർ), ചാണ്ടികുഞ്ഞ് (വെച്ചൂർ), ഡെയ്സി (ഒല്ലൂർ).

സോമൻപിള്ള

കൊല്ലം: ഡീസന്റ് ജംക്ഷൻ വെട്ടിലത്താഴം കരോട്ട് വടക്കതിൽ സോമൻപിള്ള (70) അന്തരിച്ചു. ഭാര്യ: ഇന്ദിര. മക്കൾ: ഉണ്ണി, പരേതയായ രഞ്ജു. മരുമകൾ: എം. അഹല്യ.

ദേവകി

ചിറക്കരത്താഴം: ഇടവട്ടം യുഎസ് ലാൻഡിൽ (രാജഭവൻ) രാജേന്ദ്രൻ പിള്ളയുടെ ഭാര്യ ദേവകി (80) അന്തരിച്ചു. മകൻ: ഉണ്ണികൃഷ്ണക്കുറുപ്പ്. മരുമകൾ: സുധർമ്മണിയമ്മ.

ഏലിയാമ്മ

കുമ്പളന്താനം: കാവിൽ (മേപ്രത്ത്) പി.എം. സൈമണിന്റെ ഭാര്യ ഏലിയാമ്മ (കുഞ്ഞമ്മ-89) അന്തരിച്ചു. പരേത കാനം തണുങ്ങുംപതിക്കൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി, നിർമല, സാബു.

തങ്കമ്മ

കടമ്പനാട്: ഐവർകാല പടിഞ്ഞാറ്റക്കരവടക്ക് നെടിയത്ത് കിഴക്കേതിൽ പരേതനായ വൈ. ജോർജിന്റെ ഭാര്യ തങ്കമ്മ (85) അന്തരിച്ചു. പരേത ഏനാത്ത് പാലവിളയിൽ കുടുംബാംഗമാണ്. മക്കൾ: ഓമന, മേരിക്കുട്ടി, ജോസ്, ബാബു. മരുമക്കൾ: കൊച്ചുമ്മൻ, കുഞ്ഞുമോൻ, ലത, അന്നമ്മ.

മാധവി

ചെറുവത്തൂർ: കണ്ണങ്കൈ പൊള്ളയിലെ പരേതനായ ഭണ്ഡാരപ്പുരയിൽ കുഞ്ഞിരാമന്റെ ഭാര്യ വേങ്ങാടി മാധവി (89) അന്തരിച്ചു. മക്കൾ: കണ്ണങ്കൈ കൃഷ്ണൻ (കെഇഡബ്ല്യുഎസ്എ ചെറുവത്തൂർ യൂണിറ്റ് രക്ഷാധികാരി), സരസ്വതി (റിട്ട. ജൂനിയർ സൂപ്രണ്ട്, ഹൊസ്ദുർഗ് മജിസ്ട്രേറ്റ് കോടതി), വേണുഗോപാലൻ (റിട്ട. അസിസ്റ്റന്റ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്), രവീന്ദ്രൻ (ചെയർമാൻ, കാസർകോട് ഓട്ടോമോട്ടീവ് ക്ലസ്റ്റർ), മധുസൂദനൻ (സ്പെഡിസ് ഇന്റീരിയേഴ്സ് കോഴിക്കോട്), രേഖ. മരുമക്കൾ: ശ്രീജ, കെ. ചന്ദ്രശേഖരൻ (റിട്ട. ഡപ്യൂട്ടി കലക്റ്റർ), ജയസുധ (അധ്യാപിക, കാരിയിൽ എഎൽപി സ്കൂൾ), പ്രിയമോൾ (കമ്മ്യൂണിറ്റി കൗസിലിർ, കുടുംബശ്രീ മിഷൻ), ഡോ. ജോത്സ്യന (ചീഫ് മെഡിക്കൽ ഓഫിസർ, ഹോമിയോപ്പതി തൃശൂർ), വത്സൻ (സർവീസ് എൻജിനീയർ മെക്കാനിക്കൽ). സഹോദരങ്ങൾ: കണ്ണങ്കൈ ഗോവിന്ദൻ, ജാനകി, പത്മാക്ഷി (റിട്ട. പ്രധാനാധ്യാപിക എഎൽപി സ്കൂൾ കാരിയിൽ), പരേതനായ കെ. രാഘവൻ (റിട്ട. പ്രധാനാധ്യാപകൻ, ഗവ. വെൽഫെയർ യുപി സ്കൂൾ ചെറുവത്തൂർ), നന്ദിനി.

ചിന്നമ്മ

തണ്ണിത്തോട്: കൂത്തിനേത്ത് വീട്ടിൽ പാപ്പച്ചന്റെ ഭാര്യ ചിന്നമ്മ (80) അന്തരിച്ചു.



കെ.വി. പീലിപ്പോസ്

തിരുവല്ല: നിരണം വടക്കുംഭാഗം കൊച്ചുപുരയ്ക്കൽ കെ.വി. പീലിപ്പോസ് (ബേബി-87) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് തലവടി പടിഞ്ഞാറേക്കര മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ. മക്കൾ: സണ്ണി, ലിസി, പരേതനായ ജോളി. മരുമക്കൾ: ലിസി, ബെക്കി, രാജു.

കെ.കെ. ഗോപാലൻ

തിരുവല്ല: കടപ്ര മാന്നാർ ഐക്കരത്തറയിൽ കെ.കെ. ഗോപാലൻ (85) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യ: സരോജിനി. മക്കൾ: കൊച്ചുകുട്ടൻ, രമ, ഷാജി, പ്രശന്തൻ, രമണി. മരുമക്കൾ: നിർമ്മല, രജനി, രാജേന്ദ്രൻ, പരേതരായ ഗോപാലകൃഷ്ണൻ, സുഭാഷിണി.

ദേവകി

ചാഴൂർ: എസ് എൻ റോഡിൽ പനമുക്കത്ത് വേലുക്കുട്ടി ഭാര്യ ദേവകി (93) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: മണി, രാധ, പരേതരായ വിജയൻ, കുഞ്ഞിമണി. മരുമക്കൾ: പ്രസന്ന, പരേതനായ വിജയൻ, ശശി, വിജയൻ.

ബിജു ജോർജ്

കൊട്ടാരക്കര: ടെമ്പിൾ നഗർ 61എ അകടപ്പുറത്ത് വീട്ടിൽ ബിജു ജോർജ് (52) അന്തരിച്ചു. ഭാര്യ: പുത്തൂർ വട്ടയ്ക്കാട്ട് കുടുംബാംഗം ശോഭ ബിജു. മകൾ: റിയ ബിജു.

സ്റ്റീഫൻ

കൊല്ലം: പാർവതിമിൽ റിട്ട. ജീവനക്കാരൻ കന്റോൺമെന്റ് റസിഡൻസ് അസോസിയേഷൻ 138ൽ സ്റ്റീഫൻ (ഗാന്ധി-72) അന്തരിച്ചു. ഭാര്യ: അൽഫോൺസ. മകൻ: രാജേഷ്. മരുമകൾ: സോണിയ.

പൊടിയൻ

നല്ലില: പന്നിക്കോട് വീട്ടിൽ പൊടിയൻ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ഓമന. മക്കൾ: ഷാജി, ഷാബു, ഷജീവ്, ഷർമിള. മരുമക്കൾ: ഗൗതമി, രേഖ, സീമ, അജിത്കുമാർ.

ബേബിക്കുട്ടി

അമ്പലത്തുംകാല: ബേബീസ് നിവാസിൽ (കൂരോംവിള) പരേതനായ കെ.എം. ഫിലിപ്പിന്റെ ഭാര്യ ബേബിക്കുട്ടി ഫിലിപ്പ് (84) അന്തരിച്ചു. സംസ്കാരം പിന്നീട്. പരേത കുണ്ടറ പയറ്റുവിള കുടുംബാംഗമാണ്. മക്കൾ: ഷാജി (ദുബായ്), ഷേർലി (എംജിഎം സ്കൂൾ, കൊട്ടാരക്കര), ഷൈനി, ഷിജി (വിമലാംബിക നഴ്സറി സ്കൂൾ, കൊട്ടാരക്കര). മരുമക്കൾ: മോനച്ചൻ കുഞ്ഞുമോൻ (ദുബായ്), സി.കെ. ജോൺസൺ (എംടിഎച്ച്എസ്എസ് വാളകം), റോയി യോഹന്നാൻ (ദുബായ്), കെ.ജി. ചെറിയാൻ (കൃഷ് ഡയറക്റ്ററേറ്റ്, തിരുവനന്തപുരം).

രാധാകൃഷ്ണപിള്ള

പനപ്പെട്ടി: തടത്തിൽ പുത്തൻവീട്ടിൽ പരേതനായ രാഘവൻ പിള്ളയുടെയും ഓമനയമ്മയുടെയും മകൻ രാധാകൃഷ്ണപിള്ള (46) അന്തരിച്ചു.

മരിയൻ ജോർജ്

തങ്കശേരി: ബോണാവിസ്റ്റയിൽ മരിയൻ ജോർജ് (84) അന്തരിച്ചു. ഭാര്യ: ജോർജിന. മക്കൾ: വർഗീസ്, ബെനാൻസി, ജോളി, ജാകിലിൻ, സുനിൽ. മരുമക്കൾ: കുര്യാക്കോസ്, സേവ്യർ, ജോയി, ഉഷ, റൂബി.

രജനി സതീഷ്

ഇരിങ്ങാലക്കുട: വേളുക്കര ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് മെമ്പർ രജനി സതീഷ് അന്തരിച്ചു. കോമ്പാറ പത്താഴക്കാട്ടിൽ സതീഷിന്റെ ഭാര്യയാണ്. ഏറെ നാളായി അസുഖബാധിതയായിരുന്നു. മക്കൾ: സാരംഗ്, സരിഗ.

കുമാരൻ

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് നീലക്കംപാറയിൽ എടത്തിപ്പറമ്പിൽ കുമാരൻ (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുധ. മക്കൾ: തമ്പി, ഷിജീന്ദ്രൻ (അബുദാബി), പരേതയായ ഷൈല. മരുമക്കൾ: സജിമോൾ, സജിത, പരേതനായ ഹരിദാസൻ.

ലില്ലി

മാള: പള്ളിപ്പുറം കളപ്പുരയ്ക്കൽ ജോർജിന്റെ ഭാര്യ ലില്ലി (62) അന്തരിച്ചു. സംസ്കാരം നടത്തി. മക്കളില്ല.

രാജമ്മ

ചവറ: ശ്രീമന്ദിരത്തിൽ പരേതനായ ദാമോദരന്റെ ഭാര്യ രാജമ്മ (88) അന്തരിച്ചു. മക്കൾ: രാജഭദ്രൻ, വസന്തകുമാരി, ശ്യാമള കുമാരി, ഷീലാകുമാരി, ശശികുമാർ, കുസുമ കുമാരി. മരുമക്കൾ: അനിതാ ഭായി, മുരളീ മോഹനൻ, ജഗൽസിംഹൻ, ദേവരാജൻ, വസന്ത, ജയപ്രകാശ്.

ഗോപിനാഥൻ

അഞ്ചൽ: പനച്ചവിള സജു ഭവനിൽ ഗോപിനാഥൻ (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ശാന്തമ്മ. മക്കൾ: ശ്രീകുമാർ, മധുകുമാർ, സജുകുമാർ. മരുമക്കൾ: സന്ധ്യ, ശ്രീകല, റീജ.

കെ. മോഹനചന്ദ്രൻപിള്ള

പുത്തൂർ: പവിത്രേശ്വരം മരങ്ങാട്ടു വീട്ടിൽ കെ. മോഹനചന്ദ്രൻപിള്ള (പൊടിമോൻ-47) അന്തരിച്ചു. ഭാര്യ: ആശ. മക്കൾ: അശ്വന്ത് മോഹൻ, അവന്തിക മോഹൻ.

മറിയാമ്മ മോറിസ്

മരുത്തടി: രാമൻകുളങ്ങര പാട്ടത്തിൽ വീട്ടിൽ പരേതനായ ബേബി മോറിസിന്റെ ഭാര്യ മറിയാമ്മ മോറിസ് (65) അന്തരിച്ചു. മക്കൾ: ബിന്ദു, ബിനു മോറിസ്. മരുമക്കൾ: നെൽസൺ, പിൽസി.

ടി.എസ്. സന്ധ്യാമോൾ

മൈനാഗപ്പള്ളി: കടപ്പാകുറ്റിക്കാട്ട് വിളയിൽ പടിഞ്ഞാറ്റതിൽ തുളസീധരൻ നായരുടെയും സരസ്വതിയുടെയും മകൾ ടി.എസ്. സന്ധ്യാമോൾ (23) അന്തരിച്ചു.

സി. ജോൺ

കൊട്ടാരക്കര: റിട്ട. സിആർപി ഉദ്യോഗസ്ഥൻ കിഴക്കേതെരുവ് മുകളുവിള കിഴക്കേതിൽ സി. ജോൺ (72) അന്തരിച്ചു. ഭാര്യ: ഇഞ്ചക്കാട് വിളയിൽ പടിഞ്ഞാറ്റേതിൽ കുടുംബാംഗം റോസമ്മ. മകൾ: സോണിയ. മരുമകൻ: ഷിബു (സൗദി).

സാറാമ്മ

തിങ്കൾ കരിക്കം: തെക്കേകോണിൽ ചരുവിള വീട്ടിൽ ജോർജിന്റെ ഭാര്യ സാറാമ്മ (72) അന്തരിച്ചു. മക്കൾ: കുഞ്ഞുമോൻ, കുഞ്ഞുമോൾ, മോളമ്മ, ഷീബ, ഷിജി. മരുമക്കൾ: കൊച്ചുമോൾ, പൊന്നച്ചൻ, ഹരിദേവൻ, സാബു, അനിൽ.

എം.എസ്. മഹേഷ്

കൊല്ലം: മയ്യനാട് ശ്രുതിയിൽ എം.എസ്. മഹേഷ് (51) അന്തരിച്ചു. ഭാര്യ: മിനി. മക്കൾ: മാധവ്, മിഥുൻ, മാനസ.

രാധാകൃഷ്ണൻ

തൃശൂർ: സിപിഐ നേതാവും മുൻ എംഎൽഎയും ആയിരുന്ന ഇ. ഗോപാലകൃഷ്ണ മേനോന്റെ മകൻ പൂത്തോൾ ടെമ്പിൾ റോഡ് രോഹിണിയിൽ വളപ്പിൽ രാധാകൃഷ്ണൻ (55) അന്തരിച്ചു. സംസ്കാരം പിന്നീട്. മാതാവ്: ഡോ.വി സരസ്വതി, ആരോഗ്യവകുപ്പ് റിട്ട. അഡീഷണൽ ഡയറക്റ്റർ. ഭാര്യ: ബിന്ദു. സഹോദരങ്ങൾ: ഡോ. രവീന്ദ്രൻ(യുകെ), ഡോ. ഹേമലത വാസുദേവ പണിക്കർ (പണിക്കേഴ്സ് ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ), രാജേന്ദ്രൻ (എറണാകുളം).

ലില്ലി തോമസ്

വടക്കാഞ്ചേരി: പുല്ലാനിക്കാട് ചിറ്റിലപ്പിള്ളി പരേതനായ തോമസിന്റെ (റിട്ട. ഡി ഇ ഒ) ഭാര്യ ലില്ലി തോമസ് (89)അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: തോമസ്, ജോണി ചിറ്റിലപ്പിള്ളി (കേരള കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ്, പയസ്, റോസി, പോളി. മരുമക്കൾ: ഡോ. രാജമ്മ, ഫിലോ, ലാലി, പൗലോസ്, മെറീന.



എ. മോഹനൻ

എരഞ്ഞോളി: എകരത്ത്പീടിക നികിതാലയത്തിൽ എ. മോഹനൻ (70) അന്തരിച്ചു. അച്ഛൻ: പരേതനായ എം. ഗോപാലൻ. ഭാര്യ: ശ്രീലത. മകൾ: നികിത. മരുമകൻ: സി. രാഹുൽ (ഖത്തർ). സഹോദരങ്ങൾ: ശശിധരൻ, രമേഷ്ബാബു, ലത, മനോജ്കുമാർ.

പാറുക്കുട്ടിയമ്മ

ഇളമ്പൽ: ആരംപുന്ന മങ്ങാട്ടുവിള പുത്തൻ വീട്ടിൽ പരേതനായ വാസുപിള്ളയുടെ ഭാര്യ പാറുക്കുട്ടിയമ്മ (90) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രവീന്ദ്രൻപിള്ള, സുരേന്ദ്രൻപിള്ള, സന്തോഷ്കുമാർ, പരേതയായ വത്സലകുമാരി. മരുമക്കൾ: സരസമ്മ, ചന്ദ്രികയമ്മ, വസന്തകുമാരി, മുരളീധരൻപിള്ള.

ഗ്രേസി

കുന്നംകുളം: ചെറുകുന്നു റോഡിൽ പരേതനായ പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ ഭാര്യ ഗ്രേയ്സി (86) അന്തരിച്ചു. അകതിയൂർ ഡിവിഎം എൽപി സ്കൂൾ പ്രധാന അധ്യാപികയായിരുന്നു. സംസ്കാരം ഇന്ന് രാവിലെ 10ന് ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ. മക്കൾ: ഹെലനി, ഷേർളി (റിട്ട. അധ്യാപിക എ യു പി സ്കൂൾ, വളാഞ്ചേരി) അജി (അധ്യാപകൻ ബഥനി സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂൾ, കുന്നംകുളം). മരുമക്കൾ: ഗീവർ (തോലത്ത് ബോർവെൽസ്, കുന്നംകുളം), ഷീന (അധ്യാപിക എം ജെ ഡി എൽ പി സ്കൂൾ കുന്നംകുളം), പരേതനായ ജേക്കബ്.

വേലുക്കുട്ടി നായർ

വടക്കാഞ്ചേരി: തയ്യൂർ ചിങ്ങപുരത്ത് കളത്തിൽ കാളിയമ്മ യുടെ മകൻ വേലുക്കുട്ടി നായർ (75) അന്തരിച്ചു. ശാസ്താംപാട്ട് കലാകാരനായിരുന്നു. ഭാര്യ: ഭവാനി. മക്കൾ: ലത, സുധ, സുമ. മരുമക്കൾ: മണികണ്ഠൻ, കുട്ടൻ, ലതീഷ്.

തങ്കമ്മയമ്മ

ഡീസന്റ് ജംക്ഷൻ: ഡീസന്റ്മുക്ക് പ്രകാശ് മന്ദിരത്തിൽ പരേതനായ അപ്പുക്കുട്ടൻ പിള്ളയുടെ ഭാര്യ തങ്കമ്മയമ്മ (84) അന്തരിച്ചു. മക്കൾ: പ്രകാശ് (പ്രശാന്തി ഇൻഡസ്ട്രീസ് മുഖത്തല), വസന്തകുമാരി, രമണി, ബാബു, സുകു (തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ്). മരുമക്കൾ: അമൃത, രവീന്ദ്രൻ പിള്ള, അജിതകുമാരി, ധന്യ (കണ്ണനല്ലൂർ റൂറൽ സർവീസ് സഹകരണ ബാങ്ക്).

ഗോപിനാഥ്

അഞ്ചാലുംമൂട്: ചിറ്റയം സേവാസദനത്തിൽ റിട്ട. എഇഒ ഗോപിനാഥ് (85) അന്തരിച്ചു. ഭാര്യ: പരേതയായ നിർമലാദേവി. മക്കൾ: സലീംരാജ് (അധ്യാപകൻ, സഫയർ കോച്ചിങ് സെന്റർ തിരുവനന്തപുരം), സയിനി റാണി (അധ്യാപിക, ചിന്മയാ മിഷൻ സ്കൂൾ, തൃശൂർ). മരുമക്കൾ: സ്വപ്ന, ആനന്ദ് (റബർ എൻജിനീയറിങ്, തൃശൂർ).

ചന്ദ്രമതി

തൃശൂർ: ബിന്നകിഴുത്താണി വെട്ടിയാട്ടിൽ പരേതനായ കൊച്ചുരാമന്റെ ഭാര്യ ചന്ദ്രമതി (83) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അനിരുദ്ധൻ, സജീവൻ (ബഹറിൻ), രജനി, ലത, ഷാജി, സ്മിത, ബിജു (ബഹറിൻ). മരുമക്കൾ: സദാനന്ദൻ, അജയൻ, സുഭാഷ്, ശിവശങ്കരൻ, ഷെർളി അനിരുദ്ധൻ, ഫിജി സജീവൻ, സ്മീത ബിജു.

ശശിധരൻ

പേരാമ്പ്ര: വാല്യക്കോട് വാഴോത്ത് ശശിധരൻ (66) അന്തരിച്ചു. പരേതനായ വടക്കെ കക്കാട്ട് കൃഷ്ണൻ കുട്ടി മാസ്റ്ററുടേയും കാർത്ത്യായനി അമ്മയുടേയും മകനാണ്. ഭാര്യ: പത്മജ. മക്കൾ: അഭിലാഷ്, ആതിര. സഹോദരങ്ങൾ: രമണി (ഇരിങ്ങൽ), രവീന്ദ്രൻ (മുയിപ്പോത്ത്), പ്രസന്ന (കോഴിക്കോട്), വിജയ (ഇരിങ്ങൽ).

കൊച്ചുത്രേസ്യ

കോയിവിള: ലാംഡേയിൽ പരേതനായ ജ്ഞാനപ്പൂവിന്റെ ഭാര്യ കൊച്ചുത്രേസ്യാ (85) അന്തരിച്ചു. മക്കൾ: സുശീലൻ, മേരി, പരേതയായ ലില്ലി. മരുമക്കൾ: ദാസൻ, അൽഫോൺസ, ആന്റണി.

ലൈല ബീവി

പത്തനാപുരം: നടുക്കുന്നു ലൈലാ മൻസിൽ പരേതനായ ഡ്രൈവർ പൊടി തങ്കത്തിന്റെ ഭാര്യ ലൈല ബീവി (84) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: നസീമ, ഫാമില, പ്രസീന. മരുമക്കൾ: ഹമീദ്, രാജൻ റാവുത്തർ, അജിംഖാൻ.

ജി. മാധവൻപിള്ള

പത്തനാപുരം: ചേകം മിനി സദനത്തിൽ ജി. മാധവൻ പിള്ള (85) അന്തരിച്ചു. ഭാര്യ: സരോജിനിയമ്മ. മക്കൾ: ജയകുമാർ, വിനയകുമാർ, സൗമിനി. മരുമക്കൾ: ജയശ്രീ (അധ്യാപിക, ഗവ. എച്ച്എസ്എസ് പുനലൂർ), ഡോ. ശ്യാമ, ബി. സുരേഷ് കുമാർ.

സജീവ്

ചവറ തെക്കുംഭാഗം: വടക്കുംഭാഗം കന്നിമേൽ പരേതനായ നാണപ്പന്റെയും സാവിത്രിയുടെയും മകൻ സജീവ് (48) അന്തരിച്ചു. ഭാര്യ: ലീല. മക്കൾ: അഭിജിത്, അഭിമന്യു.



സി.എച്ച്. മൊയ്തു

പേരാമ്പ്ര: പാലേരി വടക്കുംമ്പാട് ചെറുവക്കര സി.എച്ച്. മൊയ്തു (73) അന്തരിച്ചു. ഭാര്യ: ഫാത്തിമ. മക്കൾ: സി.എച്ച്. ഷാജി (ഖത്തർ, യൂത്ത് കോൺഗ്രസ് പേരാമ്പ്ര ബ്ലോക്ക് മുൻ വൈസ് പ്രസിഡന്റ്) സി.എച്ച്. ഷാനവാസ് (ബിസിനസ്). മരുമക്കൾ: സഹീറ, സൗദ അരയാക്കൂൽ. സഹോദരങ്ങൾ: സി.എച്ച്. കുഞ്ഞമ്മദ്, ഫാത്തിമ (കായണ്ണ), സി.എച്ച്. മൂസ (റിട്ട. ആരോഗ്യ വകുപ്പ്), സി.എച്ച്. ഹമീദ് (റിട്ട. ചങ്ങരോത്ത് സർവ്വീസ് സഹകരണ ബാങ്ക്), നബീസ (പാലേരി), സി.എച്ച്. കാസിം, പരേതരായ സി.എച്ച്. അബ്ദുള്ള (എൻജിഒ അസോസിയേഷൻ മുൻ നേതാവ്), കുഞ്ഞാമി (ഒതയോത്ത്).



കൊച്ചൗസേഫ്

മാള: പൊയ്യ കൈതാരൻ അപ്രേമിന്റെ മകൻ കൊച്ചൗസേഫ് (90) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ബാബു, ഷേർളി, പോൾ, വിത്സൻ, ലീന. മരുമക്കൾ: മിനി, തോമസ്, മിനി, ജാലി, വർഗീസ്.

സരസ്വതിയമ്മ

ചവറ: പന്മന കോലം സരസ്വതി ഭവനത്തിൽ റിട്ട. പിഡബ്ല്യുഡി ഉദ്യോഗസ്ഥൻ പത്മനാഭപിള്ളയുടെ ഭാര്യ സരസ്വതിയമ്മ അന്തരിച്ചു. മക്കൾ: രഘുനാഥപിള്ള, കൃഷ്ണകുമാർ, അശോക കുമാർ, ഗോപകുമാർ. മരുമക്കൾ: ഗീതാകുമാരി, രമാദേവി, ഷൈലജ, രജനി.

എഫ്.എം. മാനുവൽ

കൊല്ലം: എറണാകുളം സെന്റ് ആൽബർട്ട്സ് കോളെജ് മാത്ത്സ് ഡിപ്പാർട്ട്മെന്റ് റിട്ട. പ്രഫസർ തോപ്പിൽകടവ് ബഥേൽ വീട്ടിൽ എഫ്.എം. മാനുവൽ (72) അന്തരിച്ചു. ഭാര്യ: പ്രസിൽഡ ഫെർണാണ്ടസ് (റിട്ട. അധ്യാപിക, സെന്റ് അലോഷ്യസ് ഹൈസ്കൂൾ, കൊല്ലം). മക്കൾ: ടെഡി മിക് മാനുവൽ (മാനെജർ, അലഹബാദ് ബാങ്ക് പത്തനംതിട്ട), അഡ്‌ലിൻ ടീന മാനുവൽ (അസി. പ്രഫസർ, പാരിപ്പള്ളി മെഡിക്കൽ കോളെജ്). മരുമക്കൾ: നീതു യേശുദാസ്(യൂനുസ് കോളെജ് ഒഫ് എൻജിനീയറിങ്, കൊല്ലം), റെക്സ് തോമസ് (ഐബിഎസ്, ടെക്നോപാർക്ക്, തിരുവനന്തപുരം).

ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് യുവാവ് മരിച്ചു

ഷിജിൻ

വെഞ്ഞാറമൂട്: ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് യുവാവ് മരിച്ചു. ഒരാൾക്ക് ഗുരുതര പരുക്ക്. കല്ലറ പാൽക്കുളങ്ങര വടക്കിൻകര പുത്തൻവീട്ടിൽ വാസുദേവൻ പത്മാക്ഷി ദമ്പതികളുടെ മകൻ ഷിജിൻ (28) ആണ് മരിച്ചത്. കുമിൾ വട്ടത്താമര ശ്രീനിലയത്തിൽ ആകാശിനെ പരുക്കുകളോടെ തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം രാത്രി 8ന് വെള്ളംകുടിക്ക് സമീപമായിരുന്നു അപകടം.

കല്ലറയിൽ നിന്ന് പാട്ടറയിലേക്ക് പോകുകയായിരുന്ന ബൈക്കും എതിർദിശയിൽ നിന്ന് വരുകയായിരുന്ന ബൈക്കും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ ഷിജിനെ വെഞ്ഞാറമൂട്ടിലെ സ്വകാര്യ മെഡിക്കൽ കോളെജിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. ഷിജിന്റെ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ഉച്ചയോടെ വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ: മീനാക്ഷി.

യുവാവിനെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി

മുഹമ്മദ് റാഫി

വളാഞ്ചേരി: യുവാവിനെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. ആതവനാട് കാവുങ്ങൽ വാണിയംകാട്ടിൽ സൈതലവിയുടെ (സിപിഐഎം കാവുങ്ങൽ ബ്രാഞ്ച് മെമ്പർ) മകൻ മുഹമ്മദ് റാഫി (36) ആണ് മരിച്ചത്.

സ്വകാര്യ ബസിലെ കണ്ടക്റ്ററായിരുന്നു. കാവുങ്ങൽ ചാമത്തി ഭാഗത്തെ കിണറ്റിൽ ഇന്നലെ രാവിലെ പതിനൊന്നു മണിയോടെയാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് ദിവസങ്ങൾ പഴക്കമുണ്ട്. തിങ്കളാഴ്ച മുതൽ ഇയാൾ സ്ഥലത്തില്ലായിരുന്നു.

വളാഞ്ചേരി പൊലീസ് ഇൻക്വസ്റ്റ് നടത്തിയ മൃതദേഹം മഞ്ചേരി മെഡിക്കൽ കോളെജിലെ പോസ്റ്റ്മോർട്ടത്തിന് ശേഷം മണ്ണേക്കര ജുമാ മസ്ജിദ് കബർസ്ഥാനിൽ കബറടക്കി. മുഹമ്മദ് റാഫി ബസ് തൊഴിലാളി യൂണിയൻ സിഐടിയു പുത്തനത്താണി യൂണിറ്റ് പ്രസിഡന്റായിരുന്നു.

മാതാവ്: കദീജ. ഭാര്യ: ഷക്കീല (കാവുംപുറം). മകൾ : ഫാത്തിമ റിസ. സഹോദരങ്ങൾ: അബ്ദുൾ സലാം, ഫൈസൽ ബാബു, മൊയ്തീൻ കുട്ടി (ബാവുട്ടി), ഫാസിൽ, മുനീറ, സാബിറ, സബ്ന.

വിവരാവകാശ കമ്മിഷൻ 31 വരെയുള്ള സിറ്റിങ് മാറ്റി

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി, സംസ്ഥാന വിവരാവകാശ കമ്മിഷൻ നേരിട്ടും വിഡിയോ കോൺഫറൻസിങ് വഴിയും മാർച്ച് 31 വരെ നിശ്ചയിച്ചിരുന്ന മുഴുവൻ ജില്ലകളിലെയും ഹിയറിങ് മാറ്റിവച്ചു. അനുബന്ധ പ്രതിരോധ പ്രവർത്തനങ്ങൾ എന്ന നിലയിൽ തിരുവനന്തപുരം പുന്നൻ റോഡിലുള്ള കമ്മിഷൻ ആസ്ഥാനം എല്ലാ നിലയിലും അണുമുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

മാർച്ച് 31 വരെ സന്ദർശകർക്ക് ഓഫിസിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വിവരാവകാശ കമ്മിഷണർമാരുൾപ്പെടെ മുഴുവൻ ജീവനക്കാരും ഓഫിസിൽ പ്രവേശിക്കുന്നതിന് മുൻപ് സാനിറ്റൈസർ/സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകി വൃത്തിയാക്കുന്ന രീതി കർശനമാക്കി. ഓഫിസ് കേന്ദ്രീകരിച്ചുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസമൊന്നുമില്ലെന്നും മുഖ്യ വിവരാവകാശ കമ്മിഷണർ വിൻസൻ എം. പോൾ അറിയിച്ചു.

എൻഐഒഎസ് പരീക്ഷകൾ മാറ്റി

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് (എൻഐഒഎസ്) മാർച്ച് 31 വരെ നിശ്ചയിച്ചിരുന്ന സെക്കൻഡറി, സീനിയർ സെക്കൻഡറി, പ്രാക്റ്റിക്കൽ പരീക്ഷകളും മാർച്ച് 24 മുതൽ മാർച്ച് 31 വരെ നിശ്ചയിച്ചിരുന്ന സെക്കൻഡറി, സീനിയർ സെക്കൻഡറി തിയറി പരീക്ഷകളും, മാർച്ച് 30 വരെ നിശ്ചയിച്ചിരുന്ന ഓൺഡിമാൻഡ് പരീക്ഷകളും മാറ്റിവച്ചു.

കൊവിഡ്19 വ്യാപനം തടയുന്നതിനുള്ള മുൻകരുതലുകളുടെ ഭാഗമായി കേന്ദ്ര ഉന്നത വിദ്യാഭ്യാസ, സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ് സെക്രട്ടറി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനമെന്ന് അധികൃതർ അറിയിച്ചു. ഓവർസീസ് പഠിതാക്കൾക്കുള്ള പരീക്ഷകൾ നേരത്തെ തന്നെ മാറ്റിവച്ചിരുന്നു. സ്ഥിതി വിലയിരുത്തിയ ശേഷം പുതുക്കിയ പരീക്ഷാ തീയതികൾ അറിയിക്കും. സഹായങ്ങൾക്ക് 18001809393 എന്ന എൻഐഒഎസ് ഹെൽപ് ലൈൻ നമ്പരിൽ ബന്ധപ്പെടാം.

വെള്ളക്കരം അടയ്ക്കാൻ സാവകാശം

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് 19 ബാധയെ തുടർന്ന് സംജാതമായ സ്ഥിതി വിശേഷം കണക്കിലെടുത്ത് വെള്ളക്കരം അടയ്ക്കാൻ 30 ദിവസത്തെ സാവകാശം അനുവദിക്കാനുള്ള സർക്കാർ തീരുമാനപ്രകാരം, ഉപഭോക്താക്കൾക്ക് വെള്ളക്കരം അടയ്ക്കാൻ ഇന്നു മുതൽ 30 ദിവസത്തെ സാവകാശം അനുവദിച്ചുകൊണ്ട് വാട്ടർ അഥോറിറ്റി ഉത്തരവിറക്കി. ഈ കാലയളവിൽ പിഴ ഈടാക്കുന്നതല്ല. ഒപ്പം മാർച്ച് 31 വരെ മീറ്റർ റീഡിങ് എടുക്കുന്ന പ്രവൃത്തിയും ബിൽ നൽകുന്ന പ്രവൃത്തിയും ഒഴിവാക്കുമെന്ന് വാട്ടർ അഥോറിറ്റി ഉത്തരവിൽ വ്യക്തമാക്കി.

പാർലമെന്ററി ഇന്റേൺഷിപ്പ് മാറ്റിവച്ചു

തിരുവനന്തപുരം: കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ പാർലമെന്ററി ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി നിയമ വിദ്യാർഥികൾക്ക് ഏപ്രിൽ മാസത്തിൽ അനുവദിച്ചിരുന്ന ഇന്റേൺഷിപ്പുകൾ മാറ്റിവച്ചു. പുതിയ തിയതികൾ പിന്നീട് തീരുമാനിക്കും.

പരാതികൾ നേരിട്ട് നൽകേണ്ടതില്ല

തിരുവനന്തപുരം: കൊറോണ വൈറസ് രോഗത്തിന്റെ പശ്ചാത്തലത്തിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതു വരെ സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിൽ പരാതികൾ നേരിട്ട് നൽകേണ്ടതില്ലെന്ന് കമ്മിഷൻ അറിയിച്ചു. പരാതികൾ കമ്മിഷന്റെ ഇ മെയിൽ വിലാസത്തിലോ തപാലിലോ അയച്ചാൽ മതിയാകും. ഇ മെയിൽ വിലാസം: hrckeralatvm@gmail.com. വിലാസം: സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ, വികാസ് ഭവൻ പിഒ, തിരുവനന്തപുരം 33. പരാതിക്കാർ മൊബൈൽ ഫോൺ നമ്പർ എഴുതേണ്ടതാണ്.

യോഗ്യതയും രജിസ്ട്രേഷനും ഇല്ലാത്തവർ ചികിത്സ നടത്തരുത്

തിരുവനന്തപുരം: മോഡേൺ മെഡിസിൻ, ആയുർവേദ, സിദ്ധ, യുനാനി, നാച്യുറോപ്പതി, ഹോമിയോപ്പതി എന്നീ ചികിത്സാ സമ്പ്രദായങ്ങളിൽ അംഗീകൃത യോഗ്യതയും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും നേടാത്തവർ സംസ്ഥാനത്തെ ബന്ധപ്പെട്ട ചികിത്സാ സമ്പ്രദായങ്ങളിൽ പ്രാക്ടീസ് നടത്താൻ പാടില്ല. അങ്ങനെയല്ലാതെ പ്രാക്ടീസ് ചെയ്താൽ ക്രിമിനൽ നടപടിക്കു വിധേയരാകുന്നതാണെന്ന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ അറിയിച്ചു.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: തിരുവിതാംകൂർ, കൊച്ചിൻ, മലബാർ, ഗുരുവായൂർ ദേവസ്വങ്ങളിലെ വിവിധ തസ്തികകളിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചു.

ഗുരുവായൂർ ദേവസ്വത്തിലെ എൽ.ഡി. ക്ലർക്ക് ഉൾപ്പെടെ പത്ത് തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി (പട്ടികജാതി, പട്ടികവർഗം, ഒ.ബി.സി ഉദ്യോഗാർഥികൾക്ക് മാത്രം) രണ്ടാം ആനശേവുകം (ഒ.ബി.സി ഉദ്യോഗാർഥികൾക്ക് മാത്രം) തസ്തികകളിലേക്ക് എൻ.സി.എ നിയമനത്തിനും കൊച്ചിൻ ദേവസ്വം ബോർഡിലെ സിസ്റ്റം മാനെജർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനും മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടിവ് ഓഫിസർ ഗ്രേഡ് 4 തസ്തികയിലേക്കും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനുമാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷിക്കുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 18. യോഗ്യത, അപേക്ഷാ ഫീസ്, പ്രായപരിധി, ഒഴിവുകൾ തുടങ്ങിയ മുഴുവൻ വിവരങ്ങളും www.kdrb.kerala.gov.in ൽ ലഭിക്കും.

കേരള സർക്കാർ ദർഘാസുകൾ

വനം വന്യജീവി വകുപ്പ്

വിൻഡോ നം. ipvd/20m-119 ദർഘാസ് നം. A2-1639/2019. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, തിരുവനന്തപുരം. ഫോൺ 0471-2320637. ഇ-ലേലം-തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള ആര്യങ്കാവ് ഡിപ്പോയിലെ തേക്ക്, മറ്റിനം തടികളുടെ 24-03-2020-ലെ ഇ-ലേലം. നിരതദ്രവ്യം - 50,000/- വരെ. അടങ്കൽ - 25 ലക്ഷം

ഓരോ ദർഘാസ് പരസ്യത്തിന്റെയും പൂർണരൂപം അതത് ഓഫീസുകളിൽ ലഭ്യമാണ്.
വിശദവിവരങ്ങൾക്ക് www.kerala.gov/tender/index.htm സന്ദർശിക്കുക RO. No. 46/G1/2020/PRD

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

അറിയിപ്പ്

22/3/2020, 23/03/2020 എന്നീ തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന **പൗർണമി 435, വിൻവിൻ** 557 നമ്പർ ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് യഥാക്രമം 05/04/2020, 06/04/2020 തീയതികളിലേക്ക് മാറ്റിവച്ചു. 05/04/2020, 06/04/2020 തീയതികളിലെ **പൗർണമി 437, വിൻവിൻ** 559 നമ്പർ ഭാഗ്യക്കുറികൾ റദ്ദാക്കി.

20/03/2020 സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

Break the Chain — കൊറോണ : അതിജീവനത്തിനായി നമുക്ക് ഉത്തരവാദിത്തത്തോടെ പെരുമാറാം. ജാഗ്രതയോടെ ജീവിക്കൂ കൊറോണയെ പ്രതിരോധിക്കൂ

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

നിർമൽ NR -165 നറുക്കെടുപ്പ് ഫലം 20/03/2020

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 70 ലക്ഷം രൂപ NP 861787 (THIRUVANANTHAPURAM)

സമാശ്വാസ സമ്മാനം 8000 രൂപ

NN 861787, NO 861787, NR 861787, NS 861787, NT 861787, NU 861787, NV 861787, NW 861787, NX 861787, NY 861787, NZ 861787

2-ാം സമ്മാനം 10 ലക്ഷം രൂപ NS 533468 (MALAPPURAM)

3-ാം സമ്മാനം 1 ലക്ഷം രൂപ

NN 298824, NO 617572, NP 739845, NR 144286, NS 707781, NT 578619, NU 257233, NV 254757, NW 467270, NX 297982, NY 780994, NZ 242954

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

0064	0107	1198	1369	2224	2834	2968	2993	3174	3397
4551	7130	7253	7521	7784	8356	8434	8999		

5-ാം സമ്മാനം 1000 രൂപ

0517	0629	1054	1283	1355	1470	1525	1907	2108	2402
2608	2883	3539	3682	4070	4193	4497	4700	5112	5222
5273	5592	6203	6430	6455	6794	6910	7277	8426	8842
8975	9014	9560	9739	9743	9963				

6-ാം സമ്മാനം 500 രൂപ

0105	0811	1382	1970	2087	2092	2168	2175	2311	2334
2347	2357	2670	2832	2873	2921	3103	3262	3330	3338
3706	4065	4256	4279	4311	4326	4367	4485	4547	4695
5003	5163	5338	5395	5583	5688	5782	5849	6080	6094
6168	6209	6827	7184	7422	7478	7677	7827	8006	8447
8460	8646	8706	8757	8798	9073	9148	9182	9273	9325
9371	9434	9486	9503	9597	9686	9808	9887	9913	9942

7-ാം സമ്മാനം 100 രൂപ

0008	0009	0158	0209	0322	0534	0543	0680	1088	1116
1350	1391	1451	1577	1658	1790	1803	1816	1862	1949
1958	2050	2084	2140	2195	2249	2291	2426	2478	2548
2840	2939	2953	2970	3125	3134	3172	3307	3375	3476
3498	3503	3613	3627	3729	3858	3868	4053	4195	4234
4260	4286	4424	4586	4588	4670	4676	4716	4757	4868
4965	5019	5066	5108	5208	5216	5442	5467	5524	5652
5691	5965	6081	6089	6117	6272	6496	6632	6732	6789
6856	6857	6977	7198	7278	7369	7394	7428	7507	7509
7654	7798	7854	7924	8049	8125	8219	8228	8242	8413
8539	8803	8846	8884	8966	9032	9248	9326	9333	9453
9571	9592	9622	9699	9715	9781	9791	9893	9904	9939

(ഒപ്പ്) സരസ്വതി കെ., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ ചാനലുകളിൽ

യൂണിവേഴ്സിറ്റി ന്യൂസ്

കേരള

പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് 2010 & 2011 അഡ്മിഷൻ (2013ന് മുൻപുള്ള സ്കീം) 2012 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ആറു വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാഫീസ്

2020 ഏപ്രിലിൽ നടത്തുന്ന ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ മാർച്ച് 25 വരെയും 150 രൂപ പിഴയോടെ മാർച്ച് 28 വരെയും 400 രൂപ പിഴയോടെ മാർച്ച് 31 വരെയും അപേക്ഷിക്കാം. പരീക്ഷ രജിസ്ട്രേഷന് ഓരോ സെമസ്റ്ററിനും പ്രത്യേകം ഫീസ് രസീത് ഉപയോഗിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എം ജി

പ്രാക്റ്റിക്കൽ മാറ്റി

മാർച്ച് 25 മുതൽ സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ- ലേണിംഗ് ഡിസെബിലിറ്റി ആൻഡ് ഇന്റലക്ചൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ- 2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്റ്റിക്കൽ പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

അപേക്ഷാ തീയതി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പിലെയും ഒരു ഇന്റർ സ്കൂൾ സെന്ററിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ഏപ്രിൽ 13 വരെ അപേക്ഷിക്കാം. എം.ബി.എ. ഒഴികെയുള്ള പ്രോഗ്രാമുകൾക്ക് www.cat.mgu.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 0481-2733595, ഇമെയിൽ: cat@mgu.ac.in. എം.ബി.എ.യ്ക്ക് www.admission.mgu.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 0481-2732288, ഇ മെയിൽ: smbsmgu@yahoo.co.in.

പരീക്ഷാ തീയതി

രണ്ടാം വർഷ ബി.ഫാം (2016 അഡ്മിഷൻ മുതൽ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 17ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 24 വരെയും 525 രൂപ പിഴയോടെ 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 22 മുതൽ നടക്കും. പിഴയില്ലാതെ മാർച്ച് 26 വരെയും 525 രൂപ പിഴയോടെ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ 28 വരെയും അപേക്ഷിക്കാം.

എം.ബി.എ. സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷാ തീയതി

ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.ബി.എ. സ്പെഷൽ മേഴ്സി ചാൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷകൾ ഏപ്രിൽ രണ്ടുമുതൽ നടക്കും.

ഒന്നാം സെമസ്റ്റർ എം.ബി.എ. (2001-2014 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ രണ്ടുമുതലാണ്. രണ്ടാം സെമസ്റ്റർ എം.ബി.എ. (2001-2007 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ മൂന്നു മുതൽ. രണ്ടാം സെമസ്റ്റർ എം.ബി.എ. (2008, 2009 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 16 മുതൽ. രണ്ടാം സെമസ്റ്റർ എം.ബി.എ. (2010, 2011 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 15 മുതൽ. രണ്ടാം സെമസ്റ്റർ എം.ബി.എ. (2012 - 2014 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 20 മുതൽ.

മൂന്നാം സെമസ്റ്റർ എം.ബി.എ. (2001-2007 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 17 മുതൽ. മൂന്നാം സെമസ്റ്റർ എം.ബി.എ. (2008, 2009 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 27 മുതൽ. മൂന്നാം സെമസ്റ്റർ എം.ബി.എ. (2010, 2011 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 23 മുതൽ. മൂന്നാം സെമസ്റ്റർ എം.ബി.എ. (2012 - 2014 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 30 മുതൽ.

നാലാം സെമസ്റ്റർ എം.ബി.എ. (2001-2007 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 17 മുതൽ നടക്കും. നാലാം സെമസ്റ്റർ എം.ബി.എ. (2008, 2009 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 27 മുതൽ. നാലാം സെമസ്റ്റർ എം.ബി.എ. (2010, 2011 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 23 മുതൽ. നാലാം സെമസ്റ്റർ എം.ബി.എ. (2012 - 2014 അഡ്മിഷൻ) പരീക്ഷകൾ ഏപ്രിൽ 30 മുതൽ. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

പരീക്ഷാഫലം

2019 ജൂണിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ (സോഷ്യൽ ട്രാൻസ്ഫോർമേഷൻ ആൻഡ് എംപവർമെന്റ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനെജ്മെന്റ് (എം.എച്ച്.എം- 2018 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ മൂന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

2019 ഓഗസ്റ്റിൽ നടന്ന മൂന്നാം പ്രൊഫഷണൽ ബി.എച്ച്.എം.എസ്. (മേഴ്സി ചാൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

എം.ബി.എ., എം.ഫിൽ രജിസ്ട്രേഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനെജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ 2019-20 അധ്യയന വർഷത്തിലെ നാലാം സെമസ്റ്റർ എം.ബി.എ. (റഗുലർ, റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ എം.ഫിൽ പരീക്ഷകൾക്ക് ഓൺലൈനായി ഫീസടച്ച് രജിസ്ട്രേഷൻ നടത്താം. വിശദവിവരം www.mgu.ac.in, www.smbsmgu.org എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. അപേക്ഷകൾ ഏപ്രിൽ മൂന്നുവരെ സ്വീകരിക്കും. ഫോൺ: 0481-2732288.

ലൈബ്രറി സൗകര്യങ്ങൾ ലഭിക്കില്ല

സംസ്ഥാനത്ത് കൊറോണ വൈറസ് ബാധയെ തുടർന്നുള്ള അടിയന്തര സാഹചര്യം നിലനിൽക്കുന്നതിനാൽ മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിനു പുറത്തുള്ള കലാലയങ്ങളിലെ വിദ്യാർഥികൾക്ക് മാർച്ച് 31 വരെ ലൈബ്രറി സൗകര്യങ്ങൾ അനുവദിക്കുന്നത് ഒഴിവാക്കിയതായി വൈസ് ചാൻസലർ അറിയിച്ചു.

കാലിക്കറ്റ്

പരീക്ഷാ അപേക്ഷ: തിയതി നീട്ടി

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്.എസ്-2019 പ്രവേശനം) രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.എ മൾട്ടിമീഡിയ/ബി.എ അഫ്സൽ-ഉൽ-ഉലമ റഗുലർ പരീക്ഷക്ക് അപേക്ഷിക്കാനുള്ള തിയതി നീട്ടി. പിഴകൂടാതെ ഏപ്രിൽ 13 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ 15 വരെയും ഫീസടച്ച് ഏപ്രിൽ 17 വരെ രജിസ്റ്റർ ചെയ്യാം. അപേക്ഷയുടെ പ്രിന്റൗട്ട്, ചലാൻ സഹിതം ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്-8, എക്സാമിനേഷൻ-ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, 673 635 എന്ന വിലാസത്തിൽ ഏപ്രിൽ 20-നകം ലഭിക്കണം.

കാലിക്കറ്റ് സർവകലാശാല വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.എം.എം.സി/ബി.എ അഫ്സൽ-ഉൽ-ഉലമ (സി.യു.സി.ബി.സി.എസ്.എസ്, 2015 മുതൽ പ്രവേശനം) സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷക്ക് അപേക്ഷിക്കാനുള്ള തിയതി നീട്ടി. പിഴകൂടാതെ ഏപ്രിൽ 13 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ 15 വരെയും ഫീസടച്ച് ഏപ്രിൽ 17 വരെ രജിസ്റ്റർ ചെയ്യാം. അപേക്ഷയുടെ പ്രിന്റൗട്ട്, ചലാൻ സഹിതം ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്-8, എക്സാമിനേഷൻ-ഡിസ്റ്റൻസ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, 673 635 എന്ന വിലാസത്തിൽ ഏപ്രിൽ 20-നകം ലഭിക്കണം.

പരീക്ഷാ അപേക്ഷ

കാലിക്കറ്റ് സർവകലാശാലയുടെ അഫിലിയേറ്റഡ് കോളെജുകളിലെ രണ്ടാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്, 2019 സിലബസ്-2019 പ്രവേശനം മാത്രം) ബി.എ/ബി.എസ്.സി/ബി.എസ്.സി ഇൻ ആൾട്ടർനേറ്റ് പാറ്റേൺ/ബി.കോം/ബി.ബി.എ/ബി.എ മൾട്ടിമീഡിയ/ബി.സി.എ/ബി.കോം ഓണേഴ്സ്/ബി.കോം വൊക്കേഷണൽ സ്ട്രീം/ബി.എസ്.ഡബ്ല്യൂ/ബി.ടി.എച്ച്.എം/ബി.എച്ച്.എ/ബി.കോം പ്രൊഫഷണൽ/ബി.വോക്/ബി.ടി.എ/ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ/ബി.എ ഫിലിം ആൻഡ് ടെലിവിഷൻ/ബി.എ മൾട്ടിമീഡിയ/ബി.എ അഫ്സൽ-ഉൽ-ഉലമ റഗുലർ പരീക്ഷക്ക് പിഴകൂടാതെ 23 മുതൽ ഏപ്രിൽ 13 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ 15 വരെയും ഫീസടച്ച് ഏപ്രിൽ 17 വരെ രജിസ്റ്റർ ചെയ്യാം.

കാലിക്കറ്റ് സർവകലാശാലയുടെ അഫിലിയേറ്റഡ് കോളെജുകളിലെ രണ്ടാം സെമസ്റ്റർ (സി.യു.സി.ബി.സി.എസ്.എസ്, 2015 മുതൽ 2018 വരെ പ്രവേശനം) ബി.എ/ബി.എസ്.സി/ബി.എസ്.സി ഇൻ ആൾട്ടർനേറ്റ് പാറ്റേൺ/ബി.കോം/ബി.ബി.എ/ബി.എ മൾട്ടിമീഡിയ/ബി.സി.എ/ബി.കോം ഓണേഴ്സ്/ബി.കോം വൊക്കേഷണൽ സ്ട്രീം/ബി.എസ്.ഡബ്ല്യൂ/ബി.ടി.എച്ച്.എം/ബി.വി.സി./ബി.എം.എം.സി/ബി.എച്ച്.എ/ബി.കോം പ്രൊഫഷണൽ/ബി.ടി.എഫ്.പി/ബി.വോക്/ബി.ടി.എ/ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ/ബി.എ ഫിലിം ആൻഡ് ടെലിവിഷൻ/ബി.എ മൾട്ടിമീഡിയ/ബി.എ അഫ്സൽ-ഉൽ-ഉലമ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷക്ക് പിഴകൂടാതെ 23 മുതൽ ഏപ്രിൽ 13 വരെയും 170 രൂപ പിഴയോടെ ഏപ്രിൽ 15 വരെയും ഫീസടച്ച് ഏപ്രിൽ 17 വരെ രജിസ്റ്റർ ചെയ്യാം. 2015 പ്രവേശനക്കാർക്ക് ഇത് അവസാന അവസരമായിരിക്കും.

പരീക്ഷാഫലം

കാലിക്കറ്റ് സർവകലാശാല ബി.വോക് ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി ഒന്ന് (നവംബർ 2016), രണ്ട് (ഏപ്രിൽ 2017), മൂന്ന് (നവംബർ 2017), നാല് (ഏപ്രിൽ 2018), അഞ്ച് (നവംബർ 2018) സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് മാർച്ച് 31 വരെ അപേക്ഷിക്കാം.

കാലിക്കറ്റ് സർവകലാശാല 2019 നവംബറിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ എം.എ കംപാരറ്റീവ് ലിറ്ററേച്ചർ (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

ലൈബ്രറി പ്രവർത്തിക്കില്ല

കൊറോണ രോഗവ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി മാർച്ച് 22ന് സി.എച്ച്.എം.കെ ലൈബ്രറി പ്രവർത്തിക്കുന്നതല്ല.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: സാമ്പത്തികവിഭാഗത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കും. പ്രത്യക്ഷവും പരോക്ഷവുമായി സഹോദരങ്ങളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും സഹായസഹകരണങ്ങൾ വന്നുചേരുന്നത് ആശ്വാസകരമാകും.

■ ഭരണി: മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. കലാകായികപരിശീലനങ്ങൾ പുനരാരംഭിക്കും. ഭക്തിനിർഭരമായ ചിന്തകൾ ആശ്വാസത്തിന് വഴിയൊരുക്കും.

■ കാർത്തിക: ചിന്തകൾക്കതീതമായി പ്രവർത്തിക്കും. നീതിയുക്തമായ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിനേടും. വിശിഷ്ട വ്യക്തികളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കും.

■ രോഹിണി: ഭാവനകൾ യാഥാർഥ്യമാകും. കർത്തവ്യബോധം വർധിക്കും. ക്രയവിക്രയങ്ങളിൽ ലാഭമുണ്ടാകും. സൗമ്യസമീപനത്താൽ സർവകാര്യവിജയം ഉണ്ടാകും.

■ മകയിരം: പ്രതികരണശേഷി വർധിക്കും. വസ്തുനിഷ്ഠമായി പഠിച്ച് പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടും. മുൻകോപം നിയന്ത്രിക്കണം.

■ തിരുവാതിര: മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. സന്താനസംരക്ഷണത്താൽ ആശ്വാസം തോന്നും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും.

■ പുണർതം: സത്കർമ്മപ്രവണത വർധിക്കും. സൗമ്യസമീപനത്താൽ സർവകാര്യ വിജയമുണ്ടാകും. മത്സരരംഗങ്ങളിൽ വിജയിക്കും.

■ പൂയം: ജീവിതപങ്കാളിടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. വസ്തുനിഷ്ഠമായി പഠിച്ച് പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടും.

■ ആയില്യം: പ്രവർത്തനങ്ങൾക്ക് പൂർണതയുണ്ടാകും. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കും. പുതിയ പ്രവർത്തനങ്ങൾ തുടങ്ങാൻ പരിചയസമ്പന്നരുടെ നിർദേശം തേടും.

■ മകം: പുണ്യപ്രവൃത്തികൾക്കും സർവ്വാത്മനാ സഹകരിക്കും. വിശേഷപ്പെട്ട ദേവാലയ ദർശനത്താൽ ആശ്വാസമുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും.

■ പൂരം: ആത്മാർഥമായ പ്രവർത്തനങ്ങൾക്ക് അനുമോദനങ്ങൾ വന്നുചേരും. സ്വപ്നസാക്ഷാത്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. ദീർഘവീക്ഷണത്തോടുകൂടി ചെയ്യുന്ന കാര്യങ്ങൾ അനുഭവത്തിൽ വന്നുചേരും.

■ ഉത്രം: മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങൾ ലഭിക്കും. പ്രവർത്തനമേഖലകളിൽ നിന്നും സാമ്പത്തിക പുരോഗതിയുണ്ടാകും. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിർവഹിക്കും.

■ അത്തം: അവതരണശൈലിയിൽ പുതിയ ആശയം അവലംബിക്കും. പദ്ധതിസമർപ്പണത്തിനു ലക്ഷ്യപ്രാപ്തി നേടും. സങ്കീർണമായ പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കണ്ടെത്തും.

■ ചിത്തിര: കുടുംബജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ സൗഖ്യവും ഉണ്ടാകും. പൂർവികർ അനുവർത്തിച്ചു വരുന്ന പ്രവർത്തനങ്ങൾ പിൻതുടരാൻ തയാറാകും.

■ ചോതി: അർഹതയുള്ളവരെ അനുമോദിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. പരിമിതികൾക്കനുസരിച്ചു ജീവിക്കാൻ തയാറാകുന്നത് മനസമാധാനത്തിന് വഴിയൊരുക്കും.

■ വിശാഖം: കടം കൊടുത്ത സംഖ്യ തിരിച്ചുലഭിക്കും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകൾ തിരിച്ചുലഭിക്കും. വ്യപാര വ്യവസായമേഖലകളിൽ മാന്ദ്യം അനുഭവപ്പെടും.

■ അനിഴം: വിട്ടുവീഴ്ചാമനോഭാവത്താൽ ദാമ്പത്യസൗഖ്യമുണ്ടാകും. ചിന്തകൾക്കതീതമായി പ്രവർത്തിക്കാനിടവരുമെങ്കിലും അഹംഭാവം ഒഴിവാക്കണം.

■ തൃക്കേട്ട: ചിരകാലാഭിലാഷപ്രാപ്തിയായ വിദേശയാത്രസഫലമാകും. അർപ്പണമനോഭാവം നിഷ്കർഷ ലക്ഷ്യബോധം ജിജ്ഞാസ തുടങ്ങിയവ പ്രവർത്തനക്ഷമതക്കും പദ്ധതിപൂർത്തീകരണത്തിനും വഴിയൊരുക്കും.

■ മൂലം: ദീർഘകാലനിക്ഷേപമെന്ന നിലയിൽ ഭൂമിവാങ്ങാനിടവരും. ദുശീലങ്ങൾ ഒഴിവാക്കാൻ ഉൾപ്രേരണയുണ്ടാകും. ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിനു ചേരും.

■ പൂരാടം: ജീവിതസാഹചര്യങ്ങളെ മാറ്റിമറിക്കുന്ന പലഘടകങ്ങളും വന്നുചേരുമെങ്കിലും യുക്തിപൂർവമുള്ള സമീപനത്താൽ അതിജീവിക്കാൻ സാധിക്കും. ആഗ്രഹിക്കുന്ന ഭൂമി വിൽപ്പന സഫലമാകും.

■ ഉത്രാടം: വിദേശഉദ്യോഗത്തിന് അവസരമുണ്ടാകും. സഹപ്രവർത്തകരുടെ സഹായമുണ്ടാകും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാർഥമായി പ്രവർത്തിക്കാൻ തയാറാകും.

■ തിരുവോണം: ദാമ്പത്യജീവിതം സുഖപ്രദമായിരിക്കും. വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടും. ഉദ്യോഗത്തിൽ പുനഃപ്രവേശനമുണ്ടാകും.

■ അവിട്ടം: പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. അനാവശ്യചെലവുകൾ നിയന്ത്രിക്കും. ആശയവിനിമയങ്ങളിൽ അപാകതകൾ ഉണ്ടാവാതെ സൂക്ഷിക്കണം.

■ ചതയം: വിമർശനങ്ങളെ അതിജീവിക്കും. സൗമ്യസമീപനത്താൽ സർവകാര്യവിജയമുണ്ടാകും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും.

■ പൂരോരുട്ടാതി: മാധ്യമപ്രവർത്തകർക്കും ശാസ്ത്രജ്ഞർക്കും അംഗീകാരം ലഭിക്കും. സംശയങ്ങൾക്ക് വിശദീകരണം തേടും. സാമ്പത്തിക നീക്കിയിരുപ്പ് ഉണ്ടാകും.

■ ഉത്രട്ടാതി: ജീവിതപങ്കാളിയുടെ ആശയങ്ങൾ സർവ്വാത്മനാ സ്വീകരിക്കുന്നതുവഴി ആഗ്രഹസാഫല്യമുണ്ടാകും. ഏറ്റെടുത്ത കരാറുജോലികൾ ഏറെക്കുറെ പൂർത്തീകരിക്കാൻ ആകും.

■ രേവതി: അസാധാരണ വ്യക്തിത്വമുള്ളവരുമായി സൗഹൃദബന്ധത്തിലേർപ്പെടും. ബന്ധുക്കളോടൊപ്പം ദേവാലയദർശനം നടത്താനിടവരും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ഇതിഹാസത്തിന് സൂപ്പർ താരങ്ങളുടെ ആദരാഞ്ജലികൾ

കൊൽക്കത്ത: അന്തരിച്ച ഫുട്ബോൾ ഇതിഹാസം പി.കെ. ബാനർജിക്ക് ആദരാഞ്ജലി അർപ്പിച്ച് ഇന്ത്യൻ കായിക ലോകം. അറുപതുകളിൽ ഇന്ത്യൻ ഫുട്ബോളിലെ ദാദയായിരുന്നു പി. കെ. ബാനർജി. രാജ്യം കണ്ട എക്കാലത്തെയും മികച്ച താരങ്ങളിലൊരാൾ. താരമായും പരിശീലകനായും കാലുറപ്പിച്ച ഇതിഹാസ കരിയറിനൊടുവിൽ 83-ാം വയസിൽ ജീവിതത്തിന്റെ മൈതാനത്തുനിന്ന് ബൂട്ടഴിക്കുമ്പോൾ ഫുട്ബോൾ പ്രേമികൾക്ക് അത് കണ്ടുനിൽക്കാനാവുന്നില്ല. വൈകാരികമായി ഇന്ത്യൻ സൂപ്പർ താരം സുനിൽഛേത്രി പറഞ്ഞു. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു. കുടുംബത്തിന്റെ ദുഃഖത്തിനൊപ്പം പങ്കു ചേരുന്നു- ഛേത്രി ടിറ്ററിൽ കുറിച്ചു. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെണ്ടുൽക്കർ, സൗരവ് ഗാംഗുലി തുടങ്ങിയവരും ബാനർജിക്ക് ആദരാഞ്ജലി അർപ്പിച്ചു. ഓൾ ഇന്ത്യ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് പ്രഫുൽ പട്ടേലും ആദരാഞ്ജലി അർപ്പിച്ചു. ബാനർജിയെ നേരിൽക്കണ്ടതും സംസാരിക്കാനായതും വലിയ ഭാഗ്യമായി കാമുന്നതായി സച്ചിൻ കുറിച്ചു.

ഇതിഹാസം പി.കെ. മറഞ്ഞു

പി.കെ. ബാനർജി അന്തരിച്ചു

കോൽക്കത്ത· ഇന്ത്യൻ ഫുട്ബോൾ കണ്ട എക്കാലത്തെയും മികച്ച താരമായ വാഴ്ത്തപ്പെടുന്ന പ്രദീപ് കുമാർ ബാനർജി എന്ന പി.കെ. ബാനർജി കോൽക്കത്തയിൽ അന്തരിച്ചു. 83 വയസ്സായിരുന്നു. ന്യൂമോണിയ ബാധിച്ച് കുറെയേറെ ദിവസങ്ങളായി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മാർച്ച് രണ്ടു മുതൽ കൃത്രിമ ശ്വസനോപാധികളുടെ സഹായത്തോടെയാണ് ജീവൻ നിലനിർത്തിയിരുന്നത്. ഇന്നലെ ഉച്ചയ്ക്ക് 12.40നായിരുന്നു ബാനർജിയുടെ അന്ത്യം. പി.കെ. ബാനർജിയുടെ ഇളയ സഹോദരൻ പ്രസൂൺ ബാനർജി പാർലമെന്റ് അംഗമാണ്. മക്കൾ: പൗല, പൂർണ.

ബംഗാളിലെ ജയ്പായിഗുരിയിൽ 1936 ജൂൺ 23നായിരുന്നു പി.കെ. ബാനർജിയുടെ ജനനം. പിന്നീട് ജംഷഡ്പുരിലേക്കു വീട് മാറി. 15-ാം വയസ്സിൽ ബിഹാറിനായി സന്തോഷ് ട്രോഫിയിൽ അരങ്ങേറി. ഈസ്റ്റേൺ റെയിൽവേയുടെ ആര്യൻ ക്ലബ്ബിനായി കളിച്ചുകൊണ്ടായിരുന്നു ബാനർജിയുടെ വരവ്. 1962ലെ ഏഷ്യൻ ഗെയിംസ് സ്വർണമുൾപ്പെടെ നേടിയ ഇന്ത്യൻ ഫുട്ബോളിന്റെ സുവർണകാലത്ത് കളത്തിൽ സജീവമായിരുന്ന താരമാണ് പി.കെ. ബാനർജി. 13 വർഷം ഇന്ത്യയ്ക്കു കളിച്ച ബാനർജി 84 മൽസരങ്ങളിൽനിന്ന് 65 ഗോളുകൾ നേടി. ഇതിൽ 36 ഔദ്യോഗിക മത്സരങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇതിൽ 19 ഗോളുകളുമുണ്ട്. ആറു മത്സരങ്ങളിൽ ഇന്ത്യയെ നയിച്ചു. 1955 ഡിസംബർ 18നു സിലോണെതിരേ (ഇന്നത്തെ ശ്രീലങ്ക)യായിരുന്നു പികെയുടെ അന്താരാഷ്ട്ര അരങ്ങേറ്റം. അഞ്ചു ഗോളുകൾ ഈ ടൂർണമെന്റിൽ നേടി വരവറിയിച്ചു.

രണ്ട് ഒളിംപിക്സിൽ ഇന്ത്യയ്ക്കു കളിച്ചു. 1960ൽ റോമിൽ നടന്ന ഒളിംപിക്സിൽ ഇന്ത്യൻ നായകനായിരുന്നു. 1964ൽ ടോക്കിയോയിൽ ഇന്ത്യ നാലാം സ്ഥാനത്തെത്തിയപ്പോൾ ആ ടീമിൽ അംഗവുമായിരുന്നു. 1956ലെ മെൽബൺ ഒളിംപിക്സിലും ബാനർജി കളിച്ചു. ഈ ഒളിംപിക്സിൽ ക്വാർട്ടറിൽ 4-2ന് ഇന്ത്യ ഓസ്ട്രേലിയയെ പരാജയപ്പെടുത്തി. നാലാം സ്ഥാനത്തായി രകന്നു ഇവിടെയും ഇന്ത്യ ഫിനിഷ് ചെയ്തത്. റോം ഒളിംപിക്സിൽ കരുത്തരായ ഫ്രാൻസിനെ ഇന്ത്യ 1-1നു സമനിലയിൽ തളച്ചു. ഇന്ത്യ സ്വർണമെഡൽ നേടിയ 1962 ഏഷ്യാഡ് അടക്കം തുടർച്ചയായി മൂന്ന് ഏഷ്യൻ ഗെയിംസിലും ഇന്ത്യയ്ക്കു കളിച്ചു (1958 - ടോക്കിയോ, 1962 - ജക്കാർത്ത, 1966 - ബാങ്കോക്ക്).

ആഭ്യന്തരഫുട്ബോളിൽ ബാനർജി പുലിയായിരുന്നു. മൂന്നു തവണ സന്തോഷ് ട്രോഫി നേടി. 1955,58,59 വർഷങ്ങളിലായിരുന്നു. പിന്നീട് റെയിൽവേസിനായി കളിച്ചും മൂന്നു തവണ സന്തോഷ് ട്രോഫി സ്വന്തമാക്കി. ഈസ്റ്റേൺ റെയിൽവേക്കു വേണ്ടി 190 ഗോളുകൾ ബാനർജി സ്വന്തമാക്കിയിട്ടുണ്ട്.

തുടർച്ചയായി പരുക്കുകൾ അലട്ടിയതോടെ 1967ൽ കളം വിട്ടു. പിന്നീട് ദീർഘകാലം വിവിധ ക്ലബ്ബുകളെ പരിശീലിപ്പിച്ചു. ഈസ്റ്റ് ബംഗാളും മോഹൻ ബഗാനും ഉൾപ്പെടെയുള്ള ക്ലബ്ബുകളുമൊത്ത് ഒട്ടേറെ സുപ്രധാന കിരീടങ്ങൾ നേടി. പരിശീലകനെന്ന നിലയിൽ ആകെ 54 കിരീടങ്ങൾ നേടിയിട്ടുണ്ട്. 1977ൽ ഇതിഹാസ താരം പെലെ ഉൾപ്പെടെ അണിനിരന്ന പരിശീലന മത്സരത്തിൽ ന്യൂയോർക്ക് കോസ്മോസിനെ 2-2ന് സമനിലയിൽ തളച്ച മോഹൻ ബഗാൻ ടീമിനെ പരിശീലിപ്പിച്ചത് ബാനർജിയായിരുന്നു. 1970ൽ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ വെങ്കലം നേടിയ ഇന്ത്യൻ ടീമിന്റെ സംയുക്ത പരിശീലകരിൽ ഒരാളായിരുന്നു. ജി.എം. ബാഷയായിരുന്നു രണ്ടാമൻ.

1961ൽ അർജുന അവാർഡും 1990ൽ പത്മശ്രീയും ലഭിച്ചു. അർജുന ലഭിക്കുന്ന ആദ്യ ഫുട്ബോളറാണ് ബാനർജി. 1970 മുതൽ 1986വരെ ദേശീയ ടീം പരിശീലകനായിരുന്നു. ഫിഫ 2004ൽ സെന്റനിയൽ ഓർഡർ ഓഫ് മെറിറ്റ് പുരസ്കാരം നൽകി ആദരിച്ചു.

പരിശീലകനെന്ന നിലയിൽ ബാനർജിയുടെ അരങ്ങേറ്റം 1969ലായിരുന്നു, ബാറ്റ ഫുട്ബോൾ ക്ലബ്ബിനു വേണ്ടിയായിരുന്നു ഇത്. 1970 ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ ഇന്ത്യ വെങ്കലം നേടിയപ്പോൾ ബാനർജിയായിരുന്നു പരിശീലകൻ. നെഹ്റു കപ്പ്, മെർഡേക്ക കപ്പ് തുടങ്ങിയ ടൂർണമെന്റുകളിലും ബാനർജി ഇന്ത്യയുടെ പരിശീലകനായി. ഈസ്റ്റ് ബംഗാളിനായി പരിശീലകനെന്ന നിലയിൽ 30 കിരീടവും മോഹൻബഗാനായി 23 കിരീടങ്ങളും നേടിയിട്ടുണ്ട്.



റോം ഒളിംപിക്സിൽ പങ്കെടുത്ത ഇന്ത്യൻ ടീം

ഈസ്റ്റ് ബംഗാൾ പരിശീലകന്റെ റോളിൽ.

ഗാംഗുലിക്കും സച്ചിനുമൊപ്പം

ചെറുപ്പകാലത്തെ രണ്ട് ചിത്രങ്ങൾ.

കൊറോണ: ഏകാന്തവാസം തെരഞ്ഞെടുത്ത് കോഹ്‌ലി

ന്യൂഡൽഹി: കോവിഡ് 19 ആശങ്കകൾക്കിടെ ഏകാന്തവാസം തെരഞ്ഞെടുത്ത് ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ വിരാട് കോഹ്‌ലിയും ഭാര്യയും ബോളിവുഡ് നടിയുമായ അനുഷ്ക ശർമയും. ടിറ്ററിൽ പങ്കുവെച്ച വീഡിയോ സന്ദേശത്തിലൂടെയാണ് കോഹ്‌ലി ഏകാന്തവാസത്തിലാണെന്ന കാര്യം ആരാധകരെ അറിയിച്ചത്.

പ്രതിസന്ധിഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോവുന്നതെന്ന് കോഹ്‌ലി പറഞ്ഞു. അതുകൊണ്ട് ഞങ്ങൾ രണ്ടുപേരും വീട്ടിൽ തന്നെ കഴിയാൻ തീരുമാനിച്ചു. ഞങ്ങളുടെ സുരക്ഷയ്ക്കും മറ്റുള്ളവരുടെ സുരക്ഷക്കും അതാണ് നല്ലതെന്നും കോഹ്‌ലി പറഞ്ഞു. കൊറോണ വൈറസ് വ്യാപനം തടയാനുള്ള ഏക പോംവഴി ഇതിനെതിരെ ഒരുമിച്ച് പൊരുതുക എന്നത് മാത്രമാണെന്ന് അനുഷ്ത വ്യക്തമാക്കി. അതുകൊണ്ട് വീട്ടിൽ തന്നെ തുടരാൻ നിങ്ങളും ശ്രമിക്കണമെന്ന് അനുഷ്ക ആവശ്യപ്പെട്ടു.

കൊവിഡ് 19 ആശങ്കയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി ഞായറാഴ്ച ജനതാ കർഫ്യൂ പ്രഖ്യാപിച്ചതിനെ കോഹ്‌ലിയും ഇന്ത്യൻ പരിശീലകൻ രവി ശാസ്ത്രിയും അടക്കമുള്ളവർ സ്വാഗതം ചെയ്തിരുന്നു. കൊവിഡ് 19 ആശങ്കയുടെ പശ്ചാത്തലത്തിൽ ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന പരമ്പര ഉപേക്ഷിച്ചപ്പോൾ ഐപിഎൽ ഏപ്രിൽ 15ലേക്ക് മാറ്റിവെച്ചിരുന്നു

ബിസിസിഐ ഉദ്യോഗസ്ഥനെതിരേ ഗാവസ്കർ

മുംബൈ· വിദേശ താരങ്ങളെ പങ്കെടുപ്പിച്ചില്ലെങ്കിൽ ഐപിഎൽ ഇന്ത്യയിലെ ആഭ്യന്തര ടന്റി20 ലീഗായ സയ്യിദ് മുഷ്താഖ് അലി ട്രോഫി പോലെ നിലവാരം കുറഞ്ഞ ടൂർണമെന്റാകുമെന്ന വിവാദ പരാമർശം നടത്തിയ ബിസിസിഐ ഉദ്യോഗസ്ഥനെ രൂക്ഷമായ ഭാഷയിൽ വിമർശിച്ച് മുൻ ഇന്ത്യൻ താരം സുനിൽ ഗാവസ്കർ രംഗത്ത്. സയ്യിദ് മുഷ്താഖ് അലിയെന്ന മഹാനായ താരത്തെയാണ് ഈ പരാമർശത്തിലൂടെ ബിസിസിഐ ഉദ്യോഗസ്ഥൻ അപമാനിച്ചതെന്ന് ഗാവസ്കർ ചൂണ്ടിക്കാട്ടി. അത്രമാത്രം നിലവാരം കുറഞ്ഞതെങ്കിൽ സയ്യിദ് മുഷ്താഖ് അലി ടൂർണമെന്റുമായി ബിസിസിഐ എന്തിനാണ് മുന്നോട്ടുപോകുന്നതെന്നും ഗാവസ്കർ ചോദിച്ചു. ഒരു ദേശീയ മാധ്യമത്തിലെഴുതിയ കോളത്തിലാണ് ഗാവസ്കറിന്റെ രൂക്ഷ വിമർശനം.

ഈ മാസം 29ന് ആരംഭിക്കേണ്ടിയിരുന്ന ഐപിഎല്ലിന്റെ 13-ാം എഡിഷൻ, കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഏപ്രിൽ 15ലേക്ക് നീട്ടിവച്ചിരുന്നു. കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ യാത്രാവിലക്ക് ഏർപ്പെടുത്തിയതോടെ വിദേശതാരങ്ങൾക്ക് ഏപ്രിൽ 15 വരെ ഇന്ത്യയിലെത്താനാകില്ലെന്നതും ടൂർണമെന്റ് നീട്ടാൻ കാരണമായിരുന്നു. എന്നാൽ, വൈറസ് വ്യാപനം ഇപ്പോഴും നിയന്ത്രണവിധേയമാകാത്ത സാഹചര്യത്തിൽ ഈ വർഷത്തെ ഐപിഎൽ നടക്കുമോ എന്ന കാര്യത്തിലും ഇപ്പോഴും ഉറപ്പില്ല.

ഇതിനിടെയാണ് ഐപിഎല്ലിന്റെ നിലവാരവുമായി ബന്ധപ്പെട്ട് ബിസിസിഐ ഉദ്യോഗസ്ഥന്റെ പരാമർശം വിവാദമായത്. വിദേശ താരങ്ങൾക്ക് ലീഗിൽ പങ്കെടുക്കാനാകില്ല എന്നതിന്റെ ചുവടുപിടിച്ചായിരുന്നു ഇത്. 'ഐപിഎല്ലിന്റെ നിലവാരം മോശമാകുന്നില്ലെന്ന് ഉറപ്പാക്കാനുള്ള ബാധ്യത ബിസിസിയ്ക്കുണ്ട്. നമുക്ക് മറ്റൊരു സയ്യിദ് മുഷ്താഖ് അലി ട്രോഫി ആവശ്യമില്ല' - എന്നായിരുന്നു പരാമർശം.

എന്നാൽ, ഈ പ്രസ്താവന സയ്യിദ് മുഷ്താഖ് അലിയെന്ന മഹാനായ താരത്തോടുള്ള അവഹേളനമാണെന്ന് ഗാവസ്കർ ചൂണ്ടിക്കാട്ടി. അത്ര 'നിലവാരമില്ലാത്ത' ടൂർണമെന്റാണ് ഇതെങ്കിൽ പിന്നെന്തിനാണ് ബിസിസിഐ ഇങ്ങനെയൊരു ടൂർണമെന്റ് നടത്തുന്നതെന്നും ഗാവസ്കർ ചോദിച്ചു. ഈ ടൂർണമെന്റിന്റെ നിലവാരം മോശമാകാൻ കാരണക്കാർ ആരാണ്? തീർച്ചയായും വിദേശ താരങ്ങളുടെ അഭാവമാകാൻ വഴിയില്ല. മറിച്ച് രാജ്യാന്തര ക്രിക്കറ്റിൽ കരുത്തു തെളിയിച്ച ഇന്ത്യൻ താരങ്ങളുടെ അഭാവമാകാൻ സാധ്യതയുമുണ്ട്. ടൂർണമെന്റിന്റെ ഷെഡ്യൂളുമായി ബന്ധപ്പെട്ട് ഈ പ്രശ്നം ബിസിസിഐയാണ് പരിഹരിക്കേണ്ടത്' - ഗാവസ്കർ കുറിച്ചു

കൊറോണ വ്യാപിച്ചിട്ടും ലീഗ് തുടരുന്നു

തുർക്കി വിട്ട് നൈജീരിയൻ താരം

ജോൺ ഒബി

ഇസ്താംബുൾ · ലോകത്താകമാനം കൊറോണ വൈറസ് വ്യാപിച്ചിട്ടും രാജ്യത്തെ ഫുട്ബോൾ ലീഗ് തുടരുന്ന തുർക്കി ഫുട്ബോൾ ഫെഡറേഷന്റെ നടപടിയിൽ പ്രതിഷേധിച്ച് നൈജീരിയൻ താരം ജോൺ ഒബി മൈക്കൽ തുർക്കിയിലെ ട്രാബ്സൻസ്പോർ ക്ലബ് വിട്ടു. മുൻ ചെൽസി മിഡ്ഫീൽഡർ കൂടിയാണ് ജോൺ ഒബി. കൊറോണക്കാലത്തും ഫുട്ബോൾ ലീഗ് നിർത്തലാക്കാത്ത നയത്തിൽ പരസ്യമായി പ്രതിഷേധം രേഖപ്പെടുത്തിയാണ് മൈക്കൽ ക്ലബ് വിട്ടത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കായിക മത്സരങ്ങളും ടൂർണമെന്റുകളും റദ്ദാക്കിയിട്ടുണ്ടെങ്കിലും, വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കാണികളെ പ്രവേശിപ്പിക്കാതെ ലീഗ് തുടരുന്ന അപൂർവം രാജ്യങ്ങളിലൊന്നാണ് തുർക്കി.

സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്ത കുറിപ്പിൽ, കൊറോണ വൈറസ് വ്യാപനത്തിനിടെ ലീഗ് റദ്ദാക്കാൻ തയാറാകാത്ത ഫുട്ബോൾ അധികൃതരോടുള്ള എതിർപ്പ് മുപ്പത്തിരണ്ടുകാരനായ ഒബി മൈക്കൽ വ്യക്തമാക്കി. ഒബി മൈക്കൽ കരാർ റദ്ദാക്കി നാട്ടിലേക്കു മടങ്ങിയ വിവരം ട്രാബ്സൻസ്പോർ ക്ലബ്ബും പരസ്യമാക്കിയിട്ടുണ്ട്. പ്രതിഫലം കൈപ്പറ്റാതെ ഫ്രീ ഏജന്റായാണ് താരം ക്ലബ് വിട്ടതെന്നും പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ വർഷം ജൂണിൽ ക്ലബ്ബിലെത്തിയ താരത്തിന് അടുത്തവർഷം മേയ് 31 വരെ ക്ലബ്ബുമായി കരാറുണ്ടായിരുന്നു.

കൊറോണ വൈറസ് വ്യാപനത്തിനിടെ ഫുട്ബോൾ കളിക്കാൻ നിർബന്ധിതനാകുന്നതിലുള്ള എതിർപ്പ് ക്ലബ് വിടുന്നതിനു മുൻപുതന്നെ സമൂഹമാധ്യമത്തിലെ കുറിപ്പിലൂടെ മൈക്കൽ പരസ്യമാക്കിയിരുന്നു.

ഫുട്ബോളിന് അപ്പുറവും ജീവിതമുണ്ട്. ഈ സമയത്ത് ഫുട്ബോൾ കളിക്കുന്നതിൽ എനിക്ക് സുരക്ഷിതത്വം അനുഭവപ്പെടുന്നില്ല. ഈ അവസ്ഥയിൽ കളിക്കുകയും വേണ്ട. ഈ പ്രതിസന്ധി ഘട്ടത്തിൽ എല്ലാവരും കുടുംബത്തോടും പ്രിയപ്പെട്ടവരോടുമൊപ്പം സമയം ചെലവഴിക്കുകയാണ് വേണ്ടത്. ലോകമൊന്നാകെ കനത്ത വെല്ലുവിളി നേരിടുമ്പോൾ ഫുട്ബോൾ സീസൺ റദ്ദാക്കുകയാണ് വേണ്ടത് - ഒബി മൈക്കൽ കുറിച്ചു.

തുർക്കിയിലെ ഗലാട്ട്സറേ ക്ലബ്ബിനു കളിക്കുന്ന മുൻ ചെൽസി താരം കൂടിയായ റഡാമൽ ഫാൽക്കാവോയും ഗലാട്ട്സറേ, ചെൽസി ക്ലബ്ബുകൾക്ക് കളിച്ചിട്ടുള്ള ദിദിയർ ദ്രോഗ്ബെയും ജോൺ ഒബി മൈക്കലിനെ അനുകൂലിച്ച് രംഗത്തെത്തിയിരുന്നു. മൈക്കൽ ഈ കുറിപ്പ് പോസ്റ്റ് ചെയ്യുന്ന സമയത്ത് വെറും ആറു പേരിലൊതുങ്ങിയിരുന്ന തുർക്കിയിലെ കൊറോണ വൈറസ് ബാധ, നിലവിൽ 100 കടന്നു. ഒരാൾ കോവിഡ്-19 മൂലം മരിക്കുകയും ചെയ്തു.

ഇപിഎൽ ഏപ്രിൽ 30 വരെ നീട്ടി

ലണ്ടൻ: കോവിഡ് -19 മഹാമാരി പടരുന്ന പശ്ചാത്തലത്തിൽ ലോകത്ത് ഏറ്റവും കൂടുതൽ പ്രേക്ഷകരുള്ള ഫുട്ബോൾ ലീഗായ ഇംഗ്ലീഷ് പ്രീമിയർ ലീഗ് മത്സരങ്ങൾ ഏപ്രിൽ 30 വരെ റദ്ദാക്കി. നേരത്തെ ഏപ്രിൽ മൂന്ന് വരെയായിരുന്നു ലീഗ് മത്സരങ്ങൾ നിർത്തിവെച്ചിരുന്നത്. ഇതാണിപ്പോൾ 30 വരെ നീട്ടിയത്. ജൂൺ ഒന്നിന് മുമ്പ് സീസൺ പൂർത്തിയാക്കണമെന്നാണ് ഫുട്ബോൾ അസോസിയേഷന്റെ നിയമമെങ്കിലും നിലവിലെ സാഹചര്യത്തിൽ ഇത് സാധ്യമാകില്ലെന്നാണ് റിപ്പോർട്ട്.

നേരത്തെ കൊവിഡ് 19 ആശങ്കയുടെ പശ്ചാത്തലത്തിൽ യൂറോ കപ്പും കോപ്പ അമേരിക്ക ചാമ്പ്യൻഷിപ്പും അടുത്തവർഷത്തേക്ക് മാറ്റിവെച്ചിരുന്നു. ഇതിനുപുറമെ ഈ മാസം 27ന് ഇറ്റലിയുമായും 31ന് ഡെൻമാർക്കുമായും നടത്താനിരുന്ന ഇംഗ്ലണ്ടിന്റെ രാജ്യാന്തര സൗഹൃദ മത്സരങ്ങളും രണ്ടാം ഡിവിഷൻ ലീഗ് മത്സരങ്ങളും റദ്ദാക്കിയിട്ടുണ്ട്. കൊവിഡ് 19 രോഗബാധയെത്തുടർന്ന് ഇംഗ്ലണ്ടിലെ എല്ലാ പ്രൊഫഷനൽ ഫുട്ബോൾ മത്സരങ്ങളും നിർത്തിവച്ചിരുന്നു. നേരത്തെ കൊവിഡ് 19 പടരുന്ന പശ്ചാത്തലത്തിൽ ചാമ്പ്യൻസ് ലീഗ്, യൂറോപ്പ ലീഗ്, സ്പാനിഷ് ലീഗ്, ഇറ്റാലിയൻ ലീഗ് മത്സരങ്ങൾ റദ്ദാക്കിയിരുന്നു.

കൊറോണ വൈറസ് ബാധമൂലം ബ്രിട്ടനിൽ ഇതുവരെ 137 പേർ മരിച്ചിട്ടുണ്ട്. ഇന്ന് മാത്രം 27 പേരാണ് കൊവിഡ് 19 വൈറസ് ബാധയെത്തുടർന്ന് ബ്രിട്ടനിൽ മരിച്ചത്. മരിച്ചവരെല്ലാം 47നും 96 നും ഇടയിൽ പ്രായമുള്ളവരാണ്. 2692പേർക്കാണ് ബ്രിട്ടനിൽ ഇതുവരെ രോഗം സ്ഥിരീകരിച്ചത്. ഇതിൽ 953 പേരും ലണ്ടനിലാണ്. 266 പേർ സ്കോട്ലൻഡിലും 68 പേർ വടക്കൻ അയർലൻഡിലും രോഗബാധിതരായിട്ടുണ്ട്.

ഇന്ത്യയെ പുകഴ്ത്തി സ്റ്റോയ്നിസ്

സിഡ്നി· ഇന്ത്യൻ ക്രിക്കറ്റിനെയും ഇന്ത്യൻ താരങ്ങളെയും പുകഴ്ത്തി ഓസ്ട്രേലിയൻ താരം മാർക്കസ് സ്റ്റോയ്നിസ് രംഗത്ത്. ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ കളത്തിലിറങ്ങാൻ അവസരം കിട്ടാത്ത താരങ്ങൾ പോലും തന്നേക്കാൾ മികച്ചവരാണെന്ന് സ്റ്റോയ്നിസ് അഭിപ്രായപ്പെട്ടു. ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീമുമായി ബന്ധപ്പെട്ട 'ദ് ടെസ്റ്റ്' എന്ന ഡോക്യുമെന്ററിയിലാണ് സ്റ്റോയ്നിസ് ഇക്കാര്യം വ്യക്തമാക്കിയത്.

ലോകത്ത് ഏറ്റവും പ്രതിഭയുള്ള താരങ്ങളുള്ള രാജ്യം ഇന്ത്യയാണ്. ഒരു സംശയവും വേണ്ട. അവരുടെ ടീമിൽ കളിക്കാൻ അവസരം കിട്ടാത്തവർ പോലും എന്നേക്കാൾ മികവുള്ളവരാണ്' - സ്റ്റോയ്നിസ് പറഞ്ഞു.

ഇന്ത്യയിൽ കളിക്കാൻ എനിക്ക് ഏറെ ഇഷ്ടമാണ്. അസാമാന്യമായ ഊർജം പകരുന്ന അവിടുത്തെ സംസ്കാരവും ഞാൻ ഇഷ്ടപ്പെടുന്നു.

SENSEX: 29,915.96 (+1627.73)

NIFTY: 8745.45 (+482.00)

വിനിമയ നിരക്ക്

ഡോളർ	75.25
യൂറോ	80.57
പൗണ്ട്	88.25
സ്വിസ്ഫ്രാങ്ക്	76.46
സിംഗപ്പൂർ ഡോളർ	51.96
ഓസ്ട്രേലിയൻ	44.41
കനേഡിയൻ	52.59
ബഹറിൻ ദിനാർ	198.09
കുവൈറ്റ് ദിനാർ	240.96
ഒമാനി റിയാൽ	194.58
സൗദി റിയാൽ	19.92
യു എ ഇ ദിർഹം	20.43
ഖത്തർ	20.46

ക്രൂഡോയിൽ വില ഇനിയും കുറയും

കൊച്ചി: അന്താരാഷ്ട്ര തലത്തിൽ എണ്ണ ഉപയോഗ കുറഞ്ഞിരിക്കുന്നത് പെട്രോളിയം വിപണിയെ വീണ്ടും തളർത്തുമെന്ന് സാമ്പത്തിക രംഗത്തെ പഠനങ്ങൾ. ക്രൂഡോയിലിനെ മാത്രമല്ല ഷെയിൽ ഗ്യാസ് വിപണിയെയും ഇത് ബാധിക്കും. അമെരിക്കൻ ഷെയിൽ ഗ്യാസ് നിർമാതാക്കളെ തകർക്കാനുള്ള നീക്കമെന്ന നിലയിൽ ക്രൂഡോയിൽ ഉത്പാദനം ആരും കുറച്ചിട്ടില്ല. ലോകത്തിലെ എണ്ണയുടെ ആവശ്യത്തിനേക്കാളേറെ ഇപ്പോൾ ഉത്പാദനമുണ്ട്. എണ്ണ ഉത്പാദകർക്ക് സംഭരണ ചെലവ് വളരെ കൂടുതലായതിനാൽ ഉത്പന്നം അതിവേഗം വിറ്റഴിക്കാനാകും ശ്രമിക്കുക. ഇതുകൊണ്ട് രാജ്യാന്തര വിപണിയിൽ എണ്ണവില ബാരലിന് 20 ഡോളറിൽ താഴ്ന്നാലും അത്ഭുതപ്പെടാനില്ലെന്ന് നിരീക്ഷകർ പറയുന്നു.

എണ്ണ വാങ്ങുന്നതിന് പണം നൽകിയേക്കും!

എണ്ണ ഉത്പാദകർ, ക്രൂഡ് ഓയിൽ വാങ്ങുന്നവർക്ക് പണം അങ്ങോട്ട് നൽകുന്ന സ്ഥിതി വിശേഷം വരെ വന്നേക്കാമെന്ന് പ്രചരണമുണ്ട്. കോറോണ ബാധയെ തുടർന്ന് രാജ്യാന്തര തലത്തിൽ എണ്ണയുടെ ആവശ്യകത 20 ശതമാനത്തോളം ഇടിഞ്ഞു. കൊറോണ വൈറസ് ബാധയും റഷ്യയും സൗദിയും തമ്മിലുള്ള എണ്ണ വില യുദ്ധവുമാണ് രാജ്യാന്തര വിപണിയിൽ എണ്ണവില ഇടിയാൻ കാരണമായത്. പൊതുവേ എണ്ണയുടെ ഡിമാൻഡ് കുറയുമ്പോൾ ഉത്പാദനം കുറച്ച് വില പിടിച്ചുനിർത്തുകയാണ് എണ്ണ ഉത്പാദക രാജ്യങ്ങളുടെ രീതി. എന്നാൽ റഷ്യ അതിന് വിസമ്മതിച്ചു. മാത്രമല്ല, സൗദിയും യുഎഇയും അമെരിക്കയിലെ ഷെയിൽ ഗ്യാസ് ഉത്പാദകരെ തകർക്കാൻ ലക്ഷ്യമിട്ട് വിപണിയിലേക്ക് കൂടുതലായി എണ്ണ എത്തിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. രാജ്യാന്തരതലത്തിൽ ക്രൂഡോയിൽ വില വർധിക്കുമ്പോൾ അമെരിക്കൻ ഷെയിൽ ഗ്യാസ് കമ്പനികൾക്ക് വലിയ നേട്ടമാണ് ലഭിക്കുക.

എണ്ണ ഉത്പാദിച്ചാൽ ഉടനടി അത് വിൽക്കണം. അല്ലെങ്കിൽ സംഭരിച്ചു വെയ്ക്കണം. സംഭരണ ചെലവ് വളരെ കൂടുതലായതിനാൽ എങ്ങനെയും വിറ്റഴിക്കാനാകും ഉത്പാദകർ ശ്രമിക്കുക. ഇതിനിടെ അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് രാജ്യത്തെ ഷെയിൽ ഗ്യാസ് ഉത്പാദകരെ സംരക്ഷിക്കാൻ ലൂസിയാനയിലും ടെക്സാസിലുമുള്ള തന്ത്രപരമായ സംഭരണികൾ നിറയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

പ്രതിദിനം രണ്ട് മില്യൺ ബാരൽ വെച്ചാകും അമെരിക്ക വാങ്ങുകയെന്നാണ് സൂചന. തന്ത്രപരമായ എണ്ണ സംഭരണം അവസാനി

ച്ചാൽ ലോകത്ത് എണ്ണ വില കുത്തനെ ഇടിയുമെന്നു തന്നെയാണ് വിപണി നിരീക്ഷകർ പറയുന്നത്. അമേരിക്കൻ ഷെയിൽ ഗ്യാസ് നിർമാതാക്കളും തകരും.

യെസ് ബാങ്കിന് ഫണ്ട് നൽകാൻ ആർ ബി ഐ

ന്യൂഡൽഹി: സാമ്പത്തിക തകർച്ച നേരിട്ട യെസ് ബാങ്കിന് ആർബിഐ 60,000 രൂപയോളം കടംകൊടുത്തേക്കും. ബാങ്കിനെ പൂർണമായും പ്രതിസന്ധികളിൽ നിന്ന് കരകയറ്റുക എന്ന ലക്ഷ്യത്തോടെയാണ് ആർബിഐ 60,000 കോടി രൂപയോളം വായ്പ നൽകുക.

മാർച്ച് 13 നാണ് കേന്ദ്ര മന്ത്രിസഭ യെസ് ബാങ്കിന്റെ പുനർനിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകിയത്. ഈ മാസം 26 ന് ബാങ്കിന്റെ പുതിയ ബോർഡ് പ്രാബല്യത്തിൽ വന്നേക്കും. നിലവിൽ എസ്ബിഐ, ബന്ധൻ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയവർ യെസ് ബാങ്കിന് വലിയ പിന്തുണയാണ് നൽകിയിട്ടുള്ളത്. യെസ് ബാങ്കില് 7250 കോടി രൂപ നിക്ഷേപിക്കുമെന്ന് എസ്ബിഐ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6050 കോടി രൂപയോളം എസ്ബിഐ യെസ് ബാങ്കിന് കൈമാറുകയും ചെയ്തുവെന്നാണ് റിപ്പോർട്ട്

ഓൺലൈൻ ഗെയിമുകൾക്ക് നേട്ടം

കൊച്ചി: പല മേഖലകളും തിരിച്ചടി നേരിട്ടപ്പോൾ ആകസ്മികമായി നേട്ടം കൊയ്ത ഒരു വിഭാഗം ഇവിടുണ്ട്, ഇന്ത്യൻ ഗെയിമിങ് വ്യവസായം. വീടിന് പുറത്തേക്കിറങ്ങുന്ന സാഹചര്യം തന്നെ പരമാവധി കുറയ്ക്കുന്ന നില ഗെയിമിങ് മേഖലയെ സഹായിച്ചിരിക്കുകയാണ്. സമയം കളയുന്നതിനായി ആളുകൾ ഗെയിമിനെ ആശ്രയിക്കുകയാണിപ്പോൾ.

11,12 ലക്ഷം ആളുകളാണ് ഒരുമാസം മുൻപുവരെ ഗെയിമുകൾ ഉപയോഗിച്ചിരുന്നത്. പുതിയ കണക്കുകളനുസരിച്ച് ഏതാണ്ട് 15 ലക്ഷത്തോളം ആളുകൾ ഞങ്ങളുടെ ഗെയിമുകൾ ഇപ്പോൾ കളിക്കുന്നുണ്ടെന്ന് ഗെയിംസ് 2 വിന്നിലെ റവന്യൂ വിതരണ മേധാവി തേജസ് ഷാ പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ മൊബൈൽ ഗെയിമുകളുടെ പ്രസാധകരിൽ ഒരാളാണ് കമ്പനി. ഗെയിമുകളുടെ പോർട്ട്ഫോളിയോയിലുടനീളം 175 മില്യൺ ഉപയോക്താക്കളാണുള്ളത്. വിൻസോ ഗെയിമുകൾ ഓൺലൈൻ ട്രാഫിക്കിൽ മൂന്ന് മടങ്ങ് വർധനവ് രേഖപ്പെടുത്തിയെന്ന് അതിന്റെ സഹസ്ഥാപകൻ സൗമ്യ സിങ് റാത്തോഡ് പറഞ്ഞു. കുറച്ച് സമയം കളയാനും ജോലിയുടെ മടുപ്പ് ഒഴിവാക്കാനുമുള്ള ഒരു മികച്ച മാർഗമാണ് മൊബൈൽ ഗെയിമുകൾ. കഴിഞ്ഞ കുറച്ച് ആഴ്ചകളായി ഹിറ്റ്വിക്കറ്റിന്റെ ഉപയോക്താക്കളുടെ എണ്ണം 10 മുതൽ 15 ശതമാനം വർധിച്ചിട്ടുണ്ട്.

ഫാഷൻ ഭ്രമം കുറഞ്ഞു; കച്ചവടം പൂട്ടുന്നു

ന്യൂഡൽഹി: കൊറോണ വൈറസ് ബാധയെത്തുടർന്ന് വ്യാപാരം ഓൺലൈനിലേക്ക് നീങ്ങിയെങ്കിലും ഫാഷൻ ഉത്പന്നങ്ങൾക്ക് കച്ചവടം തീർത്തും കുറവ്. നിരവധി സംസ്ഥാനങ്ങളിലെ മാളുകൾ അടച്ചതുമൂലം ഇതിനകം തന്നെ ഓഫ്ലൈൻ വിൽപ്പനയിൽ ഗണ്യമായ ഇടിവ് നേരിടുന്ന ഫാഷൻ, ജീവിതശൈലി ബ്രാൻഡുകൾക്ക് ഇ-കൊമേഴ്സ് വ്യാപാരത്തിലൂടെയും ഉപഭോക്താക്കളെ കണ്ടെത്താനാകുന്നില്ല.

കൊറോണ വൈറസ് വ്യാപിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾക്കിടയിൽ ഭക്ഷ്യവസ്തുക്കൾ, വ്യക്തിഗത പരിചരണ വസ്തുക്കൾ എന്നിവയുടെ ഇ-കൊമേഴ്സ് വിൽപ്പന ഉയർന്നിരുന്നു. രണ്ടാഴ്ചയായി ഫാഷൻ, ജീവിതശൈലി ഉത്പന്നങ്ങൾ ജീൻസ് മുതൽ ഷൂസ് വരെയുള്ള ഫാഷൻ ബ്രാൻഡുകൾ എന്നിവ ഓൺലൈൻ വിൽപ്പനയിൽ 25 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്. നഗരങ്ങളിലെ മാളുകൾ അടച്ചതിനാൽ ഫാഷൻ റീട്ടെയ്ലർമാരുടെ വിൽപ്പനയിൽ 60 ശതമാനം വരെ ഇടിവ് രേഖപ്പെടുത്തി. മൊത്തം വിൽപ്പനയുടെ 18 ശതമാനവും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ നിന്നാണ് നേടുന്നത്. ജീവിതത്തിന്റെ അടിയന്തരവും പ്രധാനപ്പെട്ടതുമായ ആവശ്യങ്ങൾക്കായി മാത്രം ബാക്കി ലാഭിക്കുകയും ചെയ്യുക എന്നതാണ് ഉപഭോക്തൃ മുൻഗണന എന്നതിനാൽ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളായേക്കാം എന്നതാണ് വിലയിരുത്തൽ.

ഇ-കൊമേഴ്സ് വിപണന കേന്ദ്രങ്ങളായ ആമസോൺ, ഫ്ലിപ്കാർട്ട്, സ്വന്തം സൈറ്റുകളിലൂടെ വിൽക്കുന്ന നിരവധി ബ്രാൻഡുകളുടെ വിൽപ്പന എന്നിവ ഫെബ്രുവരിയുമായി താരതമ്യപ്പെടുത്തുമ്പോൾ മാർച്ചിൽ 30 ശതമാനം ഇടിവ് വന്നിട്ടുണ്ട്. ഇതേരീതിയിൽ നീങ്ങിയാൽ വൻ വിലയിടിനും ഇത് ഇടയാക്കും.

ഫ്ളിപ്പ്കാർട്ടിന്റെ ബിഗ് ഷോപ്പിങ് ഡെയ്സ്

മുംബൈ: കൊറോണ കാലത്തെ ഓൺലൈൻ വ്യാപാരകുതിപ്പിൽ നിന്ന് നേട്ടം കൊയ്യാൻ ഫ്ളിപ്പ്കാർട്ടിന്റെ ബിഗ് ഷോപ്പിങ് ഡെയ്സ് തിരിച്ചെത്തി. ഉത്പന്നങ്ങളുടെ ഒരു വലിയ നിരയിലായി നൂറുകണക്കിന് ഡീലുകളും ഓഫറുകളുമാണുള്ളത്. ടിവി, ലാപ്ടോപ്പ്, സ്പീക്കറുകൾ, ഹെഡ്ഫോണുകൾ എന്നിവയ്ക്ക് മികച്ച കിഴിവുകളാണ് വാഗ്ദാനം ചെയുന്നത്. ഫ്ളിപ്പ്കാർട്ടിന്റെ ബിഗ് ഷോപ്പിങ് ഡെയ്സ് വിൽപ്പന മാർച്ച് 22 വരെ തുടരും.

നിലവിൽ മൊബൈൽ ഫോണുകൾക്ക് വലിയ ഓഫറുകളാണുള്ളത്. 89,900 രൂപ വിലയുള്ള ആപ്പിൾ ഐഫോൺ എക്സ്എസ് 52,999 രൂപയായി കുറഞ്ഞിട്ടുണ്ട്. ബ്ലാക്ക് ഷാർക്ക് 2 മോഡലിനും 59,999 രൂപയിൽ നിന്നും 29,999 രൂപയായി കുറഞ്ഞിട്ടുണ്ട്. ഫോണുകൾക്ക് പുറമേ, ജെബിഎൽ ഫ്ളിപ്പ് 3 സ്പീക്കറിന് 9,9990 രൂപയിൽ നിന്നും 5,699 രൂപയായി. ആംബ്രയ്ൻ ബാസ് ഇയർഫോണിന് 2,499ൽ നിന്നും 1,499 ആയിട്ടുണ്ട്. സാംസങ് ടിവിയ്ക്കും വമ്പിച്ച വിലക്കുറവാണുള്ളത്. 1,33,900 രൂപയുള്ള സ്മാർട്ട് ടിവിയ്ക്ക് 79,999 രൂപ മാത്രമാണുള്ളത്. ഓഫറുകളുടെ വൻ ആകർഷകത ധാരാളം ഉപഭോക്താക്കളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് എത്തിച്ചിട്ടുണ്ട്.

നേട്ടം കൊയ്ത് ടാറ്റ പവർ സോളാർ

ന്യൂഡൽഹി: ടാറ്റ പവർ സോളാർ ബിസിനസിൽ വൻ നേട്ടം കൊയ്യുന്നു. മികച്ച മുന്നേറ്റത്തെ തുടർന്ന് രാജ്യത്തെ 90 നഗരങ്ങളിലും തങ്ങളുടെ സോളാർ പ്രവർത്തനം വികസിപ്പിച്ചിരിക്കുകയാണ് കമ്പനി. സോളാർ റൂഫ് ടോപ്സ് പദ്ധതിയിലൂടെ സോളാർ ബിസിനസിൽ കമ്പനിക്ക് വൻ നേട്ടം കൊയ്യാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.

വാണിജ്യ, വ്യാവസായിക, പാർപ്പിടം, പൊതുമേഖല എന്നിവയുൾപ്പെടെ എല്ലാ പ്രധാന വിഭാഗങ്ങളിലുമുള്ള ഉപഭോക്താക്കളുടെ പിന്തുണയാണ് കമ്പനി തേടുന്നത്. രാജ്യത്തെ 13 സംസ്ഥാനങ്ങളിൽ 2017 വരെ ടാറ്റ പവർ 2.76 ജിഗാവാട്ടിൽ (ജിഡബ്ല്യു) സോളാർ വൈദ്യുതി ഉത്പാദിപ്പിച്ചുവെന്നാണ് റിപ്പോർട്ട്. കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും ടാറ്റ പവർ 2.6 മെഗാവാട്ട് സോളാർ ഉത്പാദിപ്പിക്കുന്ന സോളാർ റൂഫ്ടോപ്പ് പ്ലാന്റ് നിർമിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ കരുത്തിൽ ഓഹരി കുതിച്ചു

മുംബൈ: കൊറോണ വൈറസിനെ പ്രതിരോധിക്കാൻ കേന്ദ്രസർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന വാർത്തകൾ പുറത്തുവന്നതോടെ ഓഹരി വിപണി നാലുദിവസത്തെ കനത്ത തകർച്ചയ്ക്കുശേഷം നേട്ടത്തോടെ ക്ലോസ് ചെയ്തു. ഈ ആഴ്ച്ചത്തെ ഏറ്റവും അവസാനത്തെ വ്യാപാര ദിനമായ ഇന്നലെ ഓഹരി വിപണി റെക്കോഡ് നേട്ടത്തിലേക്കാണ് എത്തിയത്.

മാർച്ച് 22 ഞായറാഴ്ച രാവിലെ ഏഴ് മണിക്കും രാത്രി 9 മണിക്കും ഇടയിൽ എല്ലാ പൗരന്മാരും സ്വയം ജനതാ കർഫ്യൂ പാലിക്കണമെന്നും, ഈ സമയത്ത് ആരും പുറത്തിറങ്ങരുതെന്നും റോഡിലിറങ്ങരുതെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തതും ഓഹരി വിപണി ഇന്ന് നേട്ടത്തിലേക്കെത്തുന്നതിന് കാരണമായിട്ടാണ് വിലയിരുത്തിയിരിക്കുന്നത്.

സെൻസെക്സ് 1627.73 പോയിന്റ് നേട്ടത്തിൽ 29915.96ലും നിഫ്റ്റി 482 പോയിന്റ് ഉയർന്ന് 8745.45ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. ബിഎസ്ഇയിലെ 1430 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 991 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 142 ഓഹരികൾക്ക് മാറ്റമില്ല. നിക്ഷേപകർ ഓഹരികൾ വാങ്ങാൻ താത്പര്യം പ്രകടിപ്പിച്ചതാണ് സൂചികകൾക്ക് കരുത്തുപകർന്നത്.

ഐടി, എഫ്എംസിജി ഓഹരികൾ എട്ടുശതമാനത്തിലേറെ നേട്ടമുണ്ടാക്കി. ഊർജം, അടിസ്ഥാന സൗകര്യവികസനം, ലോഹം, വാഹനം, ഫാർമ തുടങ്ങിയ വിഭാഗങ്ങളിലെ സൂചികകൾ നേട്ടത്തിലായിരുന്നു. ബിഎസ്ഇ മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികൾ നാല് ശതമാനത്തോളം നേട്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്.

ഭാരതി ഇൻഫ്രാടെൽ (19.43%), ഒഎൻജിസി (18.51%), ഗെയ്ല് (16.43%), ഉൾട്രാടെക് സിമന്റ് (12.88%), എച്ച്യുഎൽ (11.61%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് ഇന്ന് നേട്ടം രേഖപ്പെടുത്തിയത്.

അതേസമയം വ്യാപാരത്തിൽ രൂപപ്പെട്ട സമ്മർദം മൂലം വിവിധ കമ്പനികളുടെ ഓഹരികൾ ഇന്ന് നഷ്ടവും രേഖപ്പെടുത്തി. യെസ് ബാങ്ക് (14.86%), എച്ച്ഡിഎഫ്സി (1.42%), ഇൻഡസ്ഇൻഡ് ബാങ്ക് (0.83%), അദാനിപോർട്സ് (0.75%), ആക്സിസ് ബാങ്ക് (0.02%) എന്നീ കമ്പനികളുടെ ഓഹരികളിലാണ് ഇന്ന് നഷ്ടം രേഖപ്പെടുത്തിയത്.

ഒരു ദിനം ഒരുലക്ഷം ബോട്ടിൽ സാനിറ്റൈസർ

കൊച്ചി: കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെഎസ്ഡിപി) ഒറ്റ ദിവസം കൊണ്ട് ഒരുലക്ഷം ബോട്ടിൽ ഹാൻഡ് സാനിറ്റൈസർ നിർമിച്ചു. കൊറോണ രോഗം വ്യാപിക്കുകയും സാനിറ്റൈസറിന് ആവശ്യക്കാർ ഏറുകയും ചെയ്ത സാഹചര്യത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ നിർമാണം പല മടങ്ങായി വർധിപ്പിച്ചത്. ഇതോടെ വിതരണം വിപുലമാക്കാൻ സാധിച്ചു.

കൊറോണ പടർന്ന സാഹചര്യത്തിൽ പ്രതിരോധം ശക്തമാക്കാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട പ്രകാരമാണ് കെഎസ്ഡിപി ഹാൻഡ് സാനിറ്റൈസർ നിർമാണം തുടങ്ങിയത്. തുടക്കത്തിൽ 2000 ബോട്ടിൽ മാത്രമാണ് തയാറാക്കിയത്. കെഎസ്ഡിപി തയാറാക്കിയ സാനിറ്റൈസർ തുടക്കത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (കെഎംഎസ്സിഎൽ) മാത്രമായിരുന്നു നൽകിയത്. സർക്കാർ മെഡിക്കൽ കോളെജുകളിലും മറ്റു സർക്കാർ ആശുപത്രികളിലും സൗജന്യമായി വിതരണം ചെയ്യാനായിരുന്നു ഇതുപയോഗിച്ചത്. ഉത്പാദനം വർധിപ്പിച്ച സാഹചര്യത്തിൽ വെള്ളിയാഴ്ച തദ്ദേശ സ്ഥാപനങ്ങൾ, കെഎസ്ഇബി, കെഎസ്ആർടിസി, വനിതാ ശിശുക്ഷേമ വകുപ്പ്, സപ്ലൈകോ തുടങ്ങിയവർക്കും സാനിറ്റൈസർ നൽകി.

കെഎസ്ഡിപിയിൽ മൂന്ന് ഷിഫ്റ്റുകളിലായി ഇരുനൂറിലധികം പേർ ജോലി ചെയ്താണ് ഒരു ലക്ഷം സാനിറ്റൈസർ നിർമിച്ചത്. മറ്റു മരുന്ന് നിർമാണങ്ങൾ താത്കാലികമായി നിർത്തിവെച്ച് മുഴുവൻ ജീവനക്കാരെയും സാനിറ്റൈസർ നിർമാണത്തിന് നിയോഗിച്ചിരിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം നിർമാണം മുടങ്ങുന്ന സ്ഥിതിയുണ്ടായിരുന്നു. അസംസ്കൃത വസ്തുക്കൾ നൽകിയ സ്വകാര്യ കമ്പനികൾ വില വൻതോതിൽ വർധിപ്പിച്ചതാണ് തിരിച്ചടിയായത്. ഈ സാഹചര്യത്തിൽ എക്സൈസ് വകുപ്പിൽ നിന്ന് ആവശ്യമായ അസംസ്കൃത വസ്തു ലഭ്യമാക്കി.

വളർച്ചാ നിരക്ക് വെട്ടിക്കുറച്ച് ഫിച്ച്



ന്യൂഡൽഹി: റേറ്റിങ് ഏജൻസിയായ ഫിച്ച് ഇന്ത്യയുടെ വളർച്ചാനിരക്ക് വീണ്ടും വെട്ടിക്കുറച്ചു. 2020-2021 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ചാ നിരക്ക് 5.1 ശതമാനമായിരിക്കുമെന്നാണ് ഏറ്റവും പുതിയ വിലയിരുത്തൽ. കൊറോണ വൈറസ് മൂലം ഇന്ത്യയുടെ കയറ്റുമതി മേഖല തകരാറിലായതാണ് ഫിച്ച് ഇന്ത്യയുടെ വളർച്ചാ നിരക്ക് 2020-2021 സാമ്പത്തിക വർഷത്തിൽ വെട്ടിക്കുറയ്ക്കാൻ കാരണമായത്.

ഫിച്ച് ഡിസംബറിൽ ഇന്ത്യയുടെ 2020-2021 സാമ്പത്തിക വർഷത്തിലെ വളർച്ച പ്രഖ്യാപിച്ചത് 5.6 ശതമാനം ആയിരുന്നു. ആഗോളതലത്തിലെ സപ്ലൈ ചെയിനുകളെല്ലാം നിശ്ചലമായിരിക്കുന്നുവെന്നാണ് ഫിച്ച് അഭിപ്രായപ്പെടുന്നത്. അതേസമയം നടപ്പുവർഷത്തെ ഇന്ത്യയുടെ വളർച്ചാ നിരക്ക് അഞ്ച് ശതമാനമാണ് ഫിച്ച് കണക്കാക്കുന്നത്. 2021-2022 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ചാ നിരക്ക് 6.4 ശതമാനമാകുമെന്ന പ്രതീക്ഷയും ഫിച്ച് നൽകുന്നു. കൊവിഡ്-19 മൂലം രാജ്യത്തെ ബിസിനസ് പ്രവർത്തനങ്ങളെല്ലാം നിശ്ചലമായ അവസ്ഥയിലാണുള്ളത്. വരുമാനത്തിന്റെ മുഖ്യ കേന്ദ്രങ്ങളായ തിയറ്ററുകളും, മറ്റ് വ്യാപാര കേന്ദ്രങ്ങളും അടച്ചിട്ടതോടെ സ്ഥിതിഗതികൾ വഷളായെന്നാണ് വിലയിരുത്തൽ. മാത്രമല്ല, ടൂറിസം, വിനോദം തുടങ്ങിയ വ്യാപാര മേഖലകളെല്ലാം മന്ദഗതിയിലേക്ക് നീങ്ങുകയും ചെയ്തു.

കൂടുതൽ ഓഫറുമായി ജിയോ

കൊച്ചി: തെരഞ്ഞെടുത്ത പ്ലാനുകളിൽ ഇരട്ടി ഡാറ്റയും മറ്റ് നെറ്റ്‌വർക്കുകളിലേക്ക് കൂടുതൽ സംസാരസമയവും ജിയോ അനുവദിച്ചു. രൂപയുടെയും 21 രൂപയുടെയും 51 രൂപയുടെയും 101 രൂപയുടെയും 4ജി ഡാറ്റ പ്ലാനുകളിലാണ് ഇരട്ടി ഡാറ്റ അനുവദിച്ചിട്ടുള്ളത്. ഈ പ്ലാനുകളിൽ യഥാക്രമം 800 എംബി, 2 ജി ബി, 6 ജി ബി, 12 ജി ബി എന്നിങ്ങനെയാണ് ഡാറ്റ ലഭിക്കുക.

മറ്റ് നെറ്റ്‌വർക്കുകളിലേക്ക് വിളിക്കുന്നതിന് 75, 200, 500, 1000 മിനുട്ടുകളാണ് യഥാക്രമം ലഭിക്കുക. അതായത് 11 രൂപയുടെ ഡാറ്റാ വൗച്ചർ പ്ലാനിൽ 800 എംബി 4ജി ഡാറ്റയും 75 മിനിറ്റ് മറ്റ് നെറ്റ്‌വർക്കുകളിലേക്ക് സംസാര സമയവും ലഭിക്കും. നിലവിലുള്ള പ്ലാനിന്റെ കാലാവധിയാകും ഉണ്ടാകുക. രൂപ ചാർജ് ചെയ്താൽ 2 ജി ബി ഡാറ്റയാണ് ലഭിക്കുക. നേരത്തെ ഇത് ഒരു ജി ബി ആയിരുന്നു. 200 മിനിറ്റ് മറ്റ് നെറ്റ്‌വർക്കുകളിലേക്ക് സംസാര സമയവും ലഭിക്കും.

രൂപയുടെ പ്ലാൻ പ്രകാരം നേരത്തെ ലഭിച്ചിരുന്ന 3 ജി ബിക്കുപകരം 6 ജി ബി ഡാറ്റ ലഭിക്കും. 500 മിനിറ്റാണ് സംസാര സമയം. രൂപ ചാർജ് ചെയ്താൽ നേരത്തെയുള്ള 6 ജി ബിക്കു പകരം 12 ജി ബി ഡാറ്റ ലഭിക്കും. 1000 മിനിറ്റ് സംസാരസമയവും ഉണ്ടാകും. വീട്ടിലിരുന്ന് ജോലി ചെയ്യാൻ കൂടുതൽ പേർ തയാറാകുന്നതിന്റെ ഭാഗമായാണ് കൂടുതൽ ഡാറ്റ നൽകാൻ ജിയോ തീരുമാനിച്ചത്.

സ്വർണം 30,200

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	30,000		
പുതിയ കുരുമുളക്	29,000	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	32,000	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1100- 1500
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,400-12,200
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3600	റബർആർ എസ് എസ് 4 ഗ്രേഡ്	12,650
മുളക്	15,000-27,000	ഒട്ടുപാൽ	7800
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,800
ചെറുപയർ	9500-10,500	സ്വർണം	30,200
കടല	5100-6300	പാം ഓയിൽ	7450

റെഡ്മി നോട്ട് 9 പ്രോ, റെഡ്മി നോട്ട് 9 പ്രോ മാക്സ് വിപണിയിൽ

കൊച്ചി: ഇന്ത്യയിലെ തഒന്നാം നമ്പർ സ്മാർട്ട്ഫോണും സ്മാർട്ട് ടിവി ബ്രാൻഡുമായ ഷവോമി തങ്ങളുടെ റെഡ്മി നോട്ട് സീരീസ് സ്മാർട്ട്-ഫോണുകളുടെ ഒമ്പതാം തലമുറയെ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചു. റെഡ്മി നോട്ട് 9 പ്രോ സീരീസ് ഐഎസ്ആർഒയുടെ തദ്ദേശീയമായി വികസിപ്പിച്ച നാവിഗേഷൻ സിസ്റ്റമായ നാവിക്ക് സപ്പോർട്ട് ചെയ്യുന്നവയാണ്.

റെഡ്മി നോട്ട് സീരീസ് ഏറ്റവും നവീന ആശയങ്ങൾ ആദ്യമായി വിപണികളിൽ എത്തിക്കുന്നവരാണെന്ന് ഷവോമി ഇന്ത്യ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അനുജ് ശർമ പറഞ്ഞു. 2019 ൽ റെഡ്മി നോട്ട് 8 പ്രോ ഇന്ത്യയുടെ ഒന്നാം നമ്പർ ക്വാഡ് ക്യാമറ സ്മാർട്ട്-ഫോണായും റെഡ്മി നോട്ട് 8 ആഗോളതലത്തിൽ ഒന്നാം നമ്പർ ആൻഡ്രോയിഡ് സ്മാർട്ട്ഫോണായും മാറി എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഓറ ഡിസൈൻ സഹിതമാണ് ഫോൺ വിപണിയിലെത്തിയിരിക്കുന്നത്. 20:9 സിനിമാറ്റിക് സ്-ക്രീനോടുകൂടിയ 16.9സെന്റീമീറ്റർ (6.67) എഫ്എച്ച്ഡി + ഡോട്ട് ഡിസ്പ്ലേ ഒരു മികച്ച അനുഭവം നൽകുന്നു. റെഡ്മിയുടെ സ്മാർട്ട്ഫോണിലെ എക്കാലത്തെയും വലിയ ഡിസ്പ്ലേയാണ് ഫോണിലുള്ളത്.

സ്ലിം പ്രൊഫൈൽ നിലനിർത്തിക്കൊണ്ടുതന്നെ റെഡ്മി നോട്ട് 9 പ്രോ മാക്സിൽ 5020 എംഎഎച്ച് ബാറ്ററിയുണ്ട്. റെഡ്മി നോട്ട് 9 പ്രോ മാക്സ് ബോക്സിൽ 33 ഡബ്ല്യൂ ഫാസ്റ്റ് ചാർജറും ഉണ്ട്.

64 എം പി ആണ് ക്യാമറ. ഉയർന്ന നിലവാരമുള്ള ഫോട്ടോഗ്രാഫി, വീഡിയോഗ്രഫി, എഐ ഫേസ് അൺലോക്ക് എന്നിവ പ്രാപ്തമാക്കുന്ന 32 എംപി സെൻസറാണ് മുൻവശത്ത് ഉള്ളത്.

റെഡ്മി നോട്ട് 9 പ്രോ മാക്സ് മൂന്ന് കളർ വേരിയന്റുകളിൽ ലഭ്യമാണ്, ഇന്റർസ്റ്റെല്ലാർ ബ്ലാക്ക്, അറോറ ബ്ലൂ, ഗ്ലേസിയർ വൈറ്റ് എന്നീ നിറങ്ങളിൽ ഫോൺ ലഭിക്കും. 14,999 രൂപ മുതൽ 18,999 രൂപ വരെയാണ് വില. ആമസോൺ ഇന്ത്യ, മി ഹോംസ്, മി സ്റ്റുഡിയോ എന്നിവ വഴി മാർച്ച് 25 മുതൽ വിൽപ്പന ആരംഭിക്കും.

ഉറങ്ങാതെ, കുളിക്കാതെ പ്രതികളുടെ അവസാന രാത്രി

ന്യൂഡൽഹി: തൂക്കുകയർ ഒരിക്കൽക്കൂടി ഒഴിവാകുമെന്ന പ്രതീക്ഷയിലായിരുന്നു അവസാന നിമിഷം വരെ നിർഭയ കേസ് പ്രതികൾ. ഒടുവിൽ വഴികളെല്ലാമടഞ്ഞെന്നുറപ്പായപ്പോൾ അവരാ മാനസികാസ്വാസ്ഥ്യത്തിന്റെ സൂചനകൾ കാണിച്ചു. പുലർച്ചെ ജയിലധികൃതർ നൽകിയ ഭക്ഷണം കഴിക്കാനോ കുളിക്കാനോ തയാറായില്ല. നാലു പേരോടും വ്യാഴാഴ്ച രാത്രി നേരത്തേ ഉറങ്ങാൻ നിർദേശിച്ചെങ്കിലും ആരും ഉറങ്ങിയില്ല. പ്രതികളായ മുകേഷ് സിങ്,വിനയ് ശർമ എന്നിവർ അത്താഴം കൃത്യസമയത്ത് തന്നെ കഴിച്ചിരുന്നതായി തിഹാർ ജയിലുമായി ബന്ധപ്പെട്ട വൃത്തങ്ങൾ പറഞ്ഞു. റൊട്ടി,ദാൽ, ചോറ്, സബ്ജി എന്നിവയടങ്ങുന്നതായിരുന്നു അത്താഴം. എന്നാൽ അക്ഷയ് സിങ്, പവൻ ഗുപ്ത എന്നിവർ അത്താഴം കഴിച്ചില്ല. വ്യാഴാഴ്ച വൈകിട്ട് ഒരു ചായ മാത്രമാണ് അക്ഷയ് കഴിച്ചത്. തലേ ദിവസം രാത്രി ധരിച്ച വസ്ത്രങ്ങൾ തന്നെയാണ് തൂക്കിലേറ്റുന്ന സമയത്തും പ്രതികൾ ധരിച്ചിരുന്നത്.

പ്രതികളുടെ അവസാന രാത്രിയെക്കുറിച്ച് ജയിലധികൃതർ നൽകുന്ന വിവരങ്ങൾ ഇങ്ങനെ.

രാത്രി 12: തൂക്കിലേറ്റപ്പെടുന്ന നാലു പ്രതികളെയും കാണാൻ ആരാച്ചാർ പവൻ ജല്ലാദിനെ ജയിൽ അധികൃതർ അനുവദിക്കുന്നു. നാലു പേരുടെയും സെല്ലുകൾക്കു മുന്നിലേക്ക് ജയിൽ ജീവനക്കാർക്കൊപ്പം ജല്ലാദ് പോകുന്നു.

പുലർച്ചെ ഒരു മണി: മുകേഷിനെ കാണണമെന്ന് അക്ഷയ് ആവശ്യപ്പെടുന്നു. പറ്റില്ലെന്നു ഹെഡ് വാർഡൻ. വാർഡനൊപ്പം ജല്ലാദിനെ കണ്ട അക്ഷയ് ഇതാരാണെന്നു ചോദിക്കുന്നു. പുതിയ ജീവനക്കാരനെന്നു മറുപടി.

3.30: ശിക്ഷയുമായി മുന്നോട്ടുപോകാൻ സുപ്രീം കോടതി ഉത്തരവ്. തിഹാർ ജയിലിന്റെ നിയന്ത്രണം അർധസൈനികർക്ക്. മുഴുവൻ സെല്ലുകളുടെയും മുന്നിൽ ജവാന്മാർ നിരന്നു.

4.00: നാലു പേരോടും കുളിച്ചു തയാറായിരിക്കാൻ അസിസ്റ്റന്റ് ജയിലറുടെ നിർദേശം. വിനയ് കുളിക്കില്ലെന്ന് അറിയിച്ചു. മറ്റുള്ളവർ മൗനം.

4.15: ഏതെങ്കിലും മതഗ്രന്ഥം ആവശ്യമുണ്ടോ എന്ന് അധികൃതർ പ്രതികളോട്. വേണ്ടെന്ന് മറുപടി. നാലു പേർക്കും പ്രാതലും ചായയും നൽകി. ആരും കഴിച്ചില്ല.

4.30: തൂക്കുമരം സ്ഥിതിചെയ്യുന്നിടത്തേക്കു കൊണ്ടുപോകാൻ തയാറെടുപ്പ്. നാലു പേരെയും ഡോക്റ്റർ പരിശോധിച്ചു. പൂർണ ആരോഗ്യവാന്മാരെന്ന് സർട്ടിഫിക്കേറ്റ്. ശിക്ഷ നിർത്തിവച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവുണ്ടോ എന്ന് അവസാനമായി ജയിൽ അധികൃതരുടെ പരിശോധന. ഇല്ലെന്ന് ഉറപ്പാക്കുന്നു.

5.20: നാലു പേരുടെയും മുഖം പരുത്തി തുണികൊണ്ടു മൂടി. കൈകൾ പിന്നിൽക്കെട്ടി. കഴുമുറിയിലേക്ക് കൊണ്ടുപോകുന്നു. മറ്റു തടവുകാരെല്ലാം സെല്ലുകളിൽ തന്നെയെന്ന് ഉറപ്പാക്കിയശേഷമായിരുന്നു നടപടി. ജില്ലാ മജിസ്ട്രേറ്റ്, മെഡിക്കൽ എക്സാമിനർ, ജയിൽ സൂപ്രണ്ട്, 10 ജയിൽ ഉദ്യോഗസ്ഥർ എന്നിവർ കഴുമുറിയിലെത്തി.

5.25: നാലു പേരുടെയും മുഖത്ത് കറുത്ത തുണികൊണ്ടുള്ള മൂടി ധരിപ്പിച്ചു. അന്ത്യാഭിലാഷമെന്തെന്ന് അധികൃതർ. ഒന്നുമില്ലെന്നു നാലു പേരുടെയും മറുപടി. നാലു പേരും കഴുമരത്തിനു ചുവട്ടിൽ. ആരാച്ചാർ പവൻ ജല്ലാദ് നാലു പേരുടെയും കാലുകൾ കൂട്ടിക്കെട്ടി. കയർ കുരുക്ക് കഴുത്തിൽ മുറുക്കി.

5.30: സമയമായെന്നു സൂപ്രണ്ട്. പവൻ ജല്ലാദ് ലിവർ വലിച്ചു. ശിക്ഷ നടപ്പാക്കി.

6.00: ഡോക്റ്റർ പരിശോധിച്ചു മരണം ഉറപ്പാക്കുന്നു.

6.10: ജയിൽ അധികൃതർ ശിക്ഷ നടപ്പാക്കിയെന്ന് അറിയിക്കുന്നു. രാജ്യമാകെ ആഹ്ലാദം. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനു കൊണ്ടു പോകുന്നു. ജയിലിനു പുറത്ത് മധുരപലഹാര വിതരണം.

തടവിലും മോശം ട്രാക്ക് റെക്കോഡ്

ഏഴു വർഷത്തെ തടവിലും മെച്ചപ്പെട്ടതായിരുന്നില്ല പ്രതികളുടെ ട്രാക്ക് റെക്കോഡെന്ന് പിന്നീടു ജയിൽ അധികൃതർ പറഞ്ഞു. വിനയ് ശർമ പതിനൊന്നു തവണ ജയിലിൽ ചട്ടം ലംഘിച്ചതിനു ശിക്ഷിക്കപ്പെട്ടു. പവൻ എട്ടു തവണയും മുകേഷ് മൂന്നു തവണയും അക്ഷയ് ഒരു തവണയും ശിക്ഷ ഏറ്റുവാങ്ങി.

ഏഴു വർഷത്തെ ശിക്ഷാ കാലത്ത് വിവിധ ജോലികൾ ചെയ്തതിന് 39,000 രൂപ കൂലി ലഭിച്ചിരുന്നു വിനയ് ശർമയ്ക്ക്. പവന് 29,000 രൂപ കിട്ടിയിരുന്നു. അക്ഷയ്‌യുടേതായി 69,000 രൂപയുണ്ട്. മുകേഷ് ജോലി ചെയ്യാൻ വിസമ്മതിച്ചിരുന്നു. ഇവരുടെ പ്രതിഫലം കുടുംബാംഗങ്ങൾക്ക് അയച്ചു കൊടുക്കും. പ്രതികളുടെ സാധനങ്ങളും കുടുംബത്തിന് അയച്ചുകൊടുക്കും.

മുകേഷ് തന്റെ അവയവങ്ങൾ ദാനം ചെയ്യാൻ ആഗ്രഹിച്ചിരുന്നു. വിനയ് ജയിലിൽ വച്ച് താൻ വരച്ച ചിത്രങ്ങൾ ജയിലിൽ തന്നെ സൂക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. കൈയിലുണ്ടായിരുന്ന ഹനുമാൻ ചാലിസയും ബാബാജിയുടെ ചിത്രവും കുടുംബാംഗങ്ങൾക്കു നൽകണമെന്നും ഇയാൾ ആവശ്യപ്പെട്ടു. മറ്റ് രണ്ട് പേർ അന്ത്യാഭിലാഷമായി ഒന്നും ആവശ്യപ്പെട്ടുമില്ല. തന്റെ എട്ടു വയസുള്ള മകനെ കാണണമെന്ന് അക്ഷയ് ഒരിക്കൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഇതു കുട്ടിയുടെ മനോനിലയെ ബാധിക്കുമെന്നു ചൂണ്ടിക്കാട്ടി കോടതി അനുമതി നൽകിയില്ല.

നിർഭയയുടെ അമ്മ ആശാ ദേവി വധശിക്ഷ നടപ്പാക്കിയതറിഞ്ഞപ്പോൾ

പുലർച്ചെ വരെ നിയമയുദ്ധം; അസാധാരണ സിറ്റിങ്ങുമായി സുപ്രീം കോടതി

ന്യൂഡൽഹി: മൂന്നു പേരുടെ വധശിക്ഷയും തിരുത്തൽ ഹർജികളും സുപ്രീം കോടതി തള്ളിയ 2018 ജൂലൈക്കു ശേഷം അനങ്ങാതിരുന്ന നിർഭയ കേസ് പ്രതികൾ അവസാന രണ്ടര മാസത്തോളം നടത്തിയത് അത്യപൂർവമായ നിയമയുദ്ധം. ജനുവരി ഏഴിന് മരണവോറന്റ് പുറപ്പെടുവിച്ചതോടെയായിരുന്നു നിയമത്തിന്റെ പഴുതുകൾ തേടി പ്രതികൾ നെട്ടോട്ടം തുടങ്ങിയത്. 20ന് വധശിക്ഷ നിശ്ചയിച്ചതോടെ ഹർജികളുടെ ഒഴുക്കായിരുന്നു കോടതികളിലേക്ക്.

ജയിലിലെ നല്ല പെരുമാറ്റവും പ്രായമായ മാതാപിതാക്കളുണ്ടെന്നതും പരിഗണിച്ച് ഇളവു വേണമെന്ന് ആവശ്യപ്പെട്ട് മുകേഷും വിനയ്‌യും ജനുവരി ഒമ്പതിന് കോടതിയെ സമീപിച്ചു. എന്നാൽ, ഇതു നിരസിക്കപ്പെട്ടു.

17ന് മുകേഷ് രാഷ്ട്രപതിക്കു ദയാഹർജി നൽകി. ഇതു തള്ളപ്പെട്ടു. ദയാഹർജി തള്ളിയാൽ 14 ദിവസത്തിനു ശേഷമേ ശിക്ഷ നടപ്പാക്കാവൂ എന്ന ചട്ടം തുണച്ചപ്പോൾ വധശിക്ഷ ഫെബ്രുവരി ഒന്നിലേക്കു മാറ്റി. ജനുവരി 25ന് ദയാഹർജി തള്ളിയതിനെതിരേ മുകേഷ് സുപ്രീം കോടതിയെ സമീപിച്ചു. പിറ്റേന്ന് അക്ഷയ തിരുത്തൽ ഹർജിയുമായെത്തി. 27ന് അതും തള്ളി. അതോടെ താൻ മൈനറാണെന്ന വാദം തള്ളിയ സുപ്രീം കോടതി വിധിയിൽ തിരുത്തൽ ആവശ്യപ്പെട്ട് പവൻ ഹർജി നൽകി.

29ന് വിനയ് ദയാഹർജി നൽകി. ഇതോടെ വീണ്ടും ശിക്ഷ മാറ്റി. തന്റെ ദയാഹർജി തള്ളിയതിനെതിരേ വിനയ് ഫെബ്രുവരി 11ന് സുപ്രീം കോടതിയെ സമീപിച്ചു. ഇതും തള്ളി. ഇതിനിടെ മറ്റു നിരവധി വാദങ്ങളുമായി പ്രതികൾ മറ്റു കോടതികളിൽ ദിവസവും പുതിയ ഹർജികൾ നൽകിക്കൊണ്ടിരുന്നു.

ദയാഹർജിയിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിരുന്നില്ലെന്നും ജയിലിലെ പീഡനം നിമിത്തം തനിക്കു മാനസിക നില തെറ്റിയെന്നും വാദിച്ച് വിനയ് പിന്നീടും ഹർജി നൽകി. മെഡിക്കൽ റിപ്പോർട്ടുമായി ഇതിനെ തള്ളി ഫെബ്രുവരി 12ന് കേന്ദ്രം കോടതിയിലത്തി.

തനിക്കു കോടതി നിയോഗിച്ച അമിക്കസ് ക്യൂറി വൃന്ദ ഗ്രോവറിന്റെ സഹായം വേണ്ടെന്നു വാദിച്ച് മുകേഷ് കോടതിയെ സമീപിച്ചു. ഫെബ്രുവരി 17ന് കോടതി പുതിയ മരണ വോറന്റ് പുറപ്പെടുവിച്ചു. ഇത്തവണ മാർച്ച് മൂന്നിനു ശിക്ഷ നടപ്പാക്കാൻ നിർദേശം. എന്നാൽ, 20ന് മാനസികാസ്വാസ്ഥ്യത്തിനു ചികിത്സ തേടി വിനയ് കോടതിയെ സമീപിച്ചു. കൈയിലും തലയിലും പരുക്കുണ്ടെന്നും വാദം. ഇതു സ്വയം ജയിൽ ഭിത്തിയിലിടിച്ചുണ്ടാക്കിയതാണെന്നു ജയിൽ അധികൃതർ അറിയിച്ചതോടെ 22ന് ഹർജി തള്ളി. 28ന് പവൻ തിരുത്തൽ ഹർജി നൽകി. മൂന്നിന് നടക്കുന്ന വിധി സ്റ്റേ ചെയ്യാനാവശ്യപ്പെട്ട് അക്ഷയും കോടതിയെ സമീപിച്ചു. മാർച്ച് രണ്ടിന് പവന്റെ ഹർജി തള്ളി. ഇതോടെ ഇയാൾ ദയാ ഹർജി നൽകി വീണ്ടും വധശിക്ഷ മാറ്റി.

മാർച്ച് അഞ്ചിന് പുതിയ മരണവോറന്റ്. 20ന് പുലർച്ചെ അഞ്ചരയ്ക്കു തൂക്കിലേറ്റാൻ നിർദേശം. അഭിഭാഷകൻ തെറ്റിദ്ധരിപ്പിച്ചെന്നു വാദിച്ച് മുകേഷ് വീണ്ടും കോടതിയിൽ 16ന് അതും തള്ളി. തന്നെ രണ്ടുകൊല്ലം മുൻപ് ജയിലിൽ മർദിച്ച കോൺസ്റ്റബിൾമാർക്കെതിരേ നടപടി ആവശ്യപ്പെട്ടു പവന്റെ ഹർജി. നാലു ദിവസം മുൻപ് വധശിക്ഷയ്ക്കെതിരേ അന്താരാഷ്ട്ര നീതിന്യായ കോടതിയിലും ഹർജി. കുറ്റകൃത്യം നടക്കുമ്പോൾ താൻ ഡൽഹിയിലുണ്ടായിരുന്നില്ലെന്നു വാദിച്ച് മുകേഷ് 17ന് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. ഇതും തള്ളി. താൻ മൈനറാണെന്ന വാദം തള്ളിയതിനെതിരേ ഇതിനിടെ പവൻ തിരുത്തൽ ഹർജി സമർപ്പിച്ചതും നിരസിക്കപ്പെട്ടു. 18ന് പവനും വിനയ്‌യും അക്ഷയും ശിക്ഷ സ്റ്റേ ചെയ്യാൻ ആവശ്യപ്പെട്ടു ഡൽഹി കോടതിയെ സമീപിച്ചു.

അതും തള്ളിയ ശേഷമായിരുന്നു ദയാഹർജി തള്ളിയതിനെതിരേ അർധരാത്രിയും പവന്റെ ഹർജി. പുലർച്ചെ രണ്ടരയ്ക്കു നൽകിയ ഹർജി മൂന്നേകാലിനു സുപ്രീം കോടതി അസാധാരണ സിറ്റിങ്ങിൽ തള്ളിയതോടെ പ്രതികളുടെ വഴികളെല്ലാം അടയുകയായിരുന്നു.

പുലർച്ചെ കോടതി ചേരുന്നതു മൂന്നാം തവണ

സുപ്രീം കോടതി അടുത്തിടെ ഇതു മൂന്നാം തവണയാണ് വധശിക്ഷ നടപ്പാക്കുന്നതു സംബന്ധിച്ച് പുലർച്ചെ ഹർജി പരിഗണിക്കുന്നത്. 2015 ജൂലൈ മുപ്പതിനു തന്റെ ശിക്ഷ നടപ്പാക്കുന്നതിനു മണിക്കൂറുകൾ മുൻപ് മുംബൈ സ്ഫോടനക്കേസ് പ്രതി യാക്കൂബ് മേമൻ കോടതിയെ സമീപിച്ചപ്പോഴായിരുന്നു ഇതിനു മുൻപ് അസാധാരണമായി കോടതി ചേർന്നത്. ദയാഹർജി തള്ളിയശേഷം തനിക്കു 14 ദിവസത്തെ സമയത്തിന് അർഹതയുണ്ടെന്ന് വാദിച്ച് മേമൻ ഹർജി നൽകിയത് രാത്രി 29ന് രാത്രി പതിനൊന്നിന്. പുലർച്ചെ മൂന്നേകാലിനു കോടതി ചേർന്നു ഹർജി തള്ളി. മണിക്കൂറുകൾക്കുള്ളിൽ നാഗ്പുർ ജയിലിൽ ശിക്ഷ നടപ്പാക്കി.

2014ൽ മീററ്റിൽ തൂക്കികൊലയ്ക്ക് മണിക്കൂറുകൾക്ക് മുമ്പാണ് കോടതിയിൽ നിതാരി കൊലപാതക പരമ്പര ക്കേസിലെ പ്രതി സുരീന്ദർ കോലിയുടെ അഭിഭാഷകൻ ഹർജി നൽകിയത്. ഇതു പരിഗണിച്ച കോടതി ഇയാളുടെ ശിക്ഷാ നടപടികൾ മാറ്റിവച്ചു. എന്നാൽ 2019ൽ ഇതേ കേസിൽ പതിനാലു വയസുകാരിയുടെ മരണത്തിൽ സിബിഐ കോടതി വീണ്ടും ഇയാളെ വധശിക്ഷയ്ക്കു വിധിച്ചു.

ദീപാവലിയും ഹോളിയും ആഘോഷിച്ച് നിർഭയയുടെ നാട്

ബല്ലിയ: രാജ്യത്തെ നടുക്കിയ ക്രൂരത ചെയ്ത പ്രതികളെ തൂക്കിലേറ്റിയ വാർത്തയെ നിർഭയയുടെ നാടായ ഉത്തർപ്രദേശിലെ ബല്ലിയ സ്വീകരിച്ചത് ആഘോഷങ്ങളോടെ. ദീപാവലിയും ഹോളിയും ഒരുമിച്ചെത്തിയ സന്തോഷമാണ് തങ്ങൾക്കെന്നു മെദ്വര കലയിലെ വീട്ടിലിരുന്നു നിർഭയയുടെ മുത്തച്ഛൻ ലാൽജി സിങ് പറഞ്ഞു.

ഇതൊരു തുടക്കമാണ്. മാർച്ച് 20 ഇനി നിർഭയ ദിവസമായി ആഘോഷിക്കും. കൊറോണയെക്കാൾ അപകടകാരികളായ വൈറസുകളായിരുന്നു പ്രതികൾ. അവരില്ലാതായിരിക്കുന്നു. അവൾക്കു നേരിട്ട ദുരന്തത്തിനു ശേഷം ഞങ്ങൾ ദീപാവലിയും ഹോളിയുമൊന്നും ആഘോഷിച്ചിരുന്നില്ല. എന്നാൽ, ഇപ്പോൾ രണ്ടും ഒന്നിച്ചെത്തിയതുപോലെയാണ്.

നിർഭയയ്ക്കു നീതി ലഭിച്ചെന്ന് മുദ്രാവാക്യം മുഴക്കി അമ്മാവൻ സുരേഷ് സിങ്ങിന്റെ നേതൃത്വത്തിൽ നാട്ടുകാർ നൃത്തം ചെയ്തു.

തിഹാർ ജയിലിന്റെ ചരിത്രത്തിലാദ്യമായി നാലു പേരുടെ ശിക്ഷ ഒന്നിച്ചു നടപ്പാക്കിയതു സ്ഥിരീകരിച്ചതോടെ ഡൽഹിയിൽ ആഹ്ലാദപ്രകടനവും മധുര പലഹാര വിതരണവും. മകൾക്കു നീതി ലഭിച്ചെന്ന് നിർഭയയുടെ അച്ഛൻ ബദരിനാഥും അമ്മ ആശാ ദേവിയും. നിർഭയ കേസിൽ നീതി നടപ്പായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

പ്രതികളെ തുണയ്ക്കാതെ രവിദാസ് ക്യാംപ്

ന്യൂഡൽഹി: നിർഭയ കേസ് പ്രതികളുടെ വധശിക്ഷ നടപ്പാക്കിയതിൽ കൊറോണ ഭീതിക്കിടയിലും രാജ്യം ആശ്വാസം കൊള്ളുമ്പോൾ നിശബ്ദമാണ് രവിദാസ് ക്യാംപ് കോളനി. കേസിലെ പ്രതികൾ താമസിച്ചിരുന്ന ഡൽഹി ആർകെ പുരത്തെ തീർത്തും പിന്നാക്കമായ ഈ കോളനിയിൽ ഇന്നും അവരുടെ കുടുംബാംഗങ്ങളുണ്ട്. എല്ലാവരും വീടുകളിൽ അടച്ചിരിക്കുന്നു. നാട്ടുകാർക്കും പ്രതികരിക്കാൻ താത്പര്യമില്ല.

എന്നാൽ, പ്രതികൾക്കുള്ള ശിക്ഷ അവർ അർഹിക്കുന്നതു തന്നെയെന്നു പറയുന്നതിൽ അയൽവാസികൾ ഉൾപ്പെടെയുള്ളവർക്കു തെല്ലുമില്ല സംശയം. തങ്ങളുടെ പ്രദേശത്തിന് ഇത്രയും ദുഷ്പേരുണ്ടാക്കിയവരോട് പെൺമക്കളും സഹോദരിമാരുമുള്ള ആർക്കും ക്ഷമിക്കാനാവില്ലെന്നും ഇവർ പറയുന്നു.

ആറു പ്രതികളാണ് കേസിൽ ഉണ്ടായിരുന്നത്. ഇവരുടെ വിശദാംശങ്ങൾ ഇങ്ങനെ:

രാംസിങ്: നിർഭയ ആക്രമിക്കപ്പെടുമ്പോൾ ബസ് ഓടിച്ചിരുന്ന ഡ്രൈവർ. ഇയാളാണ് ആദ്യം പിടിയിലായത്. രാംസിങ്ങിൽ നിന്നാണു മറ്റു പ്രതികളെക്കുറിച്ചു വിവരം ലഭിച്ചത്. 2013 മാർച്ച 10ന് കേസ് വിചാരണ നടക്കുന്നതിനിടെ ഇയാൾ ജയിലിൽ ജീവനൊടുക്കി. ജയിൽ അധികൃതർ കൊലപ്പെടുത്തിയതാണെന്നു ബന്ധുക്കൾ ആരോപിച്ചിരുന്നു.

മുകേഷ് സിങ്: രാംസിങ്ങിന്റെ സഹോദരൻ. ഇന്നലെ തൂക്കിലേറ്റപ്പെട്ടു. രാജസ്ഥാനിലെ കരോളിയിൽ നിന്നാണു പിടിയിലായത്. ഏറ്റവും ദുഷ്കരമായ ദൗത്യമായിരുന്നു പൊലീസ് ഇയാളെ പിടികൂടുക എന്നത്. 2012ലെ ഡിസംബറിൽ കടുത്ത തണുപ്പിൽ കരോളിയിലെ പുഴ നീന്തിക്കടന്ന് ഗ്രാമത്തിലെ കൃഷിയിടത്തിൽ നിന്നാണ് ഇയാളെ പിടിച്ചത്. താനായിരുന്നു വാഹനമോടിച്ചതെന്നും മറ്റുള്ളവരാണ് ബലാത്സംഗം ചെയ്തതെന്നും ഇയാൾ വാദിച്ചിരുന്നു.

പവൻ ഗുപ്ത: പഴക്കച്ചവടക്കാരൻ. മറ്റു പ്രതികളുടെ ഉറ്റ സുഹൃത്ത്. രവിദാസ് ക്യാംപിലെ താമസക്കാരൻ. സംഭവ സമയം ബസിലുണ്ടായിരുന്നുവെന്നതിന് ഇയാളുടെ ഫോൺ തെളിവായി. എന്നാൽ, ഇയാൾ ബസിലുണ്ടായിരുന്നില്ലെന്നാണ് പവന്റെ കുടുംബാംഗങ്ങൾ പറയുന്നത്.

വിനയ് ശർമ: ജിം ട്രെയ്നർ. ജിമ്മിനു പുറത്തു നിന്നു പിടിയിലായി. താൻ ബസിലുണ്ടായിരുന്നില്ലെന്നും ഒരു സംഗീത പരിപാടിയിൽ പങ്കെടുക്കുകയായിരുന്നെന്നുമാണ് ഇയാൾ വാദിച്ചത്. 2016ൽ ജയിലിൽ ആത്മഹത്യക്കു ശ്രമിച്ചു. കഴിഞ്ഞ ഫെബ്രുവരിയിൽ തല ഭിത്തിയിലിടിച്ചു പൊട്ടിക്കാൻ ശ്രമിച്ചു.

അക്ഷയ് സിങ്: രാം സിങ്ങിനൊപ്പം ബസിൽ ക്ലീനറായി ജോലി ചെയ്തു. ബിഹാറിലെ നക്സൽ ശക്തികേന്ദ്രം തണ്ട്വ സ്വദേശി. അറസ്റ്റിലായത് ഇവിടെ നിന്ന്. വിധവയായി ജീവിക്കാൻ താത്പര്യമില്ലെന്നു പറഞ്ഞ് ഇയാളുടെ ഭാര്യയാണ് കഴിഞ്ഞദിവസം വിവാഹമോചന ഹർജി സമർപ്പിച്ചത്.

പ്രായപൂർത്തിയാകാത്ത പ്രതി: സംഭവം നടക്കുമ്പോൾ പതിനേഴു വയസ്. യാത്രക്കാരെ ഒരു പ്രത്യേക ശബ്ദത്തിലാണു ബസിലേക്കു വിളിച്ചുകയറ്റിയിരുന്നത്. അതുതന്നെയാണ് നിർണായക സൂചനയായതും. ആനന്ദ് വിഹാറിൽ നിന്നു പിടിയിലായി. പ്രായപൂർത്തിയാകാത്തതിനാൽ മൂന്നു വർഷം തടവ് പൂർത്തിയായി 2015ൽ ജുവനൈൽ ഹോമിൽ നിന്നു പുറത്തിറങ്ങി.

ഒരു സന്നദ്ധ സംഘടനയുടെ നിയന്ത്രണത്തിലാണ് ഇയാളുടെ ജീവിതമെന്ന് 2017ൽ ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു.